# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 ഓഗസ്റ്റ് - 2018 ലക്കം 8**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ (തടവറ പ്രേഷിതദിനം) .......................... 05
സർക്കുലർ (ജസ്റ്റീസ് സൺഡെ) ............................. 11
പുരോഹിതൻ: വചനശുശ്രൂഷകൻ ........................ 13
ലേഖനം (പ്രാർത്ഥന, ദാരിദ്ര്യം, ക്ഷമ) ........................ 19
രൂപതാകച്ചേരി വാർത്തകൾ ..................................... 22
വൈദികരുടെ മാസധ്യാനം ..................................... 24
ബൈബിൾ അപ്പോസ്റ്റലേറ്റ് ..................................... 26
കുടുംബകൂട്ടായ്മ ....................................................... 27
യുവജനവർഷം ....................................................... 34
മതബോധനരംഗം ....................................................... 36
ചെറുപുഷ്പമിഷൻലീഗ് ............................................. 39
*Department of Youth Ministry* ............................................. 48
കെ.സി.വൈ.എം. ....................................................... 49
കുടുംബപ്രേഷിതത്വം .................................................. 53
പ്രോ-ലൈഫ് .................................................. 57
സീയോൻ വാർത്തകൾ ............................................. 59
ജീസസ് യൂത്ത് ....................................................... 61
കത്തോലിക്കാ കോൺഗ്രസ് ..................................... 66
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 67
സാമൂഹ്യ സേവനരംഗം (WSSS) ..................................... 70
ബയോവിൻ അഗ്രോ റിസർച്ച് ..................................... 76
റേഡിയോ മാറ്റൊലി .................................................. 84
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ........................ 90
*Mary Matha Arts & Science College* .................................... 92
*CEADOM* വിദ്യാഭ്യാസ മേഖല ........................................ 93
ഡി.എഫ്.സി. ....................................................... 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 96
അറിയിപ്പുകൾ ....................................................... 96
ബിഷപ്സ് പ്രോഗ്രാം .................................................. 97

Ref: 3115/K-5/KCBC/OL/DS

# തടവറ പ്രേഷിതദിനം

**2018 ആഗസ്റ്റ് 12, ഞായർ**

**കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

2018 ഓഗസ്റ്റ് മാസം 12-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ ആഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

2018 ജനുവരി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് ഫ്രാൻസിസ് മാർപാപ്പ സാന്തിയാഗോ ദെ ചിലിയിലെ വനിതാ ജയിൽ സന്ദർശിച്ച് നൽകിയ സന്ദേശത്തിൽ അവരോട് ഇപ്രകാരം പറയുകയുണ്ടായി. "നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശകളും സ്വപ്നങ്ങളും നഷ്ടപ്പെടുത്തുക എന്നല്ല അർത്ഥം. സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നും ഇതിനർത്ഥമില്ല. നമ്മുടെ സ്വാതന്ത്ര്യം

നഷ്ടപ്പെടുന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകുന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്കപ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം, സംരക്ഷിക്കപ്പെടണം. അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്ക് ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ പേരിൽ അയാളുടെ അന്തസ്സ് നിഷേധിക്കപ്പെടരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് പുനരുദ്ഗ്രഥന പ്രക്രിയയിലൂടെ, പ്രത്യാശയും സ്വപ്നങ്ങളും നിറഞ്ഞ മനുഷ്യരാക്കി മാറ്റാൻ വേണ്ടുന്ന ഒരുക്കങ്ങൾ നടത്താനുള്ള ബാധ്യതയും കടപ്പാടും സമൂഹത്തിനുണ്ട്. ഭാവി പ്രതീക്ഷകൾ ഇല്ലാത്ത ഒരു ജയിൽ ശിക്ഷ മനുഷ്യത്വമുള്ള ഒരു ശിക്ഷാവിധിയല്ലെന്നും അങ്ങനെയുള്ളത് ഒരു പീഡനമാണെന്നും ഓരോ ശിക്ഷാവിധിയും അവരുടെ പുനരുദ്ഗ്രഥനത്തിനും ഇന്നത്തെ സമൂഹവുമായുള്ള പുനർസംയോജനത്തിനുമുള്ള അവസരങ്ങൾ നല്കുന്നതുമാകണമെന്ന് പരിശുദ്ധ പിതാവ് പറയുന്നത് ചിന്തനീയമാണ്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് യേശു, പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:26) നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യ പ്രവൃത്തികളിൽ ഒന്നാണിത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു" (ഏശ.61:1–2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക. 4:8). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെ ആവശ്യം ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്"(ലൂക്ക. 5: 31–32) എന്ന് ക്രിസ്തുനാഥൻ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിത ദിനത്തിൽ 'നീ ഒറ്റയ്ക്കല്ല' എന്ന വിഷയവുമായി തടവറമക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും നീ ഒറ്റയ്ക്കല്ല എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്ത് തടവുകാർ ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ഏകദേശം 8,000 തടവുകാരിൽ 3465 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. വിചാരണ നേരിടാൻ വേണ്ടി തടവിലാക്കപ്പെട്ടവരെ കുറ്റവാളികൾ എന്ന് മുദ്രകുത്തുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച് , ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികൾക്കെതിരെ ഒരു പ്രതികാര മനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണം എന്തായിരിക്കണം? ഉത്തരം ഇതാണ്: സുവിശേഷമൂല്യ ങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെ സംബന്ധിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ( Gaudete et Exsultate No.98 ) ക്രൈസ്തവ വിശുദ്ധിയിലേയ്ക്കുള്ള വളർച്ചയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്, ''തണുപ്പുള്ള ഒരു രാത്രിയിൽ വെളിമ്പുറത്ത് കിടന്നുറങ്ങുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടുമുട്ടിയാൽ ആ വ്യക്തിയെ ഒരു ശല്യമായോ, അലസനായോ, എന്റെ വഴിയിലുള്ള ഒരു തടസ്സമായോ, മനസ്സാക്ഷിക്കുത്തുളവാക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട പ്രശ്നമായോ അല്ലെങ്കിൽ പൊതുസ്ഥലത്തെ ഒരു കൂനയായി പോലുമോ എനിക്ക് കാണാൻ കഴിയും. അല്ലെങ്കിൽ, ആ വ്യക്തിയിൽ, എന്റേതിനോടു തുല്യമായ മഹത്ത്വമുള്ള ഒരു മനുഷ്യവ്യക്തിയെ, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയെ, ദൈവത്തിന്റെ ഒരു

പ്രതിഛായയെ, യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട ഒരു സഹോദരനെ അല്ലെങ്കിൽ സഹോദരിയെ കണ്ട് എനിക്ക് വിശ്വാസ ത്തോടും പരസ്നേഹത്തോടും കൂടി പ്രത്യുത്തരിക്കാൻ സാധിച്ചാൽ അതാണ് വിശുദ്ധി. ഓരോ മനുഷ്യനിലും ദൈവികമഹത്ത്വം കാണാനും അംഗീകരിക്കാനും സാധിക്കണം. കാരുണ്യമാണ് "സുവിശേഷത്തിന്റെ തുടിക്കുന്ന ഹൃദയം". തടവറയിൽ ആയിരിക്കുന്ന വരുടെ മഹത്ത്വം ആ ഹൃദയത്തോടെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം.

ലോകത്തെ സ്നേഹിക്കാനും അതിനെ താൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു കാണിക്കാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മെപ്പറ്റിത്തന്നെ അമിത താത്പര്യമുള്ളവ രായാൽ മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കു കയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. തടവറയിൽ കഴിയുന്നവർ നമുക്ക് അന്യരും വെറുക്കപ്പെട്ടവരും സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്ന് എന്നന്നേക്കുമായി മാറ്റി നിറുത്തപ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസ്സഭയും പരിശുദ്ധ പിതാവും നമ്മെ ഓർമ്മിപ്പിക്കുന്നു.

"യേശു സാഹോദര്യ കൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശി ക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസിലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം

കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 32 വർഷമായി ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് പ്രവൃത്തിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യ കൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2500-ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശു സാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശു സാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണ ത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് 200-ൽ പ്പരം യുവതീയുവാക്കളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്രവളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായ എല്ലാ ചെലവുകളും യേശുസാഹോദര്യ കൂട്ടായ്മയുടെ നേതൃത്വത്തിൽ വഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം

ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിത ദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2018 ഓഗസ്റ്റ് മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## ജസ്റ്റീസ് സൺഡെ (നീതി ഞായർ)

**2018 ആഗസ്റ്റ് 19, ഞായർ**

**കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ക്രൈസ്തവവിശ്വാസം സ്വീകരിച്ച ദളിത് സമൂഹത്തോടുള്ള നമ്മുടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താനും അവർ നേരിടുന്ന സാമൂഹിക അനീതിക്കെതിരേ ഭാരതമനഃസാക്ഷിയെ ഉണർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതി 1986 മുതൽ സ്വാതന്ത്ര്യ ദിനത്തിനുശേഷമുള്ള ഞായറാഴ്ച നീതി ഞായറായി ആചരിക്കുകയാണല്ലോ. എല്ലാ പൗരന്മാർക്കും തുല്യനീതിയും സമത്വവും ഉറപ്പാക്കുന്ന മതേതര ജനാധിപത്യരാഷ്ട്രമാണ് ഭാരതം. നമ്മുടെ രാജ്യത്തിന്റെ മഹത്ത്വത്തിനടിസ്ഥാനമായ ഭരണഘടനയാണല്ലോ ഈ രാജ്യത്തെ എല്ലാവരെയും ഒന്നിച്ചുനിറുത്തുന്നത്. എന്നാൽ 1950-ൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവു പ്രകാരം ക്രൈസ്തവരായ ദളിത് സഹോദരങ്ങളെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികയിൽനിന്നും ഒഴിവാക്കി. മതവിവേചനം പാടില്ലെന്ന നമ്മുടെ ഭരണഘടനയുടെ നിലപാടിന് കടകവിരുദ്ധമായിരുന്നു ഈ ഉത്തരവ്. ഈ ഉത്തരവ് റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഭാരതത്തിലെ ദളിത് സഹോദരങ്ങളുടെ നിലവിളി നാളിതുവരെ ഉത്തരവാദിത്ത്വപ്പെട്ടവർ കണ്ടില്ലെന്ന് നടിച്ചുകൊണ്ടിരിക്കുന്നു. ഭാരത കത്തോലിക്കാമെത്രാൻ സമിതി ഈ വിഷയം കാലാകാലങ്ങളിലുള്ള ഭരണാധികാരികളുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ നിയമമാർഗങ്ങളിലൂടെ ഈ അവകാശം പുനഃസ്ഥാപിക്കാനുള്ള മാർഗങ്ങൾക്കായി കോടതിയിലൂടെയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ദളിത് സഹോദരങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള സഭയുടെ ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർഥനയും സഹായങ്ങളും ഉണ്ടാവണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഭാരതകത്തോലിക്കാ മെത്രാൻ സമിതി 2016-ൽ പുറപ്പെടുവിച്ച ദളിത് ശക്തീകരണനയം ഭാരതത്തിലെ ദളിത് ക്രൈസ്തവരെ സംബന്ധിച്ച മാഗ്നകാർട്ട തന്നെയാണ്. ഈ ദളിത് ശക്തീകരണ നയപരിപാടികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ കേരള കത്തോലിക്കാമെത്രാൻ സമിതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ദളിത് ക്രൈസ്ത

വരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം നേടിയെടുക്കാനും അവരെ മുഖ്യധാരയിൽ കൂട്ടിച്ചേർത്ത് കത്തോലിക്കാ സമൂഹം ഒരു കൂട്ടായ്മയെന്ന നിലയിൽ ജീവിക്കാനുമുള്ള സാഹചര്യം നാം ഒരുക്കണം. കൂടാതെ, സാമ്പത്തിക പരിമിതികൾ അനുഭവിക്കുന്നവർക്ക് പാർപ്പിടം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളും നടപ്പിലാക്കുവാനായിട്ടുണ്ട്. ഇതിൻപ്രകാരം സി.എം.ഐ സന്യാസ സമൂഹത്തിന്റെ പ്രധാനസഹായത്തോടുകൂടിയും സന്മനസ്സുള്ള സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും സംഘടനകളുടെയും രൂപതകളുടെയും സാമ്പത്തിക സഹായം വഴിയും 300 ഭവനങ്ങൾക്കായുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. ദളിത് കത്തോലിക്കാ കുട്ടികൾക്ക് പഠനസഹായം എന്ന നിലയിൽ സ്കോളർഷിപ്പുകളും ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴി നല്കിക്കൊണ്ടിരിക്കുന്നു. ദളിത് ശക്തീകരണ ക്ഷേമപദ്ധതികൾക്ക് വലിയ സാമ്പത്തിക ആവശ്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നീതി ഞായർ ദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്രക്കാഴ്ച ശേഖരിച്ച് ദളിത് ശക്തീകരണ സംരംഭങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നമ്മുടെ ദളിത് സഹോദരങ്ങൾ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെ മുറിവുകൾ ഉണക്കാൻ നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹായവും അവർക്ക് ഉറപ്പാക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവ്വവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2018 ഓഗസ്റ്റ് മാസം 19-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

# പുരോഹിതൻ : വചനശുശ്രൂഷകൻ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**(തിരുവചനഭാഗം: ശ്ലീഹ 6,1-7,60)**

ശ്ലീഹ 6 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങൾ ആദിമസഭയുടെ വളർച്ചയുടെ ഒരു സുപ്രധാന ഘട്ടമാണ്. ജറുസലേമിലെ ക്രൈസ്തവസമൂഹമായിട്ടു തുടക്കംകുറിച്ച സഭാംഗങ്ങളുടെ വളർച്ചയിൽ ചില മാനുഷിക പ്രശ്നങ്ങൾ സഭയ്ക്ക് നേരിടേണ്ടിവന്നു. ഗ്രീക്കുഭാഷ സംസാരിക്കുന്ന യഹൂദരും അറമായഭാഷ സംസാരിക്കുന്നവരും തമ്മിലുള്ള കൂട്ടായ്മയ്ക്ക് തടസ്സമുണ്ടാകത്തക്കവിധം ആവലാതികളുയർന്ന സാഹചര്യത്തിൽ ശ്ലീഹന്മാർ തങ്ങളുടെ ശ്ലൈഹിക ശുശ്രൂഷയുടെ ഭാഗമായി ഏഴു ഡീക്കന്മാരെ നിയമിക്കുകയും അതേത്തുടർന്ന് സഭ യഹൂദരെയും വിജാതീയരെയും ഉൾക്കൊണ്ട് ഒരു കൂട്ടായ്മയായി മുന്നേറുന്ന ഒരു സമൂഹമായിത്തീരുകയും ചെയ്യുന്നു. ഏഴാം അദ്ധ്യായം മുഴുവൻ സ്തേഫാനോസിന്റെ പ്രസംഗമായതിനാൽ ആറും ഏഴും അദ്ധ്യായങ്ങൾ ഒരുമിച്ച് ഇവിടെ ധ്യാനവിഷയമാക്കാം.

1. ഏഴു ഡീക്കന്മാരെ നിയമിക്കുന്നു (6,1-7)
2. സ്തേഫാനോസിനെ ബന്ധിക്കുന്നു (6,8-15)
3. സ്തേഫാനോസിന്റെ പ്രസംഗം-ആദ്യഭാഗം (7,1-16)
4. സ്തേഫാനോസിന്റെ പ്രസംഗം-രണ്ടാംഭാഗം (7,17-53)
5. സ്തേഫാനോസിനെ വധിക്കുന്നു (7,54-60)

1. പുരോഹിതശുശ്രൂഷ: വചനശുശ്രൂഷ

"അതുകൊണ്ട്, പന്ത്രണ്ടുപേർ ശിഷ്യരുടെ സമൂഹത്തെ ഒന്നിച്ചുകൂട്ടിപ്പറഞ്ഞു: ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരുമായ ഏഴു പേരെ നിങ്ങളിൽനിന്നു കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏല്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം" (6,2-4).

ആദിമസഭ അതിന്റെ വളർച്ചയിൽ ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിക്കുന്നു. ഇതുവരെയും സഭ ജറുസലേമിൽത്തന്നെ ഒതുങ്ങി കഴിയുകയായിരുന്നു. യഹൂദക്രൈസ്തവർ മാത്രമായിരുന്നു സഭാംഗങ്ങൾ. പാലസ്തീൻ നാട്ടിൽ താമസിച്ചിരുന്നവരും വിദേശങ്ങളിൽ ചിതറിപ്പാർത്തിരുന്നവരും ഗ്രീക്കുഭാഷ സംസാരിക്കുന്നവരും സഭയുടെ ഭാഗമായിക്കഴിഞ്ഞപ്പോൾ സാമ്പത്തികമായ ധനവിനിയോഗത്തെക്കുറിച്ച് ചില പിറുപിറുപ്പുകൾ സഭയിൽ പൊന്തിവന്നു. അപ്പോൾ ശ്ലീഹന്മാർ ശിഷ്യസമൂഹത്തെ ഒരുമിച്ചുകൂട്ടി. പ്രശ്നം പരിഹരിക്കുവാൻ പ്രത്യേകം ആളുകളെ നിയമിക്കണമെന്നുള്ള നിർദ്ദേശം അവ

രുടെ മുമ്പിൽ വന്നു. സമൂഹം ഏഴു പേരെ തിരഞ്ഞെടുക്കണമെന്നും ശ്ലീഹന്മാർ അവരെ ഈ ജോലിക്കായി നിയോഗിക്കണമെന്നുമായിരുന്നു നടപടിക്രമം. സമൂഹം അതു സ്വീകരിച്ചു. ഏഴു പേരെ തിരഞ്ഞെടുത്തു. ശ്ലീഹന്മാർ അവരുടെമേൽ കൈവച്ചു പ്രാർത്ഥിക്കുകയും അവർ സഭാശുശ്രൂഷയിൽ പ്രവേശിക്കുകയും ചെയ്തു.

കൈവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും സഭാശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട ഈ ഏഴു പേർ ഇന്ന് 'ഡീക്കന്മാർ' അഥവാ 'ശെമ്മാശ്ശന്മാർ' എന്ന പദവിയിലുള്ളവരായിരുന്നു എന്നു പറയുക സാദ്ധ്യമല്ല. അവർ സഭയിലെ ശ്ലൈഹികശുശ്രൂഷയുടെ പിൻതുടർച്ചക്കാരെയെല്ലാം പ്രതിനിധീകരിക്കുന്നവരാണ്. അതുകൊണ്ട് മെത്രാന്മാർ, പുരോഹിതർ, ശെമ്മാശ്ശന്മാർ എന്നീ മൂന്നു പൗരോഹിത്യപദവിയിലുള്ളവരെയും അവർ പ്രതിനിധീകരിക്കുന്നുണ്ട്. "ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം" എന്ന ശ്ലീഹന്മാരുടെ പ്രസ്താവന അന്വർത്ഥമാക്കുന്നവരായിട്ടാണ് പിന്നീട് സ്തേഫാനോസിനെയും പീലിപ്പോസിനെയും നാം കാണുന്നത് (ശ്ലീഹ 7-8; 21,8). അതുകൊണ്ട് സഭയിലെ ശുശ്രൂഷാപൗരോഹിത്യത്തെതന്നെയാണ് ഇവർ പ്രതിനിധീകരിക്കുന്നത്. എന്നാൽ സഭയിലെ പുരോഹിതശുശ്രൂഷ പ്രധാനമായും വചനശുശ്രൂഷയാണ് എന്ന് ഇവിടെ ഊന്നിപ്പറയുന്നു. സഭയുടെ വളർച്ച വചനത്തിന്റെ വളർച്ചയാണ്: "ദൈവവചനം പ്രചരിക്കുകയും ജറുസലേമിൽ ശിഷ്യരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു" (6,7). അതുകൊണ്ട് സഭയിലെ പുരോഹിതശുശ്രൂഷ, 'ഭരണപരം' എന്നതിനെക്കാൾ 'വചനശുശ്രൂഷാപര'മായിരിക്കണമെന്നത് പുരോഹിതർ ശ്രദ്ധിക്കണം.

2. ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ വചനശുശ്രൂഷ

"കിറേനേക്കാരും അലക്സാൺഡ്രിയാക്കാരും കിലീക്യായിലും ഏഷ്യയിലുംനിന്നുള്ളവരും ഉൾപ്പെട്ടിരുന്നതും, സ്വതന്ത്രന്മാരുടെ സിനഗോഗ് എന്നറിയപ്പെട്ടിരുന്നതുമായ സംഘത്തിലെ അംഗങ്ങൾ എഴുന്നേറ്റ് സ്തേഫാനോസിനോട് വാദപ്രതിവാദത്തിലേർപ്പെട്ടു. എന്നാൽ, അവന്റെ സംസാരത്തിൽ വെളിപ്പെട്ട ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നില്ക്കാൻ അവർക്കു കഴിഞ്ഞില്ല" (6,9-10).

സ്തേഫാനോസ് 'വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവൻ' ആയിരുന്നുവെങ്കിലും ശ്ലീഹന്മാരുടെ കൈവയ്പ്പോടുകൂടി അധികം കൃപയും ശക്തിയും പ്രാപിച്ചുകൊണ്ടിരുന്നു. ഈ സ്ഥിതിയിൽ അദ്ദേഹം സുവിശേഷ പ്രഘോഷണത്തിൽ ഏർപ്പെടുകയും യഹൂദ യാഥാസ്ഥിതികരുമായി ഏറ്റുമുട്ടുകയും ചെയ്തു (6,8-8,1). സുവിശേഷത്തിന്റെ അർത്ഥവ്യാപ്തി വിശദമാക്കുവാൻ സ്തേഫാനോസ് ചെയ്ത ശ്രമം പ്രശ്നമുളവാക്കി. അഞ്ചുകൂട്ടം ജനങ്ങളായിരുന്നു സ്തേഫാനോസുമായി ഏറ്റുമുട്ടിയത്: 'സ്വതന്ത്രന്മാർ, കിറേനക്കാർ, അലക്സാൺഡ്രിയാക്കാർ, കിലീക്യക്കാർ, ഏഷ്യാക്കാർ' (6,19). വാദത്തിൽ സ്തേഫാനോസിനെ പിന്നിലാക്കുവാൻ കഴിയാതെവന്ന യഹൂദമതസ്ഥർ തോൽവി സമ്മതിച്ചില്ല. ചർച്ചാവിഷയം യഹൂദരെ ആകമാനം വാശി പിടിപ്പിക്കുന്നതാക്കുവാൻ അവർ ഒരുമ്പെടുകയാണു ചെയ്തത്.

സ്തേഫാനോസ് ദൈവത്തിനും മോശയ്ക്കുമെതിരായി ദൂഷണം പറയുന്നത് അവർ കേട്ടു എന്ന് സാക്ഷ്യം നല്കി. ജനങ്ങളെയും ജനപ്രമാണികളെയും നിയമജ്ഞരെയും ഇളക്കി അവനെ ബന്ധിച്ച് ന്യായാധിപസംഘത്തിന്റെ മുമ്പിൽ കൊണ്ടുവന്നു (6,12).

സ്തേഫാനോസുമായി വാദപ്രതിവാദത്തിലേർപ്പെടുന്നവർക്ക് അവന്റെ സംസാരത്തിൽ വെളിപ്പെട്ട ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തുനില്ക്കുവാൻ കഴിഞ്ഞില്ല എന്നാണ് പറയുന്നത് (6,9-10). വിശ്വാസവിഷയങ്ങൾ മാനുഷികമായി മനസ്സിലാക്കാൻ ശ്രമിക്കുന്ന പ്രക്രിയയിൽ ഉരുത്തിരിയുന്നതാണല്ലോ ദൈവശാസ്ത്രം. ദൈവശാസ്ത്രപരമായ വിഷയങ്ങളിൽ തർക്കങ്ങളുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ട് ദൈവശാസ്ത്രപരിശീലനം ലഭിച്ച വൈദികരുടെ ശുശ്രൂഷാ രംഗങ്ങളിലും ഇപ്രകാരമുള്ള വാദപ്രതിവാദങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അവയെ എപ്രകാരമാണ് നേരിടേണ്ടതെന്ന് ഈ വചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു. വചനശുശ്രൂഷകനെന്ന നിലയിൽ പുരോഹിതന്റെ വാക്കുകൾ ജ്ഞാനവും അരൂപിയും നിറഞ്ഞവയായിരിക്കണം. ജ്ഞാനത്തിൽ വളരുവാൻ, വചനം ധ്യാനിക്കുവാൻ, പുരോഹിതൻ സമയം കണ്ടെത്തണം. വചനശുശ്രൂഷയും പ്രാർത്ഥനയും ഒന്നിച്ചുപോകുന്നതുകൊണ്ട് പ്രാർത്ഥിക്കുവാനും പുരോഹിതൻ സമയം കണ്ടെത്തണം. പ്രാർത്ഥനയാണ് അരൂപിയോടു തുറവിയുള്ളവരായി ജീവിക്കുവാൻ നമ്മെ സഹായിക്കുന്നത്. അങ്ങനെ വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതനു കഴിയണം.

3. രക്ഷയുടെ സുവിശേഷം പ്രഘോഷിക്കുന്ന വചനശുശ്രൂഷ

“പ്രധാനപുരോഹിതൻ ചോദിച്ചു: ഇതെല്ലാം സത്യമാണോ? അവൻ പ്രതിവചിച്ചു: സഹോദരന്മാരേ, പിതാക്കന്മാരേ, കേട്ടുകൊള്ളുവിൻ. നമ്മുടെ പിതാവായ അബ്രാഹം ഹാരാനിൽ താമസിക്കുന്നതിനു മുമ്പ് മെസൊപ്പൊട്ടാമിയായിലായിരിക്കുമ്പോൾ, മഹത്ത്വത്തിന്റെ ദൈവം അവനു പ്രത്യക്ഷനായി അവനോടു പറഞ്ഞു: നിന്റെ നാട്ടിൽനിന്നും ബന്ധുക്കളിൽനിന്നും നീ പുറപ്പെട്ട് ഞാൻ കാണിച്ചുതരുന്ന ദേശത്തേക്കുപോവുക” (7,1-3).

സാൻഹെദ്രീൻ സംഘം, സ്തേഫാനോസിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അടിസ്ഥാനമാക്കി അയാളെ വിസ്തരിക്കുവാൻ ഉദ്യമിക്കുകയാണ്. മറുപടിയായി സ്തേഫാനോസ് ദീർഘമായ ഒരു പ്രഭാഷണം നടത്തുന്നു. പ്രഭാഷണത്തിന്റെ അവസാനം അവർ അദ്ദേഹത്തെ കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യുന്നു. ഈശോയിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപ്രവർത്തന ചരിത്രമാണ് പ്രഭാഷണവിഷയം. സ്തേഫാനോസിന്റെ പ്രഭാഷണത്തെ രണ്ടു ഭാഗങ്ങളായി തിരിക്കാം: അബ്രാഹം മുതൽ മോശവരെ (7,1-16); മോശ മുതൽ ഈശോവരെ (7,15-52). ഈശോയുടെ പേര് വ്യക്തമായി പറയാതെ ‘നീതിമാൻ’ എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് പ്രസംഗിക്കുന്നത് (7,52). സ്തേഫാനോസ് ദൈവത്തെയോ ദൈവത്തിന്റെ ആലയത്തെയോ, മോശയെയോ മോശ മുഖാന്തരം ദൈവം നല്കിയ ധർമ്മശാസ്ത്രത്തെയോ നിരാകരിക്കുന്നില്ല. പഴയനിയമത്തിൽ പ്രവാചകന്മാർ മനസ്സി

ലാക്കിയ അർത്ഥത്തിൽ അവയെ ഉദ്ഘോഷിക്കുക മാത്രമാണു ചെയ്യുന്നത്. ആ അർത്ഥത്തിൽ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ഈശോയിൽ സമ്പൂർത്തി പ്രാപിച്ചു എന്നതാണ് സ്തേഫാനോസിന്റെ പ്രഭാഷണസാരം. അതോടൊപ്പം ദൈവത്തിന്റെ ഈ രക്ഷാകരപ്രവർത്തനത്തെ കണക്കിലെടുക്കാതെ ദൈവാരൂപിയോടു മറുതലിക്കുന്നവരാണ് തന്നെ ചോദ്യം ചെയ്യുന്നവർ എന്നതും സ്തേഫാനോസിന്റെ പ്രസംഗത്തിൽ വ്യക്തമാക്കുന്നുണ്ട് (7,51–53).

ദൈവത്തെ "മഹത്ത്വത്തിന്റെ ദൈവം" എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് സ്തേഫാനോസ് രക്ഷാകര പ്രവർത്തനത്തെക്കുറിച്ചുള്ള തന്റെ പ്രസംഗം ആരംഭിക്കുന്നത് (7,2). അബ്രാഹത്തിൽ തുടക്കംകുറിച്ച രക്ഷാകര ചരിത്രം, അബ്രാഹത്തിന്റെ പുത്രനായ ഈശോമിശിഹായിൽ (മത്താ 1,1) പൂർത്തീകരിക്കപ്പെടുന്ന ചരിത്രമാണ്. ആ ഈശോമിശിഹായെയാണ്, തന്നെ ചോദ്യം ചെയ്യുന്ന ന്യായാധിപസംഘം വധിച്ചതെന്നും (7,52), ആ മിശിഹാ ഇപ്പോൾ ദൈവത്തിന്റെ മഹത്ത്വത്തിൽ ആയിരിക്കുന്നുവെന്നും (7,55–56) ഉദ്ഘോഷിച്ചുകൊണ്ടാണ് സ്തേഫാനോസ് തന്റെ പ്രസംഗം ഉപസംഹരിക്കുന്നത്. "സഹോദരന്മാരേ, പിതാക്കന്മാരേ" എന്ന് അവരെ സംബോധന ചെയ്തുകൊണ്ടാണ് സ്തേഫാനോസ് പ്രസംഗിക്കുന്നത് (7,2). താനും അവരും ദൈവത്തിന്റെ ഈ രക്ഷാകര ചരിത്രത്തിന്റെ ഭാഗമാണ് എന്നും സ്തേഫാനോസിന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നു. ഈശോയുടെ സുവിശേഷം രക്ഷയുടെ സുവിശേഷമാണ്. ഈ സുവിശേഷമാണ് വചനപ്രഘോഷണത്തിന്റെ വിഷയം. പഴയനിയമത്തിൽ ഒരുക്കപ്പെട്ടതും ഈശോമിശിഹായുടെ പീഡാനുഭവ, മരണ, ഉത്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ടതും സഭയിൽ തുടരുന്നതുമായ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ വെളിച്ചത്തിലായിരിക്കണം നാം വചനപ്രഘോഷണം നടത്തേണ്ടതെന്ന് ഇതു സൂചിപ്പിക്കുന്നു.

4. മാനസാന്തരാനുഭവമുള്ള ശുശ്രൂഷകൻ

"കർത്താവ് അവനോടു പറഞ്ഞു: നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക. നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്. ഈജിപ്തിൽ എന്റെ ജനം അനുഭവിക്കുന്ന പീഡനങ്ങൾ ഞാൻ വ്യക്തമായി കണ്ടു. അവരുടെ ദീനരോദനം ഞാൻ കേട്ടു. അവരെ വിമോചിപ്പിക്കാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു. വരൂ, നിന്നെ ഞാൻ ഈജിപ്തിലേക്ക് അയയ്ക്കും. ഞങ്ങളുടെ മേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു എന്നു പറഞ്ഞ് അവർ നിരാകരിച്ച മോശയെത്തന്നെ, മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൂതൻ വഴി ദൈവം അവരുടെ അധികാരിയും വിമോചകനുമാക്കി അയച്ചു" (7,33–35).

സ്തേഫാനോസിന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗം മോശയെ അവതരിപ്പിക്കുന്ന ഭാഗമാണ് (7,17–53). നിയ 18,15 ൽ പറയുന്ന, മോശയെപ്പോലെയുള്ള ഒരു പ്രവാചകനായിട്ട് ഈശോയെ കാണണമെന്ന് സ്തേഫാനോസ് എടുത്തുപറയുന്നു (7,37). നാല്പതു വർഷങ്ങൾ വീതമുള്ള മൂന്നു ഘട്ടങ്ങളായിട്ടാണ് മോശയുടെ ചരിത്രം ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

"വാക്കിലും പ്രവൃത്തിയിലും കരുത്തനായ" മോശയെ ആദ്യഘട്ടത്തിൽ അവതരിപ്പിക്കുമ്പോൾ (7,17-22), മാനുഷികമായി പരാജയപ്പെട്ട മോശയെ രണ്ടാം ഘട്ടം അവതരിപ്പിക്കുന്നു (7,23-29). മൂന്നാം ഘട്ടത്തിലാണ് മോശയെ ദൈവം ഇസ്രായേൽക്കാരുടെ അധികാരിയും വിമോചകനുമായി അയയ്ക്കുന്നതായി അവതരിപ്പിക്കുന്നത് (7,30-36). വാക്കിലും പ്രവൃത്തിയിലും കരുത്തനായി ഫറവോയുടെ കൊട്ടാരത്തിൽ വളർന്ന മോശ, തന്റെ ജനത്തെ താൻ മുഖാന്തരം മോചിപ്പിക്കുമെന്നു വിചാരിച്ച് ഇസ്രായേൽക്കാരുടെ അടുത്തേക്കു ചെന്നപ്പോൾ, അവർ അയാളെ തിരസ്കരിക്കുകയാണു ചെയ്തത്. അതിന്റെ ഫലമായി പരാജയമനോഭാവത്തോടെ തന്റെ വിളിയിൽനിന്നും ദൗത്യത്തിൽനിന്നും പിന്തിരിഞ്ഞ് വെറും മാനുഷികമായ ഒരു ജീവിതം നയിക്കുന്നു (7,29).

എൺപതാം വയസ്സിൽ ദൈവം തന്റെ വിളിയും ദൗത്യവുമായി മോശയുടെ ജീവിതത്തിൽ കടന്നുവരുന്നു. അയാൾ കർത്താവിന്റെ സ്വരം കേൾക്കുന്നു: "നിന്റെ പിതാക്കന്മാരുടെ ദൈവമാണു ഞാൻ - അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം... കർത്താവ് അവനോടു പറഞ്ഞു... ഈജിപ്തിൽ എന്റെ ജനം അനുഭവിക്കുന്ന പീഡനങ്ങൾ ഞാൻ വ്യക്തമായി കണ്ടു. അവരുടെ ദീനരോദനം ഞാൻ കേട്ടു. അവരെ വിമോചിപ്പിക്കാൻ ഞാൻ ഇറങ്ങി വന്നിരിക്കുന്നു. വരൂ, നിന്നെ ഞാൻ ഈജിപ്തിലേക്ക് അയയ്ക്കും. ഞങ്ങളുടെമേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു എന്നു പറഞ്ഞ് അവർ നിരാകരിച്ച മോശയെത്തന്നെ മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൂതൻ വഴി ദൈവം അവരുടെ അധികാരിയും വിമോചകനുമാക്കി അയച്ചു" (7,32-35). കേവലം മാനുഷികമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന മോശ ദൈവികമായി ചിന്തിക്കുന്നവനും പ്രവർത്തിക്കുന്നവനുമായി മാറുന്നു. ഇപ്രകാരമുള്ള ഒരു മാറ്റമാണ് മാനസാന്തരമെന്നു പറയുന്നത്. ഇപ്രകാരം കേവലം മാനുഷികതയിൽനിന്നും ദൈവികതയിലേക്ക് നാം കടന്നുവരുമ്പോഴാണ് നമ്മിൽ മാനസാന്തരാനുഭവമുണ്ടാകുന്നത്. അങ്ങനെ മാനസാന്തരാനുഭവമുള്ള വചനപ്രഘോഷകരായിത്തീരുവാൻ പുരോഹിതർക്കു കഴിയണം.

5. മിശിഹായോടനുരൂപപ്പെട്ട വചനശുശ്രൂഷകൻ

"അനന്തരം, അവർ സ്തേഫാനോസിനെ കല്ലെറിഞ്ഞു. അപ്പോൾ അവൻ പ്രാർത്ഥിച്ചു: കർത്താവായ ഈശോയേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ. അവൻ മുട്ടുകുത്തി വലിയ സ്വരത്തിൽ അപേക്ഷിച്ചു: കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുത്. ഇതു പറഞ്ഞ് അവൻ മരണനിദ്ര പ്രാപിച്ചു" (7,59-60).

സ്തേഫാനോസ് തന്റെ പ്രഭാഷണംകൊണ്ടു വ്യക്തമാക്കിയത് തനിക്കെതിരെയുള്ള ആരോപണങ്ങൾ വാസ്തവത്തിൽ ആരോപിക്കപ്പെടേണ്ടത് തന്നെ വിസ്തരിക്കുന്ന യഹൂദർക്കെതിരെയാണെന്നാണ്. അതുകൊണ്ടാണ് അവർ കോപാക്രാന്തരായി പല്ലുകടിച്ചത്. എന്നാൽ അവരുടെ ക്ഷോഭപ്രകടനം സ്തേഫാനോസിൽ ഭാവഭേദമൊന്നുമുണ്ടാക്കിയില്ല. ദൈവാത്മാവിന്റെ നിയന്ത്രണത്തിനു സ്വയം വിധേയനാക്കി, അയാൾ മുകളിലേക്കു നോക്കി

ഉൾക്കണ്ണുകൊണ്ട് ദൈവതേജസ്സ് ദർശിച്ചു. അതോടൊപ്പം ദൈവത്തിന്റെ വലത്തുഭാഗത്ത് ഈശോ നില്ക്കുന്നതായും കണ്ടു. ഇതു വളരെ അർത്ഥവത്താണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് ഈ ന്യായാധിപസംഘം ഈശോയെ വിസ്തരിച്ചപ്പോൾ ഈശോ പറഞ്ഞു: "മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" (മർക്കോ 14,62). അവർ വധിച്ച ഈശോ ഇപ്പോൾ മഹത്ത്വീകൃതനാണെന്നും, അവിടുന്നു തന്നെ സ്വീകരിക്കുവാൻ കാത്തിരിക്കുന്നുവെന്നുമുള്ള സ്തേഫാനോസിന്റെ സുവിശേഷപ്രഘോഷണമായിരുന്നു അത്. അതോടൊപ്പം ഈശോയുടെ മഹത്ത്വത്തിൽ പങ്കുചേരാൻ തനിക്കു സാധിക്കുമെന്നുള്ള പ്രതീക്ഷയും ഇതിലൂടെ സ്തേഫാനോസ് പ്രഖ്യാപിച്ചു.

ഇത് ന്യായാധിപസംഘത്തെ കൂടുതൽ കോപാക്രാന്തരാക്കുകയും അവർ ഒന്നാകെ പാഞ്ഞടുത്ത് സ്തേഫാനോസിനെ പുറത്താക്കി കല്ലെറിഞ്ഞു കൊല്ലുകയും ചെയ്തു (7,57-58). കുരിശുമരണസന്ദർഭത്തിലെ ഈശോയുടെ രണ്ടു പ്രാർത്ഥനകൾ (ലൂക്കാ 23,34.46), ചെറിയ രൂപഭേദത്തോടെ, തന്റെ മരണവേളയിൽ സ്തേഫാനോസ് ആവർത്തിക്കുന്നു. 1. "കർത്താവായ ഈശോയേ, എന്റെ ആത്മാവിനെ സ്വീകരിക്കേണമേ"; 2. "കർത്താവേ, ഈ പാപം ഇവരുടെമേൽ ചുമത്തരുതേ" (7,59-60). പ്രാർത്ഥനകൾ ഒരുവന്റെ ആത്മാവിഷ്കാരമാണല്ലോ. സ്തേഫാനോസ് മിശിഹായോടു താദാത്മ്യപ്പെട്ട ഒരു ജീവിതം നയിക്കുന്ന വ്യക്തിയായിരുന്നു എന്ന് ഇതു വ്യക്തമാക്കുന്നുണ്ട്. ശ്ലൈഹിക കൈവയ്പ്പു സ്വീകരിക്കുവാൻ സമൂഹം കണ്ടുപിടിക്കേണ്ട ഏഴു പേർ അരൂപിയും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരായിരിക്കണമെന്നുള്ള ശ്ലീഹന്മാരുടെ നിർദ്ദേശമനുസരിച്ച് (6,3) തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നല്ലോ സ്തേഫാനോസ്. മിശിഹായുടെ അരൂപിയാൽ നിറഞ്ഞ ജീവിതമാണ് സ്തേഫാനോസ് നയിച്ചിരുന്നതെന്ന് ഇതു വ്യക്തമാക്കുന്നു. മിശിഹായുടെ അരൂപിയാൽ നിറഞ്ഞ്, മിശിഹായോട് അനുരൂപപ്പെട്ട ജീവിതം നയിച്ചുകൊണ്ട് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കഴിയണം.

**ജീവിതസൂചിക**

1. സഭാശുശ്രൂഷയിൽ വചനശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള പ്രഥമസ്ഥാനം അജപാലനശുശ്രൂഷയിൽ ഞാൻ നല്കുന്നുണ്ടോ?
2. വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. പഴയനിയമത്തിൽ ഒരുക്കപ്പെട്ടതും, മിശിഹായിൽ പൂർത്തിയാക്കപ്പെട്ടതും, സഭയിൽ തുടരുന്നതുമായ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ വെളിച്ചത്തിൽ വചനം പ്രഘോഷിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
4. മാനസാന്തരാനുഭവത്തോടെ വചനപ്രഘോഷണം നടത്തുവാൻ എനിക്ക് എത്രമാത്രം കഴിയുന്നുണ്ട്?
5. മിശിഹായോട് അനുരൂപപ്പെട്ട ജീവിതം നയിച്ചുകൊണ്ടാണോ ഞാൻ വചനശുശ്രൂഷ നിർവഹിക്കുന്നത്?

# പ്രാർത്ഥന, ദാരിദ്ര്യം, ക്ഷമ

*(കഴിഞ്ഞലക്കം തുടർച്ച)*

മൂന്നാമത്തെ "P" ക്ഷമ (Patience): "പക്ഷേ പിതാവേ, ക്ഷമയ്ക്ക് ഇതുമായെന്തുബന്ധം?" ഇതിൽ ക്ഷമയ്ക്ക് എന്താണു ചെയ്യാനുള്ളത്? ക്ഷമ പ്രാധാന്യമർഹിക്കുന്നതാണ്. സാധാരണമായി നമ്മൾ അതിനെക്കുറിച്ച് സംസാരിക്കാറില്ല. പക്ഷേ അത് പ്രധാനപ്പെട്ടതാണ്. യേശുവിനെ നോക്കിയാൽ കാണുവാൻ സാധിക്കും. ക്ഷമയാണ് ജീവിതലക്ഷ്യം പൂർത്തീകരിക്കാൻ അവിടുത്തെ സഹായിച്ചത്. യേശു അന്ത്യഅത്താഴത്തിനുശേഷം തോട്ടത്തിലേക്കു പോകുമ്പോൾ, നമുക്കു പറയാൻ സാധിക്കും, ആ നിമിഷത്തിൽ അവിടുന്ന് "ക്ഷമയിലേക്കു പ്രവേശിച്ചു." പരിശുദ്ധാത്മാവ് ഉളവാക്കുന്ന ഈ വൈവിധ്യത്തിൽ ഓരോരുത്തരും നേരിടുന്നത് ഓരോരുത്തർക്കും ഉണ്ടാകുന്ന സമൂഹത്തിലെ അല്ലെങ്കിൽ സമർപ്പിതജീവിതത്തിലെ ചെറിയ കാര്യങ്ങൾ തുടങ്ങി, എല്ലാറ്റിലും പ്രകടമാകേണ്ട ഭാവമാണ് "ക്ഷമയിലേക്ക് പ്രവേശിക്കുക" എന്നത്. നിസാരകാര്യങ്ങൾക്കുപോലും ക്ഷമ വേണം: ശാസിക്കാൻ പ്രേരിതരാകുമ്പോൾ ഒന്നു പുഞ്ചിരിക്കാൻ കഴിയുക എന്ന ചെറിയ കാര്യം മുതൽ, സ്വാർത്ഥത ത്യജിക്കുക, ജീവൻ ബലികഴിക്കുക എന്നതുവരെ. ക്ഷമ വിശുദ്ധ പൗലോസ് 'തോളിലേറ്റുക' എന്നത് ഒരു ക്രിസ്തീയ സുകൃതമായി പറഞ്ഞുതന്നു. ക്ഷമ. ക്ഷമയില്ലാതെ, അതായത് സഹിക്കുവാൻ കഴിയാതെ, "ക്ഷമയിലേക്കു പ്രവേശിക്കാതെ," സമർപ്പിതജീവിതം നിലനിർത്താനാവില്ല. പാതിവഴിക്ക് നിൽക്കേണ്ടിവരും. ഉദാഹരണത്തിന്, ക്ഷമയില്ലാത്ത ഒരു സന്യാസസമൂഹത്തിന്റെ ഉള്ളിലെ മത്സരങ്ങൾ മനസിലാക്കാവുന്നതേയുള്ളു. അവ മനസിലാക്കാവുന്നതാണ്. അവർക്ക് പരസ്പരം സഹവസിച്ചുകൊണ്ടുപോകാൻ കഴിയുംവിധം ക്ഷമയില്ലെങ്കിൽ കൂടുതൽ ശക്തമായ ഭാഗം-അതെപ്പോഴും കൂടുതൽ നല്ല ഭാഗമായിരിക്കണമെന്നില്ല. എങ്കിലും-ജയിക്കുന്നു; പരാജയപ്പെട്ട ഭാഗവും കൂടുതൽ മെച്ചപ്പെട്ടതായിരിക്കണമെന്നില്ല. എന്തെന്നാൽ അത് അക്ഷമമായിരിക്കുന്നു. ക്ഷമയില്ലെങ്കിൽ, ജനറൽ ചാപ്റ്ററുകളിലെ പദവികൾക്കായുള്ള പാച്ചിൽ മനസിലാക്കാവുന്നതാണ്: മുൻകൂട്ടിയുള്ള ഗ്രൂപ്പ് ചരടുവലികൾ... രണ്ട് ഉദാഹരണങ്ങൾ സൂചിപ്പിച്ചതാണ്. എത്രയധികം പ്രശ്നങ്ങളാണ്,അന്തർമത്സരങ്ങളാണ്, വഴക്കുകളാണ് ഉള്ളത്. മോൺ. കർബാല്ലോ (തിരുസംഘസെക്രട്ടറി) യ്ക്ക് സമർപ്പിക്കപ്പെടുന്നതെന്ന് നിങ്ങൾക്കറിയില്ല! പക്ഷേ, അദ്ദേഹം ഗലീസിയായിൽ നിന്നുള്ള ആളാണല്ലോ. ഇതെല്ലാമായി ഒത്തുപോകാൻ അദ്ദേഹത്തിനാകും ക്ഷമ പരസ്പരം ഒത്തുപോകലാണ്.

പക്ഷേ, സമൂഹത്തിലെ ക്ഷമ മാത്രമല്ല: ലോകത്തിന്റെ പരീക്ഷണങ്ങൾക്കു മുന്നിലെ ക്ഷമയും വേണം: പ്രശ്നങ്ങളെയും, ലോകത്തിന്റെ പരീക്ഷണങ്ങളെയും നിങ്ങൾ തോളുകളിൽ പേറുന്നതിനായി. യേശു രക്ഷാകരകൃത്യം പൂർത്തിയാക്കാനായി "ക്ഷമയിലേക്ക് പ്രവേശിച്ചതുപോലെ," നിങ്ങളും 'ക്ഷമയിലേക്ക് പ്രവേശിക്കുക.' ഇത് വളരെ നിർണ്ണായകമായ ഒരു കാര്യമാണ്. ഇടർച്ചയ്ക്കു കാരണമാകുന്ന ഇത്തരം ഉൾമത്സരങ്ങൾ ഒഴി

വാക്കുന്നതിനുമാത്രമല്ല, സമർപ്പിതരായിരിക്കുന്നതിനും വിവേചിച്ചറിയുന്ന തിനും: ക്ഷമ.

സമർപ്പിതജീവിതത്തിന്റെ പൊതുപ്രശ്നങ്ങളെ നേരിടുന്നതിലും ക്ഷമ വേണം. ദൈവവിളികളുടെ കുറവിനെ നമുക്ക് പരിഗണിക്കാം. എന്തുചെയ്യ ണമെന്ന് ഞങ്ങൾക്കറിയില്ല, എന്തെന്നാൽ ഞങ്ങൾക്കു ദൈവവിളികളില്ല. ഞങ്ങൾ മൂന്ന് ഭവനങ്ങൾ അടച്ചുകഴിഞ്ഞു. ഇത് ദൈനംദിനംതന്നെയുള്ള പരാതിയാണ്. നിങ്ങൾ അതു കേട്ടിട്ടുണ്ട്. കാതുകൾകൊണ്ട് കേൾക്കുകയും ഹൃദയത്തിൽ അനുഭവിക്കുകയും ചെയ്തുകഴിഞ്ഞു. ദൈവവിളികൾ വരു ന്നില്ല. ഈ ക്ഷമയില്ലാത്ത സാഹചര്യത്തിൽ... ഞാനിപ്പോൾ പറഞ്ഞുകൊ ണ്ടിരിക്കുന്നത് സംഭവിച്ചുകഴിഞ്ഞു. സംഭവിച്ചുകൊണ്ടിരിക്കുന്നു. വളരെയ ധികം ലൗകികവത്ക്കരിക്കപ്പെട്ട ഒരു രാജ്യത്തിലെ രണ്ടു സന്യാസസമൂഹ ങ്ങളിലെ, അവയോടു ബന്ധപ്പെട്ട രണ്ടു പ്രൊവിൻസുകളിലെ രണ്ടു സന്ദർഭ ങ്ങളെങ്കിലും എനിക്കാറിയാം. ആ പ്രൊവിൻസ് ലൗകികമായ വഴിയിലെ ആ പ്രയാണം – നന്നായി മരിക്കാനുള്ള കല (*ars bene moriendi*) എന്ന ആശ യമനുസരിച്ചുള്ള പ്രയാണം–ആരംഭിച്ചു. ആ പ്രോവിൻസിലും, ആ സന്യാ സസമൂഹങ്ങളിലെ രണ്ടു പ്രോവിൻസുകളിലും ഇതിന് അർത്ഥമെന്താണ്? ഇവിടെ നമ്മൾ വൃദ്ധരായി, മരിച്ചുകൊണ്ടിരിക്കുമ്പോൾ അർത്ഥികൾക്ക് നവ സന്ന്യാസഭവനം അടച്ചിടപ്പെടുന്നു. ആ പ്രദേശങ്ങളിലെ സന്യാസസമൂഹം അവസാനിച്ചു. ഇവ യക്ഷിക്കഥകളല്ല. ഈ തീരുമാനം കൈക്കൊണ്ട പുരു ഷന്മാരുടെ രണ്ടു പ്രൊവിൻസുകളുടെ കാര്യമാണ് ഞാൻ പരാമർശിക്കു ന്നത്; രണ്ടു സന്യാസസമൂഹങ്ങളുടെ പ്രൊവിൻസുകളെക്കുറിച്ചു ക്ഷമയി ല്ലെങ്കിൽ നന്നായി മരിക്കുന്നതിനുള്ള കലയിൽ (*ars bene moriendi*) നാം അസ്തമിക്കുന്നു. ക്ഷമ നശിക്കുന്നതോടെ ദൈവവിളികൾ വരാതെയാകുന്നു. "ഭാവിയിൽ സംഭവിക്കാനിരിക്കുന്നതിനായി നമുക്ക് എല്ലാം വിറ്റ് കാശാക്കി അതും മുറുകെ പിടിച്ചിരിക്കാം!" ഒരാൾ മരണത്തിനടുത്താണ് എന്നതിന്റെ ഒരു സൂചനയാണിത്. ഒരു സന്യാസസമൂഹം പണത്തോട് കെട്ടുപിണഞ്ഞി രിക്കുമ്പോൾ അതിന് ക്ഷമയില്ല എന്നതിന്റെ സൂചനയാണിത്. ദാരിദ്ര്യമ നോഭാവമില്ലാത്തതിനാൽ രണ്ടാമത്തെ 'പി' (P) യുടെ ഇരയായിത്തീരുന്നു അത്.

എനിക്കുതന്നെ എന്നോടു ചോദിക്കാൻ കഴിയും. നന്നായി മരിക്കു ന്നതിനുള്ള കല (*ars bene moriendi*) എന്നത് തിരഞ്ഞെടുത്ത ആ രണ്ടു പ്രൊവിൻസുകളിൽ സംഭവിച്ചത് എന്റെ ഹൃദയത്തിലും സംഭവിക്കുന്നുണ്ടോ? എന്റെ ക്ഷമ നഷ്ടമായി, ജീവിച്ചു പോകുകയാണോ? ക്ഷമയില്ലെങ്കിൽ ഒരാൾക്ക് ഔദാര്യവാനാകാനാകില്ല. ഒരാൾക്ക് കർത്താവിനെ അനുധാവനം ചെയ്യാനാകില്ല. നമ്മൾ ക്ഷീണിച്ചുപോകുന്നു. നമ്മൾ ഒരു പരിധിവരെ അവി ടുത്തെ പിഞ്ചെല്ലുകയും, ആദ്യത്തെയോ രണ്ടാമത്തെയോ പരീക്ഷാവേള യിൽ ഗുഡ്ബൈ പറയുകയും ചെയ്യുന്നു. ഞാൻ 'നന്നായി മരിക്കുന്നതി നുള്ള കല (*ars bene moriendi*) സ്വീകരിക്കുന്നു. എന്റെ സന്യാസജീവിതം ഈ ബിന്ദുവിൽ എത്തി. ഇവിടെ ഞാൻ എന്റെ ഹൃദയം അടച്ചിട്ടുകൊണ്ട് ജീവിച്ചുപോകുന്നു. അതും ഒരു കൃപയുടെ അവസ്ഥയാണ്. തീർച്ചയായും അതേ. "പിതാവേ, ഞാൻ നരകത്തിൽ പോകുകയില്ലേ?" "ഇല്ല, ഒരുപക്ഷേ നീ പോകുകയില്ല." പക്ഷേ നിന്റെ ജീവിതം എങ്ങനെ? ഒരു കുടുംബത്തിന്റെ

പിതാവോ മാതാവോ ആയിരിക്കാനുള്ള സാധ്യത, കുട്ടികളുടെയും പേരക്കുട്ടികളുടെയും ആനന്ദം അനുഭവിക്കാനുള്ള സാധ്യത, നീ ഉപേക്ഷിച്ചുവോ? ഇതെല്ലാം ഇങ്ങനെ ആയിത്തീരാനുള്ളതാണോ? 'നന്നായി മരിക്കുന്നതിനുള്ള ഈ കല' (*ars bene moriendi*) മുന്നോട്ടുപോകാനാവാത്ത ഒരു സമർപ്പിതഹൃദയത്തിന്റെ ആത്മീയ എവുത്തനേസിയയാണ്. കർത്താവിനെ പിഞ്ചെല്ലാനുള്ള ധൈര്യമില്ല. സഹായത്തിനായി വിളിക്കാനാകുന്നുമില്ല...

തുടക്കത്തിൽ ദൈവവിളികളുടെ കുറവിനെക്കുറിച്ച് സംസാരിക്കുവാൻ ഞാൻ തീരുമാനിച്ചു: ഇത് ആത്മാവിനെ ദുഃഖിപ്പിക്കുന്നു. "എനിക്ക് പിന്തുർച്ചക്കാരില്ല" എന്നതായിരുന്നു പിതാവായ അബ്രാഹത്തിന്റെ വിലാപം: "കർത്താവേ, എന്റെ സമ്പത്തെല്ലാം ഒരു അന്യൻ അവകാശപ്പെടുത്തും." കർത്താവ് അദ്ദേഹത്തോടു പറഞ്ഞു: "ക്ഷമയോടെയിരിക്കൂ; നിനക്ക് ഒരു അവകാശിയുണ്ടാകും." – "പക്ഷേ 90-ാം വയസിലോ?" ജനാലയ്ക്കു പിന്നിൽ നിന്നിരുന്ന അദ്ദേഹത്തിന്റെ ഭാര്യ -എന്നോട് ക്ഷമിക്കുക-സ്ത്രീകൾ സാധാരണ ചെയ്യുന്നതുപോലെ വിവരങ്ങൾ ചോർത്തിയെടുക്കുകയായിരുന്നു. ഇത് സ്ത്രീകളുടെ സവിശേഷതയാണ്. അതു ശരി: അതിൽ പോരായ്മയില്ല. അവർ ചിരിച്ചു. എന്തെന്നാൽ അവൾ ചിന്തിക്കുകയായിരുന്നു. "പക്ഷേ, എനിക്ക് 90 വയസ്സായി, എന്റെ ഭർത്താവിന് ഏകദേശം 100 വയസ്സും: ഞങ്ങൾക്ക് ഒരു കുഞ്ഞുണ്ടാകുമോ? "ക്ഷമ" കർത്താവ് പറഞ്ഞു. പ്രത്യാശ. മുന്നോട്ടുപോകുക, മുന്നോട്ട്, മുന്നോട്ട്.

ഈ മൂന്നു 'പി' (P) കളെക്കുറിച്ച് ശ്രദ്ധയുള്ളവരായിരിക്കുക: പ്രാർത്ഥന, ദാരിദ്ര്യം, ക്ഷമ. നമ്മുടെ തിരഞ്ഞെടുപ്പുകളിൽ കർത്താവ് സംപ്രീതനാണെന്നു ഞാൻ കരുതുന്നു. എനിക്കിഷ്ടമില്ലെങ്കിലും ഞാൻ ആ വാക്കുപയോഗിക്കുകയാണ്: നമ്മുടെ മൗലികമായ തീരുമാനങ്ങൾ എന്ന അർത്ഥത്തിൽ: വ്യക്തിപരമോ സമൂഹപരമോ ആയിക്കൊള്ളട്ടെ അവ. നിങ്ങൾക്ക് ഇതിനെ പ്രതി പന്തയംവയക്കാം (നിങ്ങൾക്ക് ഇവയിൽ പ്രതിജ്ഞയെടുക്കാം).

ഈ പ്രസംഗം ശ്രവിക്കുന്നതിൽ നിങ്ങൾ കാണിച്ച "ക്ഷമ" യെ പ്രതി ഞാൻ നിങ്ങൾക്ക് നന്ദിപറയുന്നു (സദസ്യർ ചിരിക്കുകയും കൈയ്യടിക്കുകയും ചെയ്യുന്നു). ഞാൻ നിങ്ങൾക്ക് ഫലസിദ്ധി നേരുന്നു. ഫലസിദ്ധി കടന്നുവരുന്ന വഴികൾ ഏവയെന്ന് ഒരിക്കലും ഒരാൾ അറിയുന്നില്ല. പക്ഷേ, നിങ്ങൾ പ്രാർത്ഥിക്കുമെങ്കിൽ, നിങ്ങൾ ദരിദ്രരെങ്കിൽ, നിങ്ങൾക്ക് ക്ഷമയുണ്ടെങ്കിൽ, നിങ്ങൾ തീർച്ചയായും ഫലസിദ്ധിയുള്ളവരായിത്തീരും. എങ്ങനെ? കർത്താവ് നിങ്ങൾക്കു മറുപുറം കാണിച്ചുതരും; അതാണ് ഫലമണിയുന്നതിനുള്ള കുറുപ്പടി. നിങ്ങൾ പിതാക്കന്മാരായിരിക്കും മാതാക്കളായിരിക്കും: ഫലസിദ്ധി. ഇതാണ് നിങ്ങളുടെ സന്യാസജീവിതത്തിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നത്: നിങ്ങൾ ഫലമണിയുന്നത്.

നിങ്ങൾക്കു നന്ദി. പഠനവും, ജോലിയും നല്ല നിർദ്ദേശങ്ങൾ സമർപ്പിക്കലും തുടരുക. പക്ഷേ, അവയെല്ലാം യേശു ആഗ്രഹിക്കുന്ന കാഴ്ചപ്പാടോടുകൂടിയായിരിക്കട്ടെ. ആദ്യത്തെ 'പി' (P) യെക്കുറിച്ച് ചിന്തിക്കുമ്പോൾ, എന്നെയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. നിങ്ങൾക്കു നന്ദി.

നമുക്ക് പരിശുദ്ധ മാതാവിനോട് പ്രാർത്ഥിക്കാം:

"നന്മ നിറഞ്ഞ മറിയമേ...." (*ആശീർവദിക്കുന്നു*)

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 11, ലക്കം 12*

# രൂപതാകച്ചേരി വാർത്തകൾ

**അനുസ്മരണം**

ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 2-നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 16-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 21-ാം തീയതി വെള്ളി യാഴ്ച വരെയും സെപ്റ്റംബർ 23-ാം തീയതി ഞായറാഴ്ച വൈകു ന്നേരം മുതൽ 28-ാം തീയതി വെള്ളിയാഴ്ച വരെയുമായിരിക്കും. കാഞ്ഞിരപ്പള്ളി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവാണ് ധ്യാനം നയിക്കുന്നത്. ബഹു. വൈദികർ ഈ തീയതി കൾ ശ്രദ്ധിക്കുകയും മുടക്കം കൂടാതെ നിർബന്ധമായും ധ്യാനത്തിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ. ഏതെ ങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദി കർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്ക് കൊണ്ടുവരുന്ന കാര്യം ഓർക്കുമല്ലോ.

**ജീസസ് ഫ്രട്ടേണിറ്റി ഞായർ - ഓഗസ്റ്റ് 12**

ഓഗസ്റ്റ് 12-ാം തീയതി ജീസസ് ഫ്രട്ടേണിറ്റി ഞായർ ആയി ആഘോഷിക്കുകയും കെ.സി.ബി.സി. നിർദ്ദേശപ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തന ങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരികയും ചെയ്യുമല്ലോ.

**ജെസ്റ്റീസ് സൺഡേ - ഓഗസ്റ്റ് 19**

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യാനി സഹോദരങ്ങളെ

സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജെസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. ഓഗസ്റ്റ് 19 ന് വി.കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചു കൊടുക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## New Appointment:

1. Rev. Fr. Sebastian (Vinod) Pakkanikuzhiyil - Vicar, Kaniyambetta (w.e.f. 8th July 2018)

## New Phone Number:

1. Rev. Fr. Cyriac Valachannath - 9383448023
2. Rev. Fr. Shinto Pulikuzhiyil - 08447969471

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## മാനന്തവാടി ഫൊറോന

മാനന്തവാടി ഫൊറോനയിലെ വൈദികർക്കായുള്ള ജൂലൈ മാസത്തിലെ മാസധ്യാനം മാനന്തവാടി രൂപതാ മൈനർ സെമിനാരിയിൽ വച്ചു നടന്നു. ബഹു. ജോസ് കൂവയ്ക്കൽ ധ്യാന ചിന്തകൾ പങ്കുവെച്ചു. മാധ്യമങ്ങൾ സഭയെയും കൂദാശകളെയും വിചാരണ ചെയ്യുമ്പോൾ നഷ്ടധൈര്യരാകാതെ ക്രിസ്തുവിനോട് ചേർന്ന് പ്രാർത്ഥനയോടെ നേരിടണം എന്ന് അച്ചൻ ഓർമ്മിപ്പിച്ചു. മിഷൻലീഗിന്റെ മേഖലാതല മത്സരങ്ങൾ ജൂലൈ 29 ന് നടക്കുമെന്നും അംഗത്വ നവീകരണം അതിനു മുമ്പ് പൂർത്തിയാക്കണമെന്നും മേഖലാ ഡയറക്ടർ അറിയിച്ചു. യുവജന കൺവെൻഷന് ഒരുക്കമായി സാധ്യത ലിസ്റ്റ് നിർമ്മിക്കണമെന്നും KCYM - ന്റെ അംഗത്വം നവീകരിച്ച് കലാമത്സരങ്ങൾക്കായുള്ള പേരുകൾ നൽകണമെന്നും KCYM ഡയറക്ടർ അറിയിച്ചു. മാതൃസംഘത്തിന്റെ മാഗസിന് വേണ്ടി എല്ലാ ഇടവകകളുടെയും സഹകരണം ഡയറക്ടർ ആവശ്യപ്പെട്ടു. AKCC യുടെ റാലിയിലെ സഹകരണം മേഖലാ ഡയറക്ടർ വിശകലനം ചെയ്തു

**ഫാ. ജോഫ്രി പോൾ കളരിക്കൽ** – സെക്രട്ടറി

## ചുങ്കക്കുന്ന് ഫൊറോന

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ ജൂലൈ മാസത്തിലെ മാസധ്യാനം കേളകം ഇടവകയിൽ വച്ച് ജൂലൈ 10–ാം തീയതി നടന്നു. റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ ധ്യാനചിന്തകൾ പങ്കുവെച്ചു. തുടർന്ന് ചേർന്ന മീറ്റിംഗിൽ ഫൊറോന വികാരി ബഹു. വിൻസെന്റ് കളപ്പുരയിൽ അച്ചൻ അഡ്വക്കേറ്റായി എൻറോൾ ചെയ്ത ജോണി കപ്യാരുമലയിൽ അച്ചന് കൂട്ടായ്മയുടെ പേരിലുള്ള അഭിനന്ദനങ്ങൾ നേർന്നു. ചർച്ചകളിൽ ഫൊറോനയിലെ വിവിധ ഡയറക്ടർമാർ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. യുവജനവർഷത്തിലെ യുവജനകൺവെൻഷനെ കുറിച്ച് വിശദമായ ചർച്ചകളും തീരുമാനങ്ങളും ഇനിയും ആവശ്യമാണെന്ന് യോഗം വിലയിരുത്തി. സുനിൽ മഠത്തിലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് അടുത്ത മാസധ്യാനത്തിന് ശാന്തിഗിരി ഇടവകയിലേക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് ഒറവാറന്തറ** – സെക്രട്ടറി

## മണിമൂളി ഫൊറോന

2018 ജൂലൈ 10 നരിവാലമുണ്ട സെന്റ് ജോസഫ്സ് ദേവാലയത്തിൽ കൂടിയ മാസധ്യാനത്തിൽ ഫൊറോനാ വികാരി ഫാ. കുര്യാക്കോസ് കുന്നത്ത് പുതുതായി ഫൊറോനയിലേക്ക് വന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പാറയിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ഫാ. ജോസഫ് ചക്കുളത്തിൽ ധ്യാന ചിന്തകൾ പങ്കുവെച്ചു. തുടർന്ന് ഫൊറോനാ വികാരി ഫാ. കുര്യാക്കോസ് കുന്നത്ത് ജൂലൈ 3-ന് നാമഹേതുകതിരുനാൾ ആചരിക്കുന്ന വൈദികർക്ക് ആശംസകൾ നേർന്നു. ബഹു. തോമസ് പ്ലാശനാലച്ചന്റെ പിതാവിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി. വിവിധ സംഘടനകളുടെ ഫൊറോന ഡയറക്ടർമാരായി താഴെപറയുന്ന വൈദികരെ തിരഞ്ഞെടുത്തു. ഫാ. അനിൽ മുഞ്ഞനാട്ട് (വേദപാഠം), ഫാ. മാത്യു കറുത്തേടം (കെസിവൈഎം), ഫാ. ബിജു തൊണ്ടിപ്പറമ്പിൽ (സിഎംഎൽ), ഫാ.സജി പുഞ്ചയിൽ (മാതൃവേദി), ഫാ. സെബാസ്റ്റ്യൻ കീഴേത്ത് (പ്രിസ്ബിറ്ററൽ കൗൺസിൽ മെമ്പർ), ഫാ. തോമസ് പ്ലാശനാൽ (ഫൊറോനാ സെക്രട്ടറി + എകെസിസി). 2018 ജൂലൈ 21 ശനിയാഴ്ച നിലമ്പൂരിൽ നടക്കുന്ന യൂത്ത് റാലിയിൽ പരമാവധി യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു. ജൂലൈ 15-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മണിമൂളിയിൽ വച്ച് ഫൊറോനാ കൗൺസിൽ ചേരുവാൻ തീരുമാനിച്ചു. കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഫൊറോനാ കൗൺസിലിലേക്ക് ഇടവകയിൽ നിന്ന് 4 പേരെ വീതം വിടുവാൻ തീരുമാനിച്ചു. ഫാ. മാത്യു കറുത്തേടം എല്ലാവർക്കും നന്ദിപറയുകയും അടുത്തമാസധ്യാനത്തിന് താളിപ്പാടം ഇടവകയിലേക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. തോമസ് പ്ലാശനാൽ**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

സ്നേഹ ബഹുമാനപ്പെട്ട അച്ചൻമാരേ,

ലോഗോസ് ക്വിസ് 2018 ലെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ ജൂലൈ 1-ാം തിയ്യതി മുതൽ ആരംഭിച്ച് ജൂലൈ 31 ന് അവസാനിക്കുമെന്ന കാര്യം ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷനുള്ള print out എടുക്കുമ്പോൾ ഗ്രൂപ്പ് തിരിച്ച് total registration സൂചിപ്പിക്കുന്ന front page print out നിർബന്ധമായും നൽകേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുക എന്നതിലുപരി വചനം പഠിക്കാനും, വായിക്കാനുമുള്ള അവസരമായി ഇതിനെ കാണാൻ ശ്രമിക്കണെ. നമ്മുടെ കുടുംബ കൂട്ടായ്മകളിൽ ലോഗോസ് ക്വിസ് പഠന ഭാഗങ്ങളെ ആസ്പദമാക്കി മത്സരങ്ങൾ നടത്തുക, വളരെ ഉപകാര പ്രദമായിരിക്കും. ലോഗോസ് ക്വിസ് പഠന സഹായിയുടെ കുറച്ച് കോപ്പികൾ ദ്വാരക ബുക്ക്സ്റ്റാളിൽ ലഭ്യമാണ്. ഇടവകയിലുള്ള കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പരീക്ഷ എഴുതിക്കുന്ന ഇടവകകൾക്ക് ഈ വർഷം പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്.

ലോഗോസ് 2018 ന്റെ ഇടവകാതല ക്രമീകരണങ്ങൾക്കായി മാതൃവേദി അംഗങ്ങളുടെയും ആനിമേറ്റർമാരുടെയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**ഫാ. പോൾ വാഴപ്പള്ളി**
ഡയറക്ടർ ബൈബിൾ അപ്പസ്റ്റോലേറ്റ്

## കുടുംബകൂട്ടായ്മ

സ്നേഹ ബഹുമാനപ്പെട്ട അച്ചൻമാരെ,

കുടുംബ കൂട്ടായ്മയുടെ സമ്മേളനങ്ങൾ വിജയപ്രദമായി നടക്കുന്നതിൽ സന്തോഷിക്കുന്നു. പ്രതികൂല കാലാവസ്ഥയിലും കുടുംബ കൂട്ടായ്മ യോഗങ്ങൾ മുടങ്ങാതെ സംഘടിപ്പിക്കുന്ന അച്ചൻമാരുടെ ഉത്സാഹത്തെ അഭിനന്ദിക്കുന്നു. ജൂൺ മാസത്തിലെ കുടുംബ കൂട്ടായ്മ യൂണിറ്റുകളിൽ ചർച്ച ചെയ്യാൻ നൽകപ്പെട്ട പഠനവിഷയം ചുവടെ ചേർക്കുന്നു. (ജൂൺ മാസത്തിൽ പോസ്റ്റ് ചെയ്തിരിക്കുന്ന വിഷയം തന്നെ) ഈ വിഷയം ചർച്ചയ്ക്കെടുക്കാത്തവർ ഇത് ഉപയോഗപ്പെടുത്തുമല്ലോ.

കുടുംബകൂട്ടായ്മകളുടെ ഉപയോഗത്തിനായി നൽകപ്പെട്ട പ്രാർത്ഥനാ സഹായി വളരെ ഉപകാരപ്രദമായെന്നും ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും ഓരോ കോപ്പി ആവശ്യമാണെന്നും പല അച്ചൻമാരും അറിയിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ പ്രാർത്ഥനാ സഹായിയുടെ സെക്കന്റ് എഡിഷൻ പുറത്തിറക്കിയിട്ടുണ്ട്. മൂന്ന് സെറ്റ് കുടുംബ പ്രാർത്ഥനകളും ഉപയോഗപ്രദമായ മറ്റ് കുടുംബ പ്രാർത്ഥനകളും കൂട്ടിച്ചേർത്തതാണ് രണ്ടാം പതിപ്പ്. ദ്വാരകയിലെയും, മാനന്തവാടിയിലെയും ബുക്ക് സ്റ്റാളുകളിൽ കോപ്പികൾ ലഭ്യമാണ്, എന്ന കാര്യം സസന്തോഷം അറിയിക്കട്ടെ.

ജൂൺ മാസത്തിലെ കുടുംബ ക്കൂട്ടായ്മയിൽ ചർച്ചയ്ക്കും പഠനത്തിനുമായി വളരെ ലളിതവും പ്രധാനപ്പെട്ടതുമായ രണ്ട് വിഷയങ്ങൾ അവതരിപ്പിക്കുകയാണ്.

**1. കുടുംബം, കുടുംബ കൂട്ടായ്മകൾ:**

കുടുംബ ബന്ധങ്ങളെയും കുടുംബത്തിൽ ലഭിക്കേണ്ട പരിശീലനങ്ങളെയുംക്കുറിച്ച് ചർച്ച ചെയ്യാൻ വിഷയം ഉപകരിക്കും. ഒപ്പം കുടുംബക്കൂട്ടായ്മകളുടെ പ്രസക്തിയും പ്രവർത്തനങ്ങളും മനസ്സിലാക്കാനും സഹായകമാകും

**2. വിവിധ വിദ്യാർത്ഥി സ്ക്കോളർഷിപ്പുകൾ**

സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കാവുന്ന വിവിധ സ്ക്കോളർഷിപ്പുകളുടെ ലിസ്റ്റ് നൽകുന്നു. അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി ആവശ്യമായ രേഖകൾ സംഘടിപ്പിച്ച് അപേക്ഷകൾ പൂരിപ്പിച്ച് യഥാസമയം ബന്ധപ്പെട്ട ഓഫീസുകളിൽ

എത്തിക്കാനും സമയാസമയങ്ങളിൽ അതിന്റെ പുരോഗതി വിലയി രുത്തി സ്കോളർഷിപ്പുകൾ നേടിയെടുക്കാനുമുള്ള ക്രമീകരണം ചെയ്യുക. ഈ പ്രവർത്തനം ഏകീകരിക്കാനായി പാരീഷ് കൗൺസി ലിലെ ജീവകാരുണ്യം - സാമൂഹിക സേവനം എന്ന ഉപസമിതി നേതൃത്വം നൽകട്ടെ. ഇത്തരം ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ ഏറ്റവും ഉദാസീനത കാണിക്കുന്നത് നമ്മളാണ്. അതുകൊണ്ട് ഈ വർഷം പരമാവധി അപേക്ഷകൾ സമർപ്പിച്ച് ആനുകൂല്യങ്ങൾ നേടി യെടുക്കാം.

പഠനവിഷയങ്ങൾ തയ്യാറാക്കാൻ സഹായിച്ച ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോസ് മാത്യു പുഞ്ചയിൽ എന്നിവരെ നന്ദി പൂർവ്വം ഓർക്കുന്നു.

**കുടുംബം**

കുടുംബത്തെക്കുറിച്ച് പറയുമ്പോൾ എല്ലാവരും ആദ്യമെ പറയുക കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എതാണ്. എന്നാൽ എന്തുകൊണ്ട് ഇങ്ങനെ പറയുന്നുവെന്ന് ചിന്തിക്കുന്നില്ല. കുടുംബക്കൂട്ടാ യ്മകൾ എന്താണെന്നും എന്തിനാണെന്നും ഇതിനോടകം ബഹുമാന പ്പെട്ട വൈദികർ അഭിവന്ദ്യ ജോസ് പിതാവ് എഴുതിയ ഇടയലേഖന ങ്ങൾ വിശദീകരിച്ചും സഭാപഠനങ്ങൾ വിവരിച്ചും പഠിപ്പിച്ചിട്ടുണ്ടാകും. കുടുംബത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞാൽ മാത്രമെ കൂട്ടായ്മകളും പ്രധാനപ്പെട്ടതാണ് എന്ന് മനസ്സിലാകൂ.

**1. ദൈവം രൂപം നൽകിയ ബന്ധം**

ദൈവസന്നിധിയിൽ പുരുഷനും സ്ത്രീയും പരസ്പരം 'അസ്ഥി യുടെ അസ്ഥിയും മാംസത്തിന്റെ മാംസവും' എന്ന് ഏറ്റുപറഞ്ഞ് സ്വീക രിക്കുന്നതും വിശുദ്ധമാക്കപ്പെട്ടതുമായ ബന്ധമാണിത്. (ഉത്. 1, 2 അദ്ധ്യാ യങ്ങൾ)

**2. കുടുംബം ബന്ധങ്ങളുടെ കേന്ദ്ര ബിന്ദു**

പുരുഷനും സ്ത്രീയും വിവാഹിതരാകുന്നതിലൂടെ ഭാര്യാഭർതൃ ബന്ധം ആരംഭിക്കുന്നു. (ദൈവം അനുഗ്രഹിച്ച ആദ്യത്തെ ബന്ധം ഭാര്യാഭർതൃ ബന്ധമാണ്). പിന്നീട് ഇവർ അച്ഛനും അമ്മയും മക്കളും എന്ന ബന്ധത്തിലേയ്ക്ക് എത്തുന്നു. സഹോദരബന്ധം തുടങ്ങുന്നത് കുടുംബത്തിലാണ്. അതിനാൽ ബന്ധങ്ങൾ തകർന്നാൽ കുടുംബം ഇല്ലാതാകും. ബന്ധങ്ങളുടെ സംരക്ഷണത്തിന് കൂട്ടായ്മകൾ അനിവാര്യ മാണ്.

**3. നന്മ തിൻമകളുടെ പരിശീലന കളരി**

ഒരു വ്യക്തി തെറ്റും ശരിയും തിരിച്ചറിയാൻ തുടങ്ങുന്നത് കുടും

ബത്തിൽ നിന്നാണ്. ആദ്യത്തെ വിദ്യാലയം കുടുംബമാണ്, അദ്ധ്യാപകർ മാതാപിതാക്കളും. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിലൂടെ നന്മയെ സ്വീകരിക്കാനും തെറ്റിനെ തള്ളിക്കളയാനും പഠിക്കുന്നു. ഇങ്ങനെ ധാർമ്മികതയിൽ വളരുന്നു. ചുരുക്കത്തിൽ കുടുംബം ധാർമ്മികതയുടെ സംരക്ഷണ കേന്ദ്രമാണ്.

**4. ദൈവീക പുണ്യങ്ങൾ പരിശീലിക്കുന്ന ഇടം**

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവീക പുണ്യങ്ങളാണ് ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നത്. കുടുംബം രൂപീകരിക്കുന്നതും നിലനിൽക്കുന്നതും ഈ മൂന്ന് തൂണുകളിലാണ്. വ്യക്തികൾ ഇവ പരിശീലിക്കുന്ന വേദി കുടുംബമാണ്.

**5. കൂദാശകളാൽ ശാക്തീകരിക്കപ്പെടുന്ന ഇടം**

വിവാഹം എന്ന കൂദാശയാൽ ആരംഭിച്ച്, മാമ്മോദീസ മുതലുള്ള എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിന് വ്യക്തികളെ സജ്ജരാക്കുന്ന പ്രഥമ ദേവാലയം കുടുംബമാണ്. ഇതിന്റെ തുടർച്ചയാണ് ഇടവകാ ദേവാലയത്തിലെ പരിശീലനവും, പരികർമ്മവും.

**6. ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന പ്രഥമ ഇടം**

സൃഷ്ടിക്കുക, പരിപാലിക്കുക, സുവിശേഷവൽക്കരിക്കുക എന്ന മാതാപിതാക്കളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കപ്പെടുന്നത് കുടുംബത്തിലാണ്. ഇതിൽ സുവിശേഷവൽക്കരണം എന്നാൽ ദൈവ വിശ്വാസത്തിലും സഭാ വിശ്വാസത്തിലും വളർത്തുക എന്നതാണ്.

മാതാപിതാക്കളെയും മുതിർന്നവരെയും ബഹുമാനിക്കുക, അനുസരിക്കുക, കുടുംബ ജോലികളിൽ സഹായിക്കുക, ഏൽപ്പിക്കപ്പെട്ട ചുമതല നന്നായി നിർവ്വഹിക്കുക, കുടുംബത്തിന്റെയും മാതാപിതാക്കളുടെയും സൽപ്പേര് സംരക്ഷിക്കുക എന്നിവയെല്ലാം മക്കളുടെ ഉത്തരവാദിത്വങ്ങളാണ്.

**7. സ്വാതന്ത്ര്യം അനുഭവിക്കുന്ന ഇടം**

ഒരു വ്യക്തി ഏറ്റവും കൂടുതൽ സ്വാതന്ത്ര്യവും, സുരക്ഷയും അനുഭവിക്കുന്ന ഇടം കുടുംബമാണ്. സ്വാതന്ത്ര്യം ഉപയോഗിക്കുമ്പോൾ കടമകളും ഉത്തരവാദിത്വങ്ങളും മറന്നുപോകരുത്. സ്വാതന്ത്ര്യം എന്നത് ദൈവീക ദാനമാണ്.

**8. കുടുംബം ഗാർഹിക സഭ**

ത്രിയേക ദൈവത്തിലുള്ള വിശ്വാസം, യേശു പ്രദാനം ചെയ്യുന്ന രക്ഷാമാർഗ്ഗങ്ങളായ കൂദാശകളുടെ സ്വീകരണം, പ്രാർത്ഥന, പങ്കുവയ്ക്കൽ, ആശ്രയത്വം എല്ലാം അനുഭവിക്കുകയും അനുവദിക്കുകയും ചെയ്യുന്ന 'ചെറിയ സമൂഹം' കുടുംബമാണ്. അതുകൊണ്ടാണ് രണ്ടാം

വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹിക സഭയെന്ന്' വിശേഷിപ്പിച്ചത്.

**9. കുടുംബത്തിലെ കൂട്ടായ്മ ശക്തിപ്പെടുത്തുക**

കുടുംബ പ്രാർത്ഥന, ഒരുമിച്ചുള്ള ഭക്ഷണം, തുറന്നുള്ള സംഭാഷണം, പ്രോത്സാഹനങ്ങൾ, യാത്രകൾ, ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണം, പരസ്പരസഹായം, ബന്ധങ്ങളുടെ സൂക്ഷിപ്പ് എന്നിവയിലൂടെയെല്ലാം കുടുംബത്തിനുള്ളിലെ കൂട്ടായ്മകൾ ശക്തമാകേണ്ടതുണ്ട്.

**10. കൂട്ടായ്മകൾ ശക്തിപ്പെടുന്ന ഇടവക**

കുടുംബങ്ങൾ ഒരുമിച്ചുകൂടി ആദിമ സഭയുടെ ചൈതന്യം അനുഭവവേദ്യമാക്കുന്ന സന്ദർഭങ്ങളായി മാറണം കുടുംബക്കൂട്ടായ്മകൾ. പ്രാർത്ഥനയും, പഠനവും, സ്നേഹവിരുന്നും, പരസ്പര സഹായവും ഇതിന്റെ മുഖമുദ്രകളായി മാറണം. സഹോദരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാൻ കഴിയേണ്ടതുണ്ട്. സന്തോഷവേളകൾ പങ്കിടാനും, സന്താപവേളകളിൽ സഹതപിക്കാനും സഹായിക്കാനും കഴിയണം.

ഇടവകയാകുന്ന കുടുംബത്തെ ശക്തവും സജീവവുമാക്കുവാൻ കഴിയേണ്ടതുണ്ട്. ഇടവക വികാരിയെ ആത്മീയ പിതാവായി അംഗീകരിച്ചും, അനുസരിച്ചും, ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തും, ഭൗതീകമായും, ആത്മീയമായും വളരാനും, വളർത്താനും, കഴിയണം. ഇതിനായി പരിശീലനങ്ങളും,പദ്ധതികളും രൂപീകരിക്കപ്പെടണം. കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ തുടങ്ങിയ വിഭാഗങ്ങളുടെ ആവശ്യങ്ങളും സാധ്യതകളും പ്രത്യേകം ചർച്ച ചെയ്യപ്പെടണം. ലഭ്യമായ സഹായങ്ങൾ നേടിയെടുക്കുന്നതിനുള്ള അറിവും അവസരങ്ങളും പങ്കുവയ്ക്കപ്പെടണം. അങ്ങനെ സ്വയം വളരാനും, വളർത്താനും ശ്രമിച്ച് സാമൂഹികമായും സാമുദായികമായും നാം ശക്തിപ്പെടാൻ കുടുംബങ്ങളുടെ കൂട്ടായ്മകൾക്കു കഴിയണം.

**റഫറൻസ് :**


1. CCC 2201 മുതൽ 2246 വരെയുള്ള ആർട്ടിക്കിളുകൾ
2. സ്നേഹത്തിന്റെ സന്തോഷം ചാക്രിക ലേഖനം.
3. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങൾ
4. കുടുംബക്കൂട്ടായ്മ രൂപീകരണവുമായി ബന്ധപ്പെട്ട് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ ഇടയലേഖനങ്ങൾ

## സ്കോളർഷിപ്പുകൾ

### 1. പ്രീ മെട്രിക് സ്കോളർഷിപ്പ്

1-10-ാം ക്ലാസ്സുവരെയുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പാണിത്. വാർഷിക കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഓൺലൈൻ ആയി അപേക്ഷിച്ച് പ്രിന്റ് ഔട്ട്, അനുബന്ധ രേഖകളായ സമുദായ സർട്ടിഫിക്കേറ്റ് ആധാർ കോപ്പി, ഫോട്ടോ, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ സഹിതം പഠിക്കുന്ന വിദ്യാലയത്തിൽ ഏൽപ്പിക്കണം.

### 2. പോസ്റ്റ് – മെട്രിക് സ്കോളർഷിപ്പ്

എസ്എസ്എൽസി, +2, ഡിഗ്രി, എന്നിവയ്ക്ക് 50% ത്തിൽ കൂടുതൽ മാർക്കുവാങ്ങിയവരും വാർഷിക കുടുംബ വരുമാനം 2 ലക്ഷം രൂപയിൽ കൂടാത്ത ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വർഷം 7000 രൂപ വരെ സ്കോളർഷിപ്പ് ലഭിക്കും. വീട്ടിൽ നിന്നോ അക്ഷയ കേന്ദ്രം മുഖാന്തരമോ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഓൺലൈൻ ആയി അപേക്ഷിച്ച് അനുബന്ധ രേഖകൾ സഹിതം പഠിക്കുന്ന വിദ്യാലയത്തിൽ/ കോളേജിൽ പ്രിന്റ് ഔട്ട് സമർപ്പിക്കണം.

### 3. സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്

കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ കവിയാത്ത ഡിഗ്രിക്കോ പി.ജിക്കോ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (ഡിഗ്രിക്ക് മാസം 1000 രൂപയും, പി.ജിക്ക് മാസം 2000 രൂപയും വീതം) ലഭിക്കും. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ ഓൺലൈനായി സമർപ്പിച്ച് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും കോളേജിൽ സമർപ്പിക്കണം.

### 4. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്

4 ലക്ഷം വരെ വാർഷിക വരുമാനമുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ട്യൂഷൻഫീസും, ഹോസ്റ്റൽ ഫീസും നൽകുന്ന പദ്ധതിയാണിത്. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ ഓൺലൈനായി സമർപ്പിച്ച് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും പഠിക്കുന്ന സ്ഥാപനത്തിൽ നൽകണം

### 5. മൗലാന ആസാദ് സ്കോളർഷിപ്പ്

കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള +1 ന് പഠിക്കുന്ന പെൺകുട്ടികൾക്ക് വർഷം 6000 രൂപ സ്കോളർഷിപ്പു ലഭിക്കുന്നു. w.w.w maef.nic. in എന്ന സൈറ്റിൽ അപേക്ഷിച്ച് പ്രിന്റ്

ഔട്ട് എടുത്ത് സ്ഥാപന മേധാവിയുടെ ഒപ്പോടുകൂടി പ്രിന്റ് ഔട്ട് അതിൽ കാണിച്ചിരിക്കുന്ന അഡ്രസ്സിൽ അയച്ചുകൊടുക്കണം.

**6. ബി.പി.എൽ സ്കോളർഷിപ്പ്**

ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ ഏറ്റവും മികവോടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷം 5000 രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു. ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് ആണ് സ്കോളർഷിപ്പ് നൽകുന്നത്. സ്ക്കൂളിൽ നിന്ന് അപേക്ഷ ഫോറം വാങ്ങി, യോഗ്യതാ പരീക്ഷ മാർക്കു ലിസ്റ്റും അനുബന്ധ രേഖകളും സഹിതം സ്ക്കൂളിൽ സമർപ്പിക്കണം.

**7. ഐ.ഇ.ഡി സ്കോളർഷിപ്പ്**

വികലാംഗരായ വിദ്യാർത്ഥികൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സ്കോളർഷിപ്പാണിത്. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ ഓൺലൈനായി സമർപ്പിച്ച് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സഹിതം വിദ്യാലയത്തിൽ സമർപ്പിക്കണം.

**8. വിദ്യാ സമുന്നതി സ്കോളർഷിപ്പ്**

വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ കവിയാത്ത മുന്നോക്ക വിഭാഗത്തിൽ പെട്ടവർക്ക് ഹൈസ്ക്കൂൾ വരെ 2000, ഹയർ സെക്കന്ററി 3000, യു.ജി 5000, പി. ജി 6000 പ്രൊഫഷണൽ ഡഗ്രി 7000, സി. എ 10000 എന്ന തോതിൽ ലഭിക്കുന്നു. അപേക്ഷയും വിശദാംശങ്ങളും www.kswcfc. Org എന്ന സൈറ്റിൽ ലഭിക്കുന്നു.

**9. പ്രതിഭാ സ്കോളർഷിപ്പ്**

+2 വിന് 95% മാർക്കിൽ കൂടുതൽ വാങ്ങി ബി.എസ്.സിയ്ക്കു പഠിക്കുന്ന കുട്ടികൾക്ക് വർഷം 12000 രൂപ മുതൽ 24000 രൂപ വരെയും, പി. ജിക്ക് ഒന്നാം വർഷം 40000 രൂപയും രണ്ടാം വർഷം 60000 രൂപയും സ്കോളർഷിപ്പ് ലഭിക്കുന്നു.

**10. ഇൻസ്പയർ സ്കോളർഷിപ്പ്**

കെ.വി. പി.വൈ എന്ന യോഗ്യതാ പരീക്ഷ 10-ാം ക്ലാസ്സിലോ, 11-ാം ക്ലാസ്സിലോ എഴുതി ഉയർന്ന റാങ്കു നേടുകയോ, ഹയർസെക്കൻഡറി സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ബോർഡു പരീക്ഷകളിൽ ഏറ്റവും ഉയർന്ന മാർക്കുവാങ്ങുന്ന കുട്ടികൾ ബി.എസ്.സി. ക്ക് പഠിക്കുകയാണെങ്കിൽ പഠനകാലഘട്ടം മുഴുവൻ വർഷം 80000 രൂപ വരെ സ്കോളർഷിപ്പു ലഭിക്കുന്നു.

**11. സ്നേഹപൂർവ്വം**

അച്ഛനോ അമ്മയോ മരണപ്പെട്ടിട്ടുള്ളതും വാർഷിക വരുമാനം 20000 രൂപയിൽ കുറവുള്ളതുമായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

ആണിത്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കണം. പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സഹിതം വിദ്യാലയത്തിൽ സമർപ്പിക്കണം.

**12. പ്രൊഫസർ മുണ്ടശ്ശേരി സ്കോളർഷിപ്പ്**

വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കുറവുള്ള ന്യൂനപക്ഷ വിഭാഗത്തിൽപെട്ട എസ്.എസ്.എൽ.സി,+2, വിഎച്ച്സി എന്നിവയിൽ എല്ലാ വിഷയത്തിലും എ+ നേടിയ വിദ്യാർത്ഥികൾക്ക് 10000 രൂപ ക്യാഷ് അവാർഡ് നൽകുന്ന സ്കോളർഷിപ്പാണിത്. ഡിപ്പാർട്ട്മെന്റ് ഓഫ് മൈനോരിറ്റി വെൽഫയറിന്റെ സൈറ്റിൽ ഓൺ ലൈനായി അപേക്ഷിച്ച് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും പഠിക്കുന്ന സ്ഥാപനത്തിൽ നൽകണം.

**13. ഐ. റ്റി. സി. ഫ്രീ. റി ഇംമ്പേഴ്സ്മെന്റ് സ്കീം**

വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ കവിയാതെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഐ.റ്റി. സി. പഠനത്തിന്റെ 10000 വരെയുള്ള ഫീസ് ഒരു വർഷം തിരിച്ചു നൽകുന്ന സ്കോളർഷിപ്പാണിത്, ഡിപ്പാർട്ട്മെന്റ് ഓഫ് മൈനോരിറ്റി വെൽഫെയറിന്റെ സൈറ്റിൽ ഓൺലൈനായി അപേക്ഷിച്ച് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും പഠിക്കുന്ന സ്ഥാപനത്തിൽ നൽകണം.

**14. സി.എ/ഐ.സി. ഡബ്യു.എ/ സി.എസ് സ്കോളർഷിപ്പ്**

വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കുറവുള്ള ന്യൂനപക്ഷ വിഭാഗത്തിൽപെട്ടതും സി.എ/ഐ.സി. ഡബ്യു.എ/ സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നതും യോഗ്യതാ പരീക്ഷയ്ക്ക് 60% മാർക്കിൽ കൂടുതൽ നേടിയതുമായ വിദ്യാർത്ഥികൾക്ക് ഫൗണ്ടേഷൻ, ഇന്റർമീഡിയറ്റ്, ഫൈനൽ കോഴ്സുകൾക്ക് 15000 രൂപ വീതം ലഭിക്കുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് മൈനോരിറ്റി വെൽഫെയറിന്റെ സൈറ്റിൽ ഓൺലൈനായി അപേക്ഷിച്ച് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും പഠിക്കുന്ന സ്ഥാപനത്തിൽ നൽകണം.

**ഫാ. പോൾ വാഴപ്പള്ളി**

കുടുംബകൂട്ടായ്മ ഡയറക്ടർ

**ജാഗരണ പ്രാർത്ഥന**

യുവജനവർഷത്തോടനുബന്ധിച്ച് ഒക്ടോബറിൽ നടക്കുന്ന യൂത്ത് കൺവെൻഷന് വേണ്ടിയുള്ള ജാഗരണ പ്രാർത്ഥന യൂത്ത് മിനിസ്ട്രി ചാപ്പലിൽ ജൂൺ ഇരുപതാം തീയതി ബുധനാഴ്ച്ച നടത്തി. ജാഗരണ പ്രാർത്ഥനക്ക് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ നേതൃത്വം നല്കി.

**നാഥനോടൊത്ത്**

യുവജനവർഷ കൺവെൻഷനോടനുബന്ധിച്ച് മാനന്തവാടി രൂപതയിലെ വിവിധ സന്യാസിനി സമൂഹത്തെ പ്രതിനിധീകരിച്ചുള്ള Contact Person ന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. ജൂൺ 2 ശനിയാഴ്ച്ച സി.ആൻസി തോമസ് സി.എം.സി യുടെ നേതൃത്വത്തിൽ നടവയൽ പ്രോവിൻഷ്യൽ ഹൗസിലും, സി.ബെറ്റി എസ്.എച്ച് ന്റെ നേതൃത്വത്തിൽ ജൂൺ 26 ചൊവ്വാഴ്ച്ച ദ്വാരക പ്രോവിൻഷ്യൽ ഹൗസിലും, സി.മെറീനാ എസ്.കെ.ടി യുടെ നേതൃത്വത്തിൽ ക്രിസ്തുദാസി ജനറലേറ്റ് തോണിച്ചാലിലും, സി. ജോസിയുടെ നേതൃത്വത്തിൽ ദ്വാരകാ സെന്റ് ഫ്രാൻസിസ്ക്കൻ കോൺവെന്റിലും ജാഗരണ പ്രാർത്ഥന നടന്നു. സഹകരിച്ച എല്ലാ സുപ്പീരിയേഴ്സിനേയും സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

**യുവജന ദിനാഘോഷം**

യുവജന ദിനാഘോഷത്തോടനുബന്ധിച്ച് ജുലൈ 8–ാം തീയതി കോട്ടത്തറ സെന്റ് ആന്റണീസ് പള്ളിയിൽവെച്ച് ഇടവക വികാരി ഫാ.സെബാസ്റ്റ്യൻ എലവനപാറയുടെ നേതൃത്വത്തിൽ യുവജന ഏകദിന സെമിനാർ നടന്നു. 100 പേർ അടങ്ങുന്ന ഗ്രൂപ്പിന് 'യുവജനങ്ങളും സഭയും' എന്ന വിഷയത്തെ ആസ്പദമാക്കി ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസ്സ് നല്കി. സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

**യുവജന ഏകദിന കൺവെൻഷൻ**

ജുലൈ 15 ഞായറാഴ്ച്ച യുവജനങ്ങൾക്കുവേണ്ടിയുള്ള ഏകദിന

കൺവെൻഷൻ മീനങ്ങാടി സെന്റ് ഫ്രാൻസീസ് അസിസ്സി ദേവാലയത്തിൽ വെച്ച് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്നു. ബ്രദർ ജിബി ജോസ് ക്ലാസ്സ് നല്കി. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ യുവജനങ്ങൾക്ക്വേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. വികാരി ഫാ.ജോസ് ഇല്ലിമൂട്ടിലിനോടൊപ്പം സഹകരിച്ച ഫാ.ജോൺസൻ റ്റി.ഒ.ആർ, യൂഫ്രാ പ്രസിഡന്റ് റിനീഷ് മടലാങ്കൽ, സെക്രട്ടറി മനു കാഞ്ഞിരത്തിങ്കലിനും എല്ലാ യുവജന സുഹൃത്തുക്കളേയും, എസ്.എ.ബി.എസ് സിസ്റ്റേഴ്സിനേയും ഇടവകാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

**ഏകദിനധ്യാനം**

യുവജനങ്ങൾക്ക്വേണ്ടി ജൂൺ 3 ഞായറാഴ്ച്ച തരിയോട് സെന്റ് മേരീസ് പള്ളിയിൽ വെച്ച് വികാരി ഫാ.ജെയിംസ് കുന്നത്തേട്ടിന്റെ നേതൃത്വത്തിൽ 80 ഓളം യുവജനങ്ങൾക്കുവേണ്ടിയുള്ള ഏകദിന ധ്യാനം നടന്നു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കലും, സി.ലിസ എസ്.കെ.ടി യും ക്ലാസ്സ് നയിച്ചു. കെ.സി.വൈ.എം. ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ യുവജനങ്ങൾക്കു വേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
യുവജനവർഷ ജനറൽ കൺവീനർ

# മതബോധനരംഗം

**ആമുഖ സെമിനാർ**

ജൂൺ 29 മുതൽ ജൂലൈ 1 വരെയുള്ള ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ആമുഖ സെമിനാറിൽ 80 അധ്യാപകരും, ജൂലൈ 14,15 തീയതികളിൽ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ആമുഖ സെമിനാറിൽ 56 അധ്യാപകരും പങ്കെടുത്തു. നവാഗതരായ മതാധ്യാപകർക്ക് ആശംസകളും പ്രാർത്ഥനകളും നേരുന്നു. മണിമൂളി പാസ്റ്ററൽ സെന്ററിൽ ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ ബഹു.ജോസ് മേച്ചേരി അച്ചന് പ്രത്യേകമായ നന്ദി.

**DCC സംഗമം**

DCC 2018-2020 ബാച്ചിന്റെ പ്രഥമസംഗമം സെപ്റ്റംബർ 9-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. DCC യ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന കുട്ടികളെ ബഹു. ഹെഡ്മാസ്റ്റേഴ്സ് ഈ വിവരം അറിയിക്കണം എന്നോർമ്മിപ്പിക്കുന്നു. രാവിലെ 9.30 ന് വി.കുർബാനയോടുകൂടി ആയിരിക്കും സംഗമം ആരംഭിക്കുന്നത്.

**ക്ലാസ്സ് പരീക്ഷ**

ഓഗസ്റ്റ് 26-ാം തീയതി ഞായറാഴ്ചയാണ് ആദ്യ സെമസ്റ്ററിലെ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. നിർബന്ധമായും ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തുകയും അതിന്റെ മാർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യണം. ഈ പരീക്ഷയിൽ പാഠപുസ്തകം 60, ഉപപാഠപുസ്തകം (പാർട്ട്1)-20%, വിശുദ്ധ ഗ്രന്ഥ ഭാഗം (വചനവിളക്ക്)-50%, പൊതുവിജ്ഞാനം-5%, നമസ്കാരങ്ങൾ -10%, എന്ന രീതിയിൽ ചോദ്യ പേപ്പറുകൾ ഇടവകകളിൽത്തന്നെ തയ്യാറാക്കി പരീക്ഷ നടത്തണം. ഈ മാർക്കുകളുടെകൂടെ അടിസ്ഥാനത്തിലാണ് തുടർമൂല്യനിർണ്ണയത്തിന് (CE) മാർക്ക് ഇടേണ്ടത്.

**HDC ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സുകൾ ഓഗസ്റ്റ് മാസത്തിലാണ് ആരംഭിക്കുന്നത്. ഓഗസ്റ്റ് 28, സെപ്റ്റംബർ 20 തീയതികളിൽ

ദ്വാരകയിൽ വച്ച് ക്ലാസ്സുകൾ നടത്തപ്പെടുന്നതാണ്. ആദ്യ ക്ലാസ്സിന് വരുമ്പോൾ കൊണ്ടുവരേണ്ട അസൈൻമെന്റിന്റെ വിഷയം താഴെ കൊടുക്കുന്നു. പത്ത് പേജിൽ കവിയാതെയുള്ള അസൈന്റ്മെന്റാണ് സമർപ്പിക്കേണ്ടത്.

വിഷയം:- ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും ഓരോ ചുവടുവയ്പ്പിലും എപ്പോഴും കൃപയുടെ ആവശ്യമുണ്ടെന്ന് അംഗീകരിക്കുന്നവർക്കാണ് വിശുദ്ധിയിലേക്കുള്ള വിളി ലഭിക്കുന്നത്. ആനന്ദിച്ച് ആഹ്ളാദിക്കുവിൻ എന്ന ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക. (പുസ്തകം മാനന്തവാടി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്).

HDC രണ്ടാം വർഷക്കാരുടെ അടുത്ത ക്ലാസ്സുകൾ ഓഗസ്റ്റ് 11 - ദ്വാരക, സെപ്റ്റംബർ 20-മണിമൂളി എന്നീ തീയതികളിൽ നടക്കുന്നതാണ്.

**Plus Two വിദ്യാർത്ഥി സംഗമം**

ഈ വർഷം Plus Two വിശ്വാസ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ സംഗമം, കഴിഞ്ഞ വർഷങ്ങളിലേതുപോലെ തന്നെ മേഖലാതലത്തിൽ ക്രമീകരിച്ചിരിക്കുന്നു. ജൂലൈ15-ാം തീയതി മുതലുള്ള ഞായറാഴ്ചകളിലാണ് സംഗമം നടക്കുന്നത്. ഓരോ മേഖലയ്ക്കും കലണ്ടറിൽ തന്നിരിക്കുന്ന തീയ്യതികൾ ശ്രദ്ധിക്കുക. അതേ ദിവസം തന്നെ സംഗമം ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസ പരിശീലനത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ. ഫാ.കുര്യൻ വാഴയിൽ (ബത്തേരി), റവ. ഫാ.മനോജ് കാക്കോനാൽ (തരിയോട്) എന്നീ വൈദീകർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ മേഖലാ ഡയറക്ടേഴ്സായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ.ഫാ.ചാക്കോ മേപ്പുറത്ത് (ബത്തേരി), റവ.ഫാ. സെബാസ്റ്റ്യൻ എലവനപ്പാറ (തരിയോട്) എന്നീ വൈദീകർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**Plus One, Plus Two, HDC, DCC Mark list, Certificate**

Plus One, Plus Two, HDC, DCC Mark list, Certificate എന്നിവ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ രൂപതാ മതബോധന ഓഫീസിൽ നിന്നും നേരിട്ട് വാങ്ങേണ്ടതാണെന്ന് അറിയിക്കുന്നു.

**രൂപതാ വിസിറ്റ്**

ഇടവകയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി രൂപതാ ടീമംഗങ്ങൾ ഓഗസ്റ്റ് മാസം മുതൽ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്. സന്ദർശന ദിവസങ്ങൾ ഏതാണെന്ന് ഹെഡ്മാസ്റ്റേഴ്സിനെ മുൻകൂട്ടി അറിയിക്കുന്നതാണ്.

**വിവിധ ഫൊറോനകളിലെ സന്ദർശന തീയതികൾ**

ജൂലൈ 22-പയ്യമ്പള്ളി ഫൊറോന, ഓഗസ്റ്റ് 5-മാനന്തവാടി ഫൊറോന, ഓഗസ്റ്റ് 12-മുള്ളൻകൊല്ലി ഫൊറോന, ഓഗസ്റ്റ് 19-ബത്തേരി ഫൊറോന, സെപ്റ്റംബർ 2-നടവയൽ ഫൊറോന, സെപ്റ്റംബർ 9-കൽപ്പറ്റ ഫൊറോന, സെപ്റ്റംബർ 16-തരിയോട് ഫൊറോന, സെപ്റ്റംബർ 30- കല്ലോടി, ദ്വാരക ഫൊറോനകൾ, ഒക്ടോബർ 7-ചുങ്കക്കുന്ന് ഫൊറോന, ഒക്ടോബർ 14-നീലഗിരി ഫൊറോന, നവംബർ 18-നിലമ്പൂർ, മണിമൂളി ഫൊറോനകൾ.

**മേഖലാ വാർത്തകൾ - തരിയോട് മേഖല**

2017-18 അദ്ധ്യയന വർഷത്തിലെ മേഖലാ സ്ക്കോളർഷിപ്പ് വിജയികൾ

STD V

| | | | |
|---|---|---|---|
| I | സ്നേഹ പള്ളിക്കാത്തൊട്ടി | - | തരിയോട് |
| II | ബ്ലസ്സൽ തുരിത്തേൽ | - | കാവുമന്ദം |
| III | ശ്രേയ കൂവയ്ക്കൽ | - | തരിയോട് |

STD VI

| | | | |
|---|---|---|---|
| I | എൽസ കുപ്പയിൽ | - | കാവുമന്ദം |
| I | തെരേസ് റോസ് പനയ്ക്കൽ | - | ചെന്നലോട് |
| II | അതുല്യ പാലയ്ക്കത്തടം | - | മഞ്ഞൂറ |
| II | ഫെബിയ പര്യാത്ത് | - | മഞ്ഞൂറ |
| III | ജോസഫ് പുരയ്ക്കൽ | - | ചെന്നലോട് |

STD VIII

| | | | |
|---|---|---|---|
| I | ഡിൽന വാഴക്കാലായിൽ | - | മഞ്ഞൂറ |
| II | മിനു അതിരത്തിൽ | - | മഞ്ഞൂറ |
| III | ഹിൽക്കിയ ഓളിപ്പറമ്പിൽ | - | തരിയോട് |

STD IX

| | | | |
|---|---|---|---|
| I | ജുവൽ മരിയ പുന്നവേലിൽ | - | മഞ്ഞൂറ |
| II | ഡെനിൽ പാറയിൽ | - | തരിയോട് |
| III | അലീന തോപ്പിൽ | - | കുറുമ്പാല |

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് സുഹൃത്തുക്കളെ,

തീക്ഷണതയുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും. വളരെ മനോഹരമായി വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് മികവാർന്ന പങ്കാളിത്വത്തോടെ മേഖലാ, രൂപതാ സാഹിത്യമത്സ രങ്ങൾ ക്രമീകരിച്ച മേഖലാ ഡയറക്ടേഴ്സ് & ജോ. ഡയറക്ടേഴ്സ്, ഭാരവാഹികൾ, രൂപതാ എക്സികൂട്ടീവ് & ടീം അംഗങ്ങൾ എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ. ആഗസ്റ്റ് മാസത്തെ പ്രേഷിതപ്രവർത്തന ങ്ങളിലേയ്ക്ക് നിങ്ങളെ സ്വാഗതം ചെയ്യുകയാണ്. ദൈവഹിതത്തിനായ് ഹൃദയം തുറക്കുകയും വിനയത്തിലൂടെ സ്വർഗ്ഗത്തെ അതുല്യമായി പ്രീതിപ്പെടുത്തുകയും ചെയ്ത പരി.അമ്മയും പൗരോഹിത്യത്തിന്റെ ലാളിത്യ ശുദ്ധിയെ ജീവിതം കൊണ്ട് അടയാളപ്പെടുത്തിയ വി.വിയാ നിയും സുകൃതജീവിതത്തിലൂടെ പ്രേഷിതരാകാൻ നമ്മെ നിരന്തരം പ്രചോദിപ്പിക്കുന്ന കുഞ്ഞേട്ടനും നമ്മുടെ ചിന്തകൾക്ക് വിഷയമാകുന്നു.

നിങ്ങൾക്ക് നൂറുപേരെ സഹായിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു വ്യക്തിയെ സഹായിക്കുക. ഒരു വ്യക്തിയെ സഹായിക്കാൻ കഴിഞ്ഞി ല്ലെങ്കിൽ നിങ്ങൾ അവരുടെ മുഖത്തു നോക്കി നന്നായി ഒന്നു പുഞ്ചിരി ക്കുക. തന്റെ കരുണയുടെ നോട്ടംകൊണ്ടും നല്ല പുഞ്ചിരികൊണ്ടും ലോകത്തെ പ്രകാശിപ്പിച്ച ഒരു വനിതയായിരുന്നു വി. മദർ തെരേസ. അവർ വിശക്കുന്നവന് ആഹാരം കൊടുക്കുന്നതിന് മുമ്പും, നഗ്നന് വസ്ത്രം കൊടുക്കുന്നതിന് മുമ്പും ആലംബഹീനരുടെ മുഖത്തേയ്ക്കു നോക്കി നന്നായി പുഞ്ചിരിച്ചിരുന്നു. ഇന്ന് ലോകത്തിന് നിങ്ങളുടെ പുഞ്ചിരി ആവശ്യമാണ്. അത് അനേകർക്ക് ആശ്വാസമാണ്; അനേ കർക്ക് ആത്മവിശ്വാസം നൽകുന്നതാണ്. അത് അനേകർക്ക് സാന്ത്വനം ലഭിക്കുന്നതാണ്. ലോകത്തെ നോക്കി നന്നായി പുഞ്ചിരിക്കുക. ഇന്ന് നിങ്ങളുടെ പുഞ്ചിരിയും മറ്റുള്ളവർക്ക് ആവശ്യമാണ്.

പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

**ഷിജു അച്ചൻ**

**ആഗസ്റ്റ് മാസത്തിലെ പ്രവർത്തനങ്ങൾ**

**പ്രാർത്ഥനാ മലരുകൾ** - 71 സ്വർഗ്ഗസ്ഥനായ പിതാവേ..

**സുകൃതജപം:** പരിശുദ്ധരാഞ്ജി തമ്പുരാന്റെ അമ്മേ..

മിഷൻ പ്രയർ ബാങ്ക് ശേഖരണം - ചാന്ദാരൂപത (തരിയോട് മേഖലയിലെ ശാഖകൾ)

**കുഞ്ഞേട്ടൻ അനുസ്മരണം-** മിഷൻലീഗ് സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ ഒൻപതാം ചരമവാർഷിക ദിനം 11-8-2018 ശനിയാഴ്ച. ഞായറാഴ്ച കുഞ്ഞേട്ടൻ അനുസ്മരണ ദിനമായി ആചരിക്കുമല്ലോ.

**ബർക്കുമാൻസ് ദിനം-ആഗസ്റ്റ് 13**

അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായ വി.ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനം, ആഗസ്ത്-13, ഞായർ. അൾത്താര ശുശ്രൂഷികളെയും ദേവാലയ ശുശ്രൂഷിയെയും ആദരിക്കുക.

**'സ്നേഹദൂത്' ശാഖാസന്ദർശനം**

ചുങ്കക്കുന്ന്(05-08-2018) മാനന്തവാടി (12-08-2018) പയ്യമ്പള്ളി (19-08-2018) മേഖലകളിൽ സന്ദർശനം നടത്തുന്നു.

**'INSIGHT - 2018' അൾത്താരബാല സംഗമം**

അൾത്താര ബാലന്മാർക്കായി ആഗസ്റ്റ് 21, 22 തിയ്യതികളിൽ വിവിധ മേഖലകളിൽ ക്യാമ്പ് നടത്തപ്പെടുന്നു. ബത്തേരി + മുള്ളൻകൊല്ലി; കൽപ്പറ്റ + തരിയോട്; നടവയൽ + പയ്യമ്പള്ളി (ചൊവ്വ വൈകിട്ട് 4 മുതൽ ബുധൻ വൈകിട്ട് 4 വരെ) 26, 27 തിയ്യതികളിൽ മണിമൂളി + നിലമ്പൂർ; ദ്വാരക + കല്ലോടി, മാനന്തവാടി + ചുങ്കക്കുന്ന് (ഞായർ വൈകിട്ട് 4 മുതൽ തിങ്കൾ വൈകിട്ട് 4 വരെ)

**ഏയ്ഞ്ചൽ മീറ്റ്**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച മുഴുവൻ കുട്ടികളുടേയും സംഗമം 24-08-2018-വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 50 രൂപയാണ്. ഓരോ ഇടവകയിൽ നിന്നും വരുന്ന കുട്ടികളുടെ എണ്ണം 20-ന് മുമ്പ് ഓഫീസിൽ അറിയിക്കുമല്ലോ?

**തിരുബാലസഖ്യം - മാറ്റൊലി- കഥ പറച്ചിൽ മത്സരം**

റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് തിരുബാലസഖ്യ അംഗങ്ങൾക്കായി കഥ പറച്ചിൽ മത്സരം ക്രമീകരിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കുട്ടികളുടെ കഥ റെക്കോഡ് ചെയ്ത് ഓഫീസ് വാട്ട്സപ് നമ്പറിലേയ്ക്ക് (9188241017) ആഗസ്റ്റ് 10-ന് മുമ്പ് അയക്കുക. ഏറ്റവും മികച്ച കഥ റേഡിയോ മാറ്റൊലിയിൽ സംപ്രക്ഷേപണം ചെയ്യുന്നതാണ്.

**വിഞ്ജാന ദീപിക ടെലി ക്വിസ്സ്**

26-8-18 ഞായർ - 3 മണിമുതൽ 4 മണിവരെ.

**ജൂലൈ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങൾ**

**മേഖലാ ഡയറക്ടേഴ്സ്- ജോയിന്റ് ഡയറക്ടേഴ്സ് സംഗമം**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മേഖലാ ഡയറക്ടേഴ്സ്-ജോയിന്റ് ഡയറക്ടേഴ്സ് സംഗമം നടത്തി. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിച്ചു. രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദി ആശംസിച്ചു. ജനറൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, സി. പ്രശാന്തി എം.എസ്. എം.ഐ എന്നിവർ നേതൃത്വം നൽകി.

**സഭാദിന സംഗമം**

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന സീറോ മലബാർ സംഗമത്തിൽ മാനന്തവാടി രൂപതയിലെ മിഷൻലീഗിനെ പ്രതിനിധീകരിച്ച് ശ്രീ.ജോയി മേപ്പാടം, അഞ്ജു ജോർജ്ജ്, സി. ലിസ ജോസ് സി.എം.സി എന്നിവർ പങ്കെടുത്തു.

**സെന്റ് തോമസ് ഡേ അനുസ്മരണം- ചെന്നലോട് ശാഖയിൽ**

ഭാരതത്തിന്റെ അപ്പസ്തോലനും മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ തിരുനാൾ തരിയോട് മേഖലയിലെ ചെന്നലോട് ശാഖയിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ വി.ബലിയർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. തുടർന്നുള്ള പ്രേഷിതറാലിയിലും, ആഘോഷ പരിപാടികളിലും രൂപതാ എക്സികൂട്ടീവ് അംഗങ്ങളായ അഡ്വ. ജിജിൽ കിഴക്കരക്കാട്ട്, ശ്രീ.അരുൺ പേഴക്കാട്ടിൽ എന്നിവർ പങ്കെടുത്തു.

**മണിമൂളി-നിലമ്പൂർ- നീലഗിരി റീജണൽ കൗൺസിൽ**

മണിമൂളി, നിലമ്പൂർ, നീലഗിരി റീജണൽ കൗൺസിൽ ജൂൺ 24-ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. മണിമൂളി, നിലമ്പൂർ, റീജിയണിന്റെ സിഞ്ചെല്ലൂസ് റവ.ഫാ. ജോസഫ് മേച്ചേരിൽ തിരികൊളുത്തി കൗൺസിൽ സമ്മേളനത്തിന് തുടക്കം കുറിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ.ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് മണിമൂളി മേഖലാ ഡയറക്ടർ റവ.ഫാ. ബിജു തൊണ്ടിപറമ്പിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ആമുഖ പ്രഭാഷണം നടത്തി. കൗൺസിലിൽ വച്ച് മികച്ച മേഖലകൾക്കുള്ള ട്രോഫി റവ. ഫാ.ജോസഫ് മേച്ചേരി വിതരണം ചെയ്തു. സൺഡേസ്കൂൾ 10,12 ക്ലാസ്സുകളിൽ ഫസ്റ്റ് റാങ്കും, എസ്.

എസ്.എൽ. സി , +2 ഫുൾ എ പ്ലസും ലഭിച്ചവരെ നീലഗിരി മേഖല ഡയറക്ടർ റവ.ഫാ. സജി ഇളയിടത്ത് ആദരിച്ചു. പച്ചക്കറി വിത്ത് വിതരണം നിലമ്പൂർ മേഖലാ ഡയറക്ടർ റവ.ഫാ. മനു അറയ്ക്കപ്പറമ്പിൽ നിർവഹിച്ചു. 2018-19 പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാശനം മണിമൂളി ഫൊറോന വികാരി റവ.ഫാ. കുര്യാക്കോസ് കുന്നത്ത് മണിമൂളി മേഖലാ പ്രസിഡണ്ട് ശ്രീ. വിൻസന്റ് തലച്ചിറയ്ക്ക് നൽകിക്കൊണ്ട് നിർവഹിച്ചു. തുടർന്ന് മേഖലാ ഡയറക്ടേഴ്സ് & ജോയിന്റ് ഡയറക്ടേഴ്സ്, ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് എന്നിവരുടെ സംഗമവും നടത്തി. ജനറൽ ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ കൗൺസിലിന് നന്ദി പറഞ്ഞു.

**ജോ. ഡയറക്ടേഴ്സ് സംഗമം**

2018-19 വർഷത്തിലെ ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ആനിമേറ്റർ റവ.സി. പ്രശാന്തി എം.എസ്.എം.ഐ- യുടെ നേതൃത്വത്തിൽ ജപമാല പ്രാർത്ഥനയോടെ ആരംഭിച്ചു. തുടർന്ന് രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിക്കുകയും മാനന്തവാടി രൂപതാ വൊക്കേഷൻ പ്രൊമോട്ടർ റവ.ഫാ.ബിജു തുരുത്തേൽ സംഗമം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴി നന്ദി പറഞ്ഞു.

**'നമുക്ക് നല്ല പ്രചോദകരാകാം'- പഠനക്ലാസ്സ്**

2018-2019 പ്രവർത്തന വർഷത്തിലെ 109 ശാഖാ ജോ.ഡയറക്ടേഴ്സ് പങ്കെടുത്ത സംഗമത്തിന് മാനന്തവാടി രൂപത മുൻ മതബോധന ഡയറക്ടർ റവ.ഫാ.റോയി വട്ടക്കാട്ട് ക്ലാസ്സ് നയിച്ചു. തുടർന്ന് ജനറൽ ഓർഗനൈസർ ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ മാർഗ്ഗരേഖ അവതരണം നടത്തി.

**ജോയിന്റ് ഡയറക്ടേഴ്സിന് ആദരവ്**

2017-2018 പ്രവർത്തനവർഷത്തിലെ മികച്ച മേഖലകളിലെയും, ശാഖകളിലെയും ജോ.ഡയറക്ടേഴ്സിനെ രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ സ്നേഹോപഹാരം നൽകി ആദരിച്ചു.

**'വയൽ 2018' (മേഖല സെമിനാർ)**

'കുഞ്ഞുമിഷനറിമാർ പ്രേഷിത യുവത്വത്തിലേയ്ക്ക്' എന്ന പഠനവിഷയവുമായി ബന്ധപ്പെട്ട ഏകദിന സെമിനാർ: ബത്തേരി, പയ്യമ്പള്ളി, തരിയോട്, മുള്ളൻകൊല്ലി, നടവയൽ, കല്ലോടി, മാനന്തവാടി, ചുങ്കക്കുന്ന് എന്നീ മേഖലകളിൽ നടത്തി. സെമിനാറിന് നേതൃത്വം

നൽകിയ രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾക്കും, മേഖലാ ഭാര വാഹികൾക്കും – ക്ലാസ്സുകൾ നയിച്ച ശ്രീ. ജോൺസൺ ചിറായിൽ, ശ്രീ.ഷാജി പനച്ചിക്കൽ, ശ്രീ. ബിനു മാങ്കൂട്ടം, ശ്രീ. രഞ്ജിത്ത് മുതു പ്ലാക്കൽ, ശ്രീ.ഷാജി ചന്ദനപറമ്പിൽ, ശ്രീ.അജീഷ് ഇടപ്പാട്ട് എന്നിവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ശാഖാ സന്ദർശനം**

മണിമൂളി മേഖലയിലെ എല്ലാ ശാഖകളിലും സന്ദർശനം നടത്തി. സന്ദർശനത്തിനു നേതൃത്വം നൽകിയവർക്കും സഹകരിച്ചവർക്കും നന്ദി..

**മേഖല വാർത്തകൾ**

**തരിയോട്**

പരിസ്ഥിതി ദിനാഘോഷം നടത്തി. കാവുംമന്ദം പുഴയ്ക്കൽ റോഡ് വൃത്തിയാക്കി, മിഷൻ വാഴ നട്ടു. പീസ് വില്ലേജിൽ ശുചീക രണം നടത്തി. മികവ്–2018– S.S.L.C., +2 പരീക്ഷയിൽ A+ നേടിയ (മേഖല യിലെ) മുഴുവൻ കുട്ടികളെയും ആദരിച്ചു. സാഹിത്യ ശിൽപശാല നടത്തി.

**ശാഖാ വാർത്തകൾ**

*നരിവാലമുണ്ട*:– 10,+2, ഫുൾ എ പ്ലസ് കിട്ടിയ കുട്ടികളേയും ബി.ബി. എസ്– പാസ്സായ ഒരു കുട്ടിയേയും ക്യാഷ് അവാർഡും മെമന്റോയും നൽകി അനുമോദിച്ചു. ശാഖാ പ്രസിഡണ്ട് ഒരു രോഗിക്ക് രക്തം ദാനം ചെയ്തു.

*ബത്തേരി*:– പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. മതാദ്ധ്യാപകർക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വീടും പരിസരവും വൃത്തിയാ ക്കുന്നു.

*വടക്കനാട്*:– വടക്കനാട് ഗ്രാമ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ അമ്മമാരുടെ നിരാഹാര സമരത്തിൽ ഐക്യദാർഢ്യം പ്രഖ്യാ പിച്ചുകൊണ്ട് നടത്തിയ റാലിയിൽ കുട്ടികൾ പങ്കെടുക്കുകയും അമ്മ മാരുടെ കൂടെ കുറേ സമയം ചെലവഴിക്കുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി, പ്രാർത്ഥിച്ചു.

*വൈത്തരി*:– സിമിത്തേരി വൃത്തിയാക്കി, തിരുഹൃദയ തിരുനാളിലെ 13 മണിക്കൂർ ആരാധനയ്ക്ക് 1 മണിക്കൂർ സി.എം.എൽ അംഗങ്ങൾ നേതൃത്വം വഹിച്ചു.

*തൃക്കൈപ്പറ്റ*:– ഇടവകയിൽ പ്രാർത്ഥനാദിനം ആചരിച്ചു, ബഹു.ഫാ. ജിജോ വാത്തേലിൽ വേദപാഠക്ലാസ്സ് സംബന്ധിച്ച് പരീക്ഷ നടത്തി.

*പന്തിപൊയിൽ*:– പഠനോപകരണങ്ങൾ ശേഖരിച്ച് മേഖലയ്ക്കും ശാഖയ്ക്കും വിതരണം ചെയ്തു. വൈത്തിരി ഗവൺമെന്റ് ആശുപ

ത്രിയിൽ ഉച്ചഭക്ഷണം നൽകി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷതൈകൾ, വാഴ എന്നിവ നട്ടു. രോഗീസന്ദർശനം നടത്തി.

*തൃശ്ശിലേരി*:- പ്രസംഗ പരിശീലനം, അൾത്താര സംഗമം, ക്വിസ്സ് മത്സരം, മാതാപിതാക്കൾക്ക് സെമിനാർ എന്നിവ നടത്തി. മിഷൻ ഗ്രാമങ്ങൾക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*ചൂരൽമല*:- +2 ന് കൂടുതൽ മാർക്ക് കിട്ടിയ കുട്ടിയെ ആദരിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി, കുട്ടികൾക്ക് നമസ്കാര പരിശീലനം, ബൈബിൾ വായന പരിശീലനം എന്നിവ നടത്തി.

*കണിയാരം*:- ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തിന്റെ ഭവന നിർമ്മാണത്തിന് സഹായം നൽകി, ഇടവകയിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് മിഷൻ ഗ്രാമത്തിന് നൽകി. മിഷൻ വില്ലേജുകളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകി.

*മഞ്ഞൂറ*:-ബോധവത്ക്കരണ ക്ലാസ്സ്, നിപ ബാധിതർക്ക് പ്രണാമം, ജന്മ ദിനകൂട്ടം ഉദ്ഘാടനം, വായനാ മത്സരം, ലൈബ്രറി ഉദ്ഘാടനം, വായനാ കുറിപ്പ് മത്സരം എന്നിവ നടത്തി. രോഗീ സഹായമായി 9,000 രൂപ നൽകി.

*ഒലിവുമല*:- പരിസ്ഥിതിദിന പ്രവർത്തനങ്ങൾ നടത്തി. തിരുഹൃദയ തിരുനാൾ ആഘോഷിച്ച് ഇടവകയിൽ സേവനം ചെയ്യുന്ന തിരുഹൃദയ സിസ്റ്റേഴ്സിന് ആശംസകൾ അർപ്പിച്ചു. സാഹിത്യശിൽപശാല നടത്തി.

*കല്ലോടി*:- ജന്മദിനകൂട്ടം - ജൂൺ ക്ലബ് രൂപീകരിച്ചു, ജന്മദിന കൂട്ടം വൃക്ഷതൈകൾ നട്ടു, ജന്മദിന കൂട്ടങ്ങൾക്ക് പ്രാർത്ഥനാ കൂട്ടുകാരനെ നൽകി. ബ്രദർ. ഫിലിപ്പ് മുപ്പട്ടി മിഷൻ അനുഭവം പങ്കുവച്ചു. പഠനോപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു.

*പാലേമാട്*:- പഠനോപകരണങ്ങൾ ശേഖരിച്ച് അർഹരായവർക്ക് നൽകി, വൃക്ഷതൈ നട്ടു, രോഗീസന്ദർശനം നടത്തി.

*നെടുമ്പാല*:- വൃക്ഷതൈ നട്ടു, കാഴ്ച സമർപ്പണം നടത്തി കിട്ടിയ പഠനോപകരണങ്ങൾ പാവപ്പെട്ട കുട്ടികൾക്ക് നൽകി. അൾത്താര ബാലൻമാർക്ക് അർദ്ധദിന സെമിനാർ നടത്തി.

*ചാരിറ്റി*:- സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി 8,000 രൂപ സഹായം നൽകി. പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. വി.ആന്റണി നാമധാരികളായ റവ.ഫാ.ടോണി താന്നിക്കൽ, റവ.ഫാ. വിനു എന്നിവർക്ക് ആശംസകൾ നേർന്നു. ജന്മദിനകൂട്ടം രൂപീകരിച്ചു.

*അരിഞ്ചേർമല*:- ആശുപത്രി സന്ദർശനം, ഭവന സന്ദർശനം, പച്ചക്കറിത്തോട്ട നിർമ്മാണം എന്നിവ നടത്തി. അൾത്താര സംഘ മീറ്റിംഗ് നടത്തി. ശാഖയിൽ അംഗങ്ങൾ തമ്മിൽ പ്രാർത്ഥിക്കുവാൻ കുറിയിട്ടെടുത്തു.

*ഒറ്റപ്ലാവ്*:- സെന്റ് തോമസ് ഡെ ആഘോഷിച്ചു. കൊളാഷ് നിർമ്മിച്ചു. തിരുബാലസഖ്യ അംഗത്വ സ്വീകരണം നടത്തി.

*വെള്ളൂന്നി*:- ആരാധന, സാഹിത്യമത്സരം എന്നിവ നടത്തി, ജന്മദിനം ആഘോഷിക്കുന്ന എല്ലാ കുട്ടികളേയും മതാധ്യാപകരേയും ഫാ.ജോണി കപ്യാരുമലയിൽ ആദരിച്ചു.

*കാവുംമന്ദം*:- പീസ് വില്ലേജും പരിസരവും വൃത്തിയാക്കി. ബഹു.ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ വെള്ളപ്പൊക്കം മൂലം ദുരിതമനുഭവിച്ച പീസ് വില്ലേജിലെ അന്തേവാസികളെ മാറ്റി പാർപ്പിക്കാൻ സഹായിച്ചു. പഠനോപകരണങ്ങൾ നൽകി, പ്രസംഗ പരിശീലനം, പാട്ട് പരിശീലനം എന്നിവ നടത്തി.

*വാഴവറ്റ*:- പരിസ്ഥിതി ദിനാചരണവും വൃക്ഷത്തൈ വിതരണവും നടത്തി. ഏകദിന സെമിനാർ, ഭവനസന്ദർശനം, കാഴ്ചവെപ്പ് എന്നിവ നടത്തി.

*തരിയോട്*:- കുഞ്ഞുങ്ങളെ എഴുത്തിനിരുത്തി, മധുരം നൽകി. ഭവനങ്ങളിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ചു. രോഗീ സന്ദർശനം നടത്തി. ലഹരിക്കെതിരെ കൊളാഷ് നിർമ്മാണം നടത്തി.

*ചെന്നലോട്*:- ദൈവവിളി ക്യാമ്പ്, ലഹരിക്കെതിരെ കൊളാഷ്, ചിത്രരചനാ മത്സരം എന്നിവ നടത്തി. Full A+ കിട്ടിയവരെയും, രൂപതാ സ്കോളർഷിപ്പ് നേടിയവരേയും, 25-ഉം 35-ഉം വർഷം മതാധ്യാപനം പൂർത്തിയാക്കിയ അധ്യാപകരേയും അനുമോദിച്ചു.

*കല്ലോടി*:- ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി. മിഷൻലീഗിന്റെ നേതൃത്വത്തിൽ പ്രവേശനോത്സവം ആഘോഷമായി നടത്തി. ഇടവകയിലെ ക്യാൻസർ രോഗികളെ സന്ദർശിക്കുകയും 2000 രൂപ ചികിത്സാ സഹായം നൽകുകയും ചെയ്തു.

*ഇടിവണ്ണ*:- നിപ വൈറസ് ബാധിച്ചവർക്കായി ദിവ്യകാരുണ്യ ആരാധന നടത്തി, ജപമാലയും നൊവേനയും ചൊല്ലി പ്രർത്ഥിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നട്ടു. Father's Dayയോട് അനുബന്ധിച്ച് എല്ലാ കുട്ടികളും അവരുടെ പിതാക്കന്മാരെകുറിച്ച് അനുഭവകുറിപ്പ് തയ്യാറാക്കി.

*അമ്പലവയൽ*:- 2017-2018 പ്രവർത്തനവർഷത്തിൽ ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങളായിരുന്നവരെ ഇടവക വികാരി ഫാ.ചാക്കോ മേപ്പുറത്ത് ആദരിച്ചു. കുട്ടികൾ കാഴ്ചസമർപ്പണം നടത്തി ശേഖരിച്ച പഠനോപകരണങ്ങൾ കാട്ടിക്കുളം ജയമാതയിലും, ഇടവകയിലെ നിർദ്ധനരായ കുട്ടികൾക്കും വിതരണം ചെയ്തു. ജീവകാരുണ്യ പ്രവർത്തനത്തിനു സഹായമാകുന്ന ജന്മദിന ക്ലബിന് ശാഖയിൽ തുടക്കം കുറിച്ചു.

*പാറത്തോട്ടം*:- ശാഖാ സെമിനാർ നടത്തി. യൂണിഫോം, കുട, നോട്ട്ബുക്ക് തുടങ്ങിയ പഠനോപകരണങ്ങൾ അർഹരായവർക്ക് നൽകി. മിഷൻ ഗ്രാമത്തിലേയ്ക്ക് കത്തയച്ചു. എല്ലാ ശനിയാഴ്ചയും വൈകുന്നേരം 5 മണിക്ക് ജപമാലസൈന്യ പ്രാർത്ഥന നടത്തി. കുട്ടി കർഷകരെ കണ്ടെത്തി വിത്ത് നൽകി.
*കമ്മന* :- വൃക്ഷതൈ നട്ടു. സാഹിത്യ ശിൽപശാല നടത്തി. പഠനോപകരണങ്ങളും വിദ്യാഭ്യാസ സഹായവും നൽകി.
ചുങ്കക്കുന്ന്:- ക്ലാസ്സുകളിൽ കാണിക്ക ശേഖരണം ആരംഭിച്ചു. ഭവന സഹായമായി 10,000 രൂപയും, രോഗീ സഹായമായി 7,000 രൂപയും നൽകി. സാഹിത്യ മത്സരം നടത്തി. വികാരിയച്ചന്റെ നേതൃത്വത്തിൽ പച്ചക്കറി വിത്തുകൾ നട്ടു.
*കുറുമ്പാല*:-പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈകൾ നട്ടു. മിഷനറിയുമായി കുട്ടികൾ സംവാദം നടത്തി. പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി, ജപമാലസൈന്യം രൂപീകരിച്ചു.
*പുൽപ്പള്ളി*:- നൈജീരിയൻ ബിഷപ്പ് മാർ സണ്ണി ആലപ്പാട്ട് മിഷൻ അനുഭവം പങ്കുവച്ചു. പഠനോപകരണങ്ങൾ കാഴ്ചവച്ച് വിദ്യാഭ്യാസ സഹായം നൽകി.
*ചിത്രഗിരി*:- സാഹിത്യ ശിൽപശാല നടത്തി. പരിസ്ഥിതി ദിനാഘോഷം നടത്തി.
*ചുള്ളിയോട്*:- പഠനോപകരണങ്ങൾ ശേഖരിച്ച് പാവപ്പെട്ട കുട്ടികൾക്ക് (കുട, ബാഗ്) നൽകി. Self Motivation -എന്ന വിഷയത്തെ അടിസ്ഥാനമാക്കി തറപ്പേൽ ഡെൽന ടീച്ചർ കുട്ടികൾക്ക് ക്ലാസ്സ് നൽകി.
*യവനാർകുളം*:- ഈശോയുടെ തിരുഹൃദയ തിരുനാൾ, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ എന്നിവ ശാഖയിൽ ആഘോഷിച്ചു. കുട്ടികളെ 4 ഹൗസുകളായും, 7 അംഗങ്ങളുള്ള ഗ്രൂപ്പുകളായും തിരിച്ചു.
*അമ്പായത്തോട്*:- പഠനോപകരണങ്ങൾ സമാഹരിച്ച് നിർദ്ധനരായ കുട്ടികൾക്ക് വിതരണം ചെയ്തു.
*ആലാറ്റിൽ*:- സെന്റ് തോമസ് ഡേയിൽ കുട്ടികൾ വിവിധ കലാപരിപാടികൾ നടത്തി - തോമസ് നാമധാരികൾക്ക് ആശംസകൾ നേർന്നു. പഠനോപകരണങ്ങൾ കാഴ്ചവെപ്പ് നടത്തി ശേഖരിച്ച് പാവപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്തു. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നട്ടു. ആശുപത്രിയിൽ 'അന്നദാനം' നടത്തി.
*കല്ലുവയൽ*:- 2018-19 അദ്ധ്യയനവർഷത്തിലെ പ്രവേശനോത്സവവും ഒന്നാം ക്ലാസ്സിലെ കുട്ടികളെ എഴുത്തിനിരുത്തും നടത്തി. പരിസ്ഥിതി

ദിനത്തോടനുബന്ധിച്ച് വൃക്ഷതൈകൾ നട്ടു. ഭവനങ്ങളിലെ പഴയ വസ്തുക്കൾ യുവജനങ്ങളുമായി സംയുക്തമായി ശേഖരിച്ചു. സി.എം. എൽ–കെ.സി.വൈ.എം സംയുക്തമായി ബസ്സ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിച്ചു.

*കൽപ്പറ്റ*:– ലോക പരിസ്ഥിതിയോടനുബന്ധിച്ച് 'നന്മ മരം' നട്ടു. ലോക വായനാദിനം ആചരിച്ചു. രോഗീ സഹായം നൽകി.

*പട്ടാണികൂപ്പ്*:– യുവജനങ്ങളുടെ പ്രത്യേക നിയോഗങ്ങൾക്കായി ജപ മാലചൊല്ലി പ്രാർത്ഥിച്ചു. വിദ്യാർത്ഥികൾക്കായി ആരാധന നടത്തി. വികാരിയച്ചന്റെ ജന്മദിനം ആഘോഷിച്ചു. 10–ാം ക്ലാസ്സ് ഡിപ്ലോമ പരീക്ഷ യിൽ രൂപതാ തലത്തിൽ 6–ാം സ്ഥാനം നേടിയ ക്രിസ്റ്റോ ചാത്താം ക്കോട്ടിനെ ആദരിച്ചു.

*ജൂഡ്സ്മൗണ്ട്*:- പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി കൊളാഷ് നിർമ്മാണം നടത്തി, പോസ്റ്റർ തയ്യാറാക്കി. വായന മത്സരം നടത്തി. ലൈബ്രറി പുസ്തകശേഖരണം നടത്തി. കുട്ടികളുടെ ജന്മദിനം ആഘോഷിച്ചു.

*പനംചിറ*:– പഠനോപകരണങ്ങൾ കാഴ്ച സമർപ്പണം നടത്തി. 19 വർഷം മതബോധന രംഗത്ത് സ്തുത്യർഹ സേവനമനുഷ്ഠിച്ച ഷിജോ കളത്തു മാക്കിൽ സാറിന് യാത്രയയപ്പു നൽകി. പുതിയതായി ചാർജ്ജെടുത്ത സി. ഡെയ്സി വെള്ളാനി എസ്.എച്ച് ന് ഹൃദ്യമായ സ്വാഗതം നൽകി.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞകൊടിയുടെ കീഴിൽ അണിനിരക്കാം പ്രവർത്തനവിജയാശംസകൾ നേർന്നുകൊണ്ട്

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴി**
സി.എം.എൽ. രൂപതാ സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് 2016,2017,2018 ബാച്ച്**

ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയോടെ ആരംഭിച്ചു. 58 വിദ്യാർത്ഥികൾ പങ്കെടുത്ത ട്രെയിനിംഗ് പ്രോഗ്രാമിൽ വിദ്യാർത്ഥികൾ അവരുടെ പഠന നിലവാരത്തെയും, ആദ്ധ്യാത്മീക ജീവിതത്തെയും വിലയിരുത്തി ഗ്രൂപ്പിൽ പങ്കുവെച്ചു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നൽകുകയും ചെയ്തു. 14-ാം തീയതി ശനിയാഴ്ച്ച രാവിലെ വിശുദ്ധ കുർബാനക്ക് ശേഷം 2016 ബാച്ചിലെ വിദ്യാർത്ഥികൾക്ക് വിപിൻ സാർ കണക്ക് വിഷയത്തിലും, 2017 ബാച്ചിലെ വിദ്യാർത്ഥികൾക്ക് സ്റ്റെല്ല ടീച്ചർ സോഷ്യൽ വിഷയത്തിലും, 2018 ബാച്ചിലെ വിദ്യാർത്ഥികൾക്ക് റോഷിൻ ടീച്ചർ കെമിസ്ട്രി വിഷയത്തിലും ക്ലാസ്സുകൾ നല്കി. ഈ ദിനങ്ങളിൽ ട്രെയിനിംഗിന് നേതൃത്വം നല്കിയ യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളെ നന്ദിയോടെ ഓർക്കുന്നു.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**പേൾ സാഹിത്യ മത്സരം (മേഖല കേന്ദ്രങ്ങളിൽ) ഓഗസ്റ്റ് 5**

ഈ വർഷത്തെ സാഹിത്യ മത്സരം വിവിധ മേഖല കേന്ദ്രങ്ങളിൽ വച്ച് ഓഗസ്റ്റ് 5 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തുന്നതാണ്. പങ്കെടുക്കുന്നവരുടെ പേരുവിവരം ഓഗസ്റ്റ് 1-ാം തിയ്യതിയ്ക്കു മുമ്പായി മേഖലാ ഭാരവാഹികളെ ഏൽപ്പിക്കേണ്ടതാണ്.

**പ്രചോദിനി (വനിത സംഗമം) ആനിമ (ആനിമേറ്റേഴ്സ് മീറ്റ്)**

ഈ വർഷത്തെ വനിത സംഗമവും, ആനിമേറ്റേഴ്സ് സംഗമവും ഓഗസ്റ്റ് 11 ന് (രണ്ടാം ശനിയാഴ്ച്ച) ന്യൂമാൻസ് കോളേജ് മാനന്തവാടിയിൽ വച്ച് നടത്തപ്പെടുന്നു. ഈ വനിതാ സംഗമത്തോടൊപ്പം രക്തദാന ക്യാമ്പു കൂടി നടത്തുന്നുണ്ട്. രക്തം ദാനം ചെയ്യാൻ താൽപര്യമുള്ളവർ 9.00 മണിക്ക് തന്നെ കോളേജിൽ എത്തേണ്ടതാണ്. 18 വയസ്സ് തികയാത്തവർക്കും, 45 കിലോയിൽ കുറഞ്ഞ ശരീര ഭാരമുള്ളവരും, മഞ്ഞപ്പിത്തം, മലേറിയ, ടൈഫോയിഡ്, ആസ്മ, അലർജി തുടങ്ങിയ രോഗങ്ങൾക്ക് മരുന്ന് കഴിച്ചിട്ടുള്ളവർക്കും, സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്കും രക്തം ദാനം ചെയ്യാൻ സാധിക്കില്ല. താൽപര്യമുള്ളവർക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. വനിതാ സംഗമത്തിന്റെ രജിസ്ട്രേഷൻ ഫീസ് 70 രൂപയാണ്. യൂണിറ്റിൽ നിന്ന് 10 വനിതകളെങ്കിലും പങ്കെടുക്കേണ്ടതാണ്.

**ക്രേസി മഡ് വോളി ബോൾ ടൂർണമെൻറ്**

ആദ്യം 500 രൂപ അടച്ച് വികാരിയച്ചന്റെ സാക്ഷി പത്രത്തോടൊപ്പം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുന്ന 20 ടീമുകൾക്കായിരിക്കും അവസരമുണ്ടായിരിക്കുക. കോട്ടത്തറ സെന്റ് ആന്റണീസ് ദേവാലയ ഗ്രൗണ്ടിൽ വച്ചായിരിക്കും ടൂർണമെന്റ് നടക്കുക. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ആഗസ്റ്റ് 5. ബന്ധപ്പെടേണ്ട നമ്പർ ജിജോ പൊടിമറ്റം - 9947067967, ആൽഫിൻ അമ്പാറയിൽ -7034245848

**Rules and Regulations of Wayanad Crazy Mud Volly Ball Tournament**

1. മൽസരത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 6+1 (sub) ആയിരിക്കും
2. ബെസ്റ്റ് ഓഫ് ത്രി ആയിരിക്കും മൽസരം
3. റൊട്ടേഷൻ & സർവ്വീസ് റൊട്ടേഷനിൽ ആയിരിക്കും മത്സരം
4. ജേഴ്സി നിർബന്ധമാണ്.

5. ഒരു പേരിൽ ഒരു ടീമിന് മാത്രമെ മൽസരിക്കാൻ അവകാശമുള്ളു.
6. മേഖലകളിൽ നിന്ന് രണ്ട് ടീമുകളെ പങ്കെടുപ്പിക്കാം.
7. പ്രായഭേദമെന്യേ ആർക്കുവേണമെങ്കിലും മത്സരിക്കാവുന്നതാണ്.
8. മേൽപ്പറഞ്ഞ തീരുമാനങ്ങളിൽ മാറ്റം വരുത്താനുള്ള അവകാശം രൂപതാ സമിതിക്ക് ഉണ്ടായിരിക്കും

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണം സെപ്തംബർ 2**

ഈ വർഷത്തെ ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണം സെപ്തംബർ 2-ന് കൽപ്പറ്റയിൽ വച്ച് കെ.സി.വൈ.എമ്മിന്റെയും ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെയും (സിസിഎഫ്) സംയുക്താഭി മുഖ്യത്തിൽ നടത്തുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**അർദ്ധവാർഷിക സെനറ്റ്**

ദ്വാരക എ.യു.പി. സ്ക്കൂളിൽ വച്ച് ജൂലൈ 14 ന് നടന്ന അർദ്ധ വാർഷിക സെനറ്റ് രൂപതാ ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ ഉദ്ഘാടനം ചെയ്തു. പതാക ഉയർത്തലിനും വചനപ്രതിഷ്ഠയ്ക്കും ശേഷം നടന്ന ഉദ്ഘാടന സമ്മേളനത്തിന് രൂപതാ പ്രസിഡണ്ട് ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സുബിൻ ജോസ് സ്വാഗതം ആശംസിച്ചു. പൊതു സമ്മേളനത്തിനു ശേഷം ദ്വാരക, കൽപ്പറ്റ, മാനന്തവാടി, നടവയൽ, മണിമൂളി, പയ്യംമ്പള്ളി, കല്ലോടി, ചുങ്കക്കുന്ന്, തരിയോട്, ബത്തേരി എന്നീ മേഖലകൾ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് നടന്ന സെനറ്റ് ചർച്ചയിൽ കെ.സി.വൈ.എം. രജത ജൂബിലിവർഷ ആരംഭം, യുവജനവർഷം, കലാമത്സരങ്ങൾ, രൂപതാ പ്രസ്ഥാനത്തിന്റെ ഔദ്യോഗികമായ കാര്യങ്ങൾ അറിയിക്കുവാനുള്ള വാട്സ് ആപ്പ് ഗ്രൂപ്പ് ആരംഭിക്കുക, തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു. യുവജന വർഷാവസാനത്തോടനുബന്ധിച്ച് ജൂബിലി ആഘോഷങ്ങൾ ആരംഭിക്കാം എന്ന് തീരുമാനമായി. സെക്രട്ടറി ജിജോ താന്നി വേലിൽ നന്ദി പറഞ്ഞു.

**രൂപതാ ടീമംഗങ്ങൾ സന്ദർശിച്ച യൂണിറ്റുകൾ**

കുറുമണി, തോമാട്ടുചാൽ, ചുള്ളിയോട്, നെടുമ്പാല, കാവുമന്ദം, പോരൂർ

**യൂണിറ്റ് വാർത്തകൾ - കണിയാരം യൂണിറ്റ്**

ഇടവകയിലെ പാവപ്പെട്ടവരുടെ ഭവനനിർമ്മാണത്തിന് പാഴ്വസ്തുക്കൾ ശേഖരിച്ച് വിറ്റ് ലഭിച്ച തുക സാമ്പത്തിക സഹായമായി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്തു. മിഷൻലീഗിന്റെ പ്രവർത്തന ഫലമായി സ്വരൂപിച്ച വസ്ത്രങ്ങൾ മിഷൻ ഗ്രാമത്തിൽ എത്തിക്കാൻ സഹായിച്ചു.

**പാലേമാട് യൂണിറ്റ്**

ഫണ്ട് ശേഖരണാർത്ഥം പള്ളിയുടെ റബർ തോട്ടത്തിൽ വളമിട്ടു നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠന സഹായമായി നോട്ട് ബുക്കുകൾ വിതരണം ചെയ്തു. 'മരം ഒരു വരം' എന്ന സന്ദേശമുൾകൊണ്ട് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ വൃക്ഷതൈ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു. രോഗീ സന്ദർശനം, ആഴ്ചതോറുമുള്ള ഒരു മണിക്കൂർ ആരാധന ഇവ മുടക്കമില്ലാതെ നടക്കുന്നു.

**കുറുമ്പാല യൂണിറ്റ്**

യുവജന ദിനത്തിൽ നടന്ന ദിവ്യബലിയിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തു. ദിവ്യബലി മധ്യേ യൂണിറ്റിലെ ഭാരവാഹികൾ തിരി തെളിച്ച് യുവജനങ്ങളെ ദൈവത്തിന് സമർപ്പിച്ചു. യുവജന കാഴ്ച്ചപ്പാടുകൾ മൂല്യ ബോധത്തിലും ക്രിസ്തീയ വീക്ഷണത്തിലും വിശ്വാസത്തിലും ആയിരിക്കണമെന്ന് ഡയറക്ടർ അച്ചൻ ഉദ്ബോധിപ്പിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. വാട്സ് ആപ്പ് ഗ്രൂപ്പ് ആരംഭിച്ചു.

**വടക്കനാട് യൂണിറ്റ്**

വടക്കനാട് പ്രദേശം അഭിമുഖീകരിക്കുന്ന രൂക്ഷമായ വന്യമൃഗശല്യത്തിനെതിരെ നടന്ന പ്രതിഷേധ പ്രകടനത്തിലും നിരാഹാര സമരത്തിലും മുഴുവൻ യുവജനങ്ങളും പങ്കെടുത്തു. ഇടവകയിൽ നടന്ന യുവജന സംഗമത്തിൽ 40 പേർ പങ്കെടുത്തു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഫാ. റോബിൻ പടിഞ്ഞാറയിൽ എന്നിവർ നേതൃത്വം നൽകി.

**കല്ലുവയൽ യൂണിറ്റ്**

പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് പ്രസിഡണ്ട് റിജോ കുഴിവേലിൽ വൃക്ഷതൈ നട്ട് ആചരിച്ചു. ഫണ്ട് ശേഖരണാർത്ഥം വീടുകളിൽ നിന്ന് ആക്രിസാധനങ്ങൾ സമാഹരിക്കാൻ തുടങ്ങി.

**തരിയോട് യൂണിറ്റ്**

തരിയോട് പ്രദേശത്തെ കാട്ടാനശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഇടവക ജനങ്ങളുടെ ഒപ്പു ശേഖരിച്ച് ഫോറസ്റ്റ് ഓഫീസിൽ നിവേദനം സമർപ്പിച്ചു. കാലവർഷക്കെടുതിയിൽ മരണമടഞ്ഞവർക്കും കുടുംബാംഗങ്ങൾക്കുവേണ്ടി മൗനപ്രാർത്ഥന നടത്തി. കണ്ണൂർ യൂണിവേഴ്സിറ്റി ബി.എ മലയാളം ഒന്നാം റാങ്ക് കരസ്ഥമാക്കിയ യൂണിറ്റ് എക്സിക്യൂട്ടീവ് അംഗം റ്റീന വട്ടുകുളത്തിന് അനുമോദനവും ഉപഹാരവും നൽകി. യുവജന ദിനത്തോടനുബന്ധിച്ച് വി. ബലിയിൽ ആരാധന കർമ്മങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. കാഴ്ച സമർപ്പണം നടത്തുകയും കിട്ടിയ തുക കൽപ്പറ്റ സ്നേഹസദൻ സന്ദർശിച്ച് അവർക്ക് നൽകുകയും ചെയ്തു.

**കല്ലോടി യൂണിറ്റ്**

2014 മുതൽ 2018 വരെ യൂണിറ്റ് ആനിമേറ്റർ ആയിരുന്ന സി.ജെസിൻ ജോസ് എഫ്.സി.സിയ്ക്ക് യാത്രാമംഗളങ്ങൾ ആശംസിച്ചു. പുതിയ ഡയറക്ടറായി സ്ഥാനമേറ്റെടുത്ത ഫാ. സനോജ് ചിറ്റ റയ്ക്കലിനും ആനിമേറ്റർ സി. മേഴ്സി FCC യ്ക്കും യൂണിറ്റിലേയ്ക്ക് സ്വാഗതം. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പറളിക്കുന്ന് യൂണിറ്റ്**

യുവജനവർഷത്തിന്റെ ഭാഗമായി ഇടവകയിൽ കൺവെൻഷൻ നടത്തി. അഡ്വ. ഷെബിൻ ജോർജ്ജ് ആധുനിക യുഗത്തിൽ അറിഞ്ഞി രിക്കേണ്ട നിയമങ്ങൾ, സോഷ്യൽ മീഡിയയെ എങ്ങനെ സമീപിക്കണം എന്നീ വിഷയങ്ങളെക്കുറിച്ച് സെമിനാർ നടത്തി. ഭക്തിനിർഭരമായ ദിവ്യബലിക്കു ശേഷം സ്നേഹവിരുന്നും മീറ്റിംഗും നടത്തി.

**പാറത്തോട്ടം**

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായിരുന്ന ജൂൺ മാസത്തിൽ യുവജനങ്ങൾ തിരുഹൃദയ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**ചെന്നലോട് യൂണിറ്റ്**

യുവജനദിനത്തിൽ നടന്ന മീറ്റിംഗിനു ശേഷം വഴിയോരങ്ങളിൽ ലഹരിക്കെതിരെ ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിച്ചു.

**പനംഞ്ചിറ യൂണിറ്റ്**

8-ാം തിയ്യതി നടന്ന യുവജനദിനാഘോഷത്തിൽ ഡയറക്ടർ ഫാ. ജയൻ മണ്ണുകുളം വി. ബലി അർപ്പിച്ച് യുവജന ദിനാശംസകൾ നേർന്നു. യൂത്ത് കോഡിനേറ്റർ അഡ്വ. സന്തോഷ് കളപ്പുരയ്ക്കൽ കുർബാന യ്ക്കുശേഷം യുവജനങ്ങൾക്ക് ആശംസകൾ നേർന്നു സംസാരിച്ചു. പള്ളിപ്പരിസരത്ത് വൃക്ഷതൈകൾ നടുകയും ഫണ്ട് ശേഖരണാർത്ഥം പച്ചക്കറികൃഷി ഭവനങ്ങളിൽ ആരംഭിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു.

**നരിവാലമുണ്ട യൂണിറ്റ്**

യുവജന ദിനമായ ജൂലെ 8-ന് രാവിലെ പതാക ഉയർത്തിയ തോടെ യുവജന ദിനാഘോഷങ്ങൾക്ക് തുടക്കമായി. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി നടത്തിയ ദിവ്യബലിയിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. പഠനത്തിന് മികവ് പുലർത്തിയ SSLC, പ്ലസ് ടു വിദ്യാർത്ഥികൾക്കും എംബിബിഎസ് വിജയകരമായി പൂർത്തിയാക്കിയ അനിഷയ്ക്കും മെമന്റോ നൽകി ആദരിച്ചു.

**സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂലൈ 8 മുതൽ 11 വരെ നടന്ന MPC യിൽ 107 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ആഗസ്റ്റ് | 12 – 15 | – | പാസ്റ്ററൽ സെന്റർ, ദ്വാരക |
| സെപ്റ്റംബർ | 02 – 5 | – | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ഒക്ടോബർ | 01 – 04 | – | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ഒക്ടോബർ | 26 – 29 | – | പാസ്റ്ററൽ സെന്റർ, ദ്വാരക |

**മരിയൻ സിംഗിൾസ്**

ജൂലൈ 23–ന് മീറ്റിംഗ് ചേർന്നു. പതിവുപോലെ പ്രാർത്ഥനയും ക്ലാസ്സും നടന്നു. അടുത്ത മീറ്റിംഗ് ആഗസ്റ്റ് 13–ന് ആയിരിക്കും.

**മാതൃവേദി മേഖലാ വാർത്തകൾ**

**തരിയോട്**

2018 മെയ് 5– ന് കുടുംബ പ്രേഷിതത്വം തരിയോട് മേഖലയുടെ ജനറൽ ബോഡി യോഗം മഞ്ഞൂറ ഇടവകയിൽ വെച്ച് ചേർന്നു. മുൻ ഡയറക്ടർ ബഹു. സജി കൊച്ചുപാറയ്ക്കലച്ചന് യാത്രയയപ്പും മേഖലാ ഡയറക്ടറായി വന്ന ബഹു. സെബാസ്റ്റ്യൻ പുത്തേലച്ചന് ഊഷ്മളമായ സ്വാഗതവും നൽകി.

**മാനന്തവാടി മേഖല**

30–06–2018 ന് മാതൃവേദി ജനറൽ ബോഡി യോഗവും സെമിനാറും നടത്തപ്പെട്ടു. ശ്രീ. ബേബി ജോസഫ് ചക്കാലക്കൽ പാരന്റിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു. മേഖലാ ഡയറക്ടറായി ചുമതലയേറ്റ ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. വികാരി ബഹു. സെബാസ്റ്റ്യൻ ഉണ്ണിപള്ളിയച്ചൻ പൊതുയോഗമധ്യേ മാതൃവേദി അംഗങ്ങൾ യുവജന കൺവൻഷനുവേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കണ

മെന്ന് ഓർമ്മിപ്പിച്ചു. ലോഗോസ് പരീക്ഷയിൽ അമ്മമാർ പങ്കെടുക്കുവാൻ നിർദ്ദേശിച്ചു.

**കളത്തുവയൽ**

ആദ്യവെള്ളിയാഴ്ച നടത്തിയ ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ സജീവമായി പങ്കെടുത്തു. യുവജനങ്ങൾക്കായി കരുണകൊന്തയും തിരുഹൃദയ കൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. ഫണ്ട് ശേഖരണാർത്ഥം സോപ്പുപൊടി നിർമ്മാണം ആരംഭിച്ചു. രോഗീസന്ദർശനവും ഭവനസന്ദർശനവും നടത്തി.

**പോരൂർ**

10,+2 വിജയികളേയും, മതബോധനം രൂപതാ മേഖലാ തലങ്ങളിൽ റാങ്ക് കിട്ടിയവരേയും അനുമോദിച്ച് ക്യാഷ് അവാർഡ് നൽകി. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ ഇടവകയിലെ അമ്മമാർക്ക് വിതരണം ചെയ്തു. രോഗികളായ വൃദ്ധരെ സന്ദർശിച്ചു. യുവദമ്പതികൾക്ക് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ പാരന്റിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. 238 പേർ പങ്കെടുത്തു.

**കയ്യൂന്നി**

പരിസ്ഥിതി ദിനമായ ജൂൺ 5 ന് മാതൃവേദി അംഗങ്ങൾ പള്ളി പരിസരത്തും സ്വഭവനങ്ങളിലും വൃക്ഷ തൈകൾ നട്ടു. 10-ാം തീയതി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി ഷീജ കൊടിയംകുന്നേൽ മഴക്കാല രോഗങ്ങളെക്കുറിച്ച് ക്ലാസ് എടുത്തു, 600 പേർ പങ്കെടുത്തു. അമ്മമാർ ആദിവാസി കോളനി സന്ദർശിച്ച് കുട്ടികൾക്കായ് ബോധവത്കരണ ക്ലാസ്സ് നടത്തി. മധുര പലഹാരവും വസ്ത്രവും വിതരണം ചെയ്തു. വാർഡുകളിൽ അമ്മമാരുടെ നേതൃത്വത്തിൽ ലോഗോസ് പരീക്ഷ നടത്തിവരുന്നു. കിഡ്നി രോഗിക്ക് 1500 രൂപ ചികിത്സാ സഹായം നൽകി.

**പാടിച്ചിറ**

ഒരു വിദ്യാർത്ഥിക്ക് പഠനസഹായമായി 1000 രൂപ നൽകി. കോളനി നിവാസികൾക്ക് വസ്ത്രം ശേഖരിച്ച് വിതരണം ചെയ്തു. അമ്മമാർ തിരുഹൃദയ തിരുനാൾ ദിനത്തിൽ ആരാധന നടത്തി.

**പുതിയിടംകുന്ന്**

ജില്ലാ ആശുപത്രിയിൽ ഭക്ഷണമുണ്ടാക്കാൻ സഹായിച്ചു. 2000 രൂപ ഭക്ഷണ ചിലവിനായി നൽകി. ഭവനങ്ങൾ സന്ദർശിച്ച് തിരുഹൃദയ ഭക്തി പ്രചരിപ്പിക്കുന്നു. സമരിറ്റൻ ഭവനം സന്ദർശിച്ച് മധുരപലഹാരം നൽകി. കുറച്ചുസമയം അവരോടൊപ്പം പ്രാർത്ഥനാപൂർവ്വം ചെല

വഴിച്ചു. സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളെകുറിച്ച് എല്ലാ ജനങ്ങൾക്കും ബോധവത്കരണം നൽകി.

**പാറത്തോട്ടം**

കാഴ്ചസമർപ്പണത്തിലൂടെ ലഭിച്ച പഠനോപകരണങ്ങൾ അർഹരായ കുട്ടികൾക്ക് വിതരണം ചെയ്തു. തിരുഹൃദയ വണക്കമാസവും തിരുഹൃയകൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. മരണമടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**പറളിക്കുന്ന്**

ഫണ്ട് സ്വരൂപിക്കാൻ അമ്മമാർ തയ്യാറാക്കിയ കണ്ണിമാങ്ങ അച്ചാർ ബഹു.ജോസ് കപ്യാരുമലയിൽ അച്ചൻ ഉത്ഘാടനം ചെയ്തു. വിറ്റു കിട്ടിയ 8000 രൂപ സംഘടനയെ ഏൽപ്പിച്ചു. ഒരു ക്യാൻസർ രോഗിക്ക് 500 രൂപ സംഭാവന നൽകി. തിരുഹൃദയതിരുനാൾ ദിനത്തിൽ നിപ്പ വൈറസ് രോഗം ബാധിച്ചവർക്കുവേണ്ടി ആരാധന നടത്തി. ബഹു. ബാബു ചിറപ്പുറം സാറിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് സെമിനാർ നടത്തി. ആനിമേറ്ററിന്റെ നേതൃത്വത്തിൽ രോഗീസന്ദർശനവും ഭവനസന്ദർശനവും നടത്തി. അർഹതപ്പെട്ട ഒരു കുടംബത്തിന് വീട്ടു സാധനങ്ങൾ വാങ്ങികൊടുത്തു.

**കാവുമന്ദം**

പരിസ്ഥിതി ദിനത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിപ്പരിസരത്ത് വൃക്ഷത്തൈ നട്ടു. എല്ലാ അമ്മമാരും ഭവനങ്ങളിൽ ഒരു വൃക്ഷതൈ എങ്കിലും നടാൻ ആവശ്യപ്പെട്ടു. പ്രൊ-ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി തിരുഹൃദയകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. മതബോധന രംഗത്ത് 10, +2 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി ആദരിച്ചു. വെള്ളപ്പൊക്കം മൂലം വിഷമിക്കുന്ന പീസ് വില്ലേജ് സന്ദർശിച്ചു.

**കല്ലുവയൽ**

ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. സി.മേരി ജോർജ്ജിന്റെ നേതൃത്വത്തിൽ കുടുംബ ജീവിതത്തിൽ അമ്മമാർ പാലിക്കേണ്ട കാര്യങ്ങളെകുറിച്ച് ക്ലാസ്സ് നൽകി. പ്രോ-ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായ് തിരുഹൃദയകൊന്ത ചൊല്ലി തിരുഹൃദയ ഭക്തി പ്രചരിപ്പിച്ചു. ഭവനസന്ദർശനം നടത്തി. ലോഗോസ് പഠനത്തിനൊരുക്കമായി യൂണിറ്റുകളിൽ ബൈബിൾ ക്വിസ് മത്സരം നടത്തി.

**പൂക്കോട്ടുംപാടം**

പിടിയരി ശേഖരിച്ച്  ഇടവകയിലെ സാധുകുടുംബങ്ങളെ സഹായിക്കുന്നു. അമ്മമാർ വിവാഹതടസ്സം മാറുവാൻ യുവജനങ്ങൾക്കുവേണ്ടി ഉപവാസം അനുഷ്ഠിച്ച് പ്രാർത്ഥിച്ചു. നിപ്പ വൈറസ് ബാധിച്ച രോഗികൾക്കുവേണ്ടി ആരാധനയും ജപമാലയും നടത്തി.   ഒരു നിർദ്ധന കുടുംബത്തിന് തയ്യൽമെഷീൻ നൽകി. ഒരു ദരിദ്രഭവനത്തിന് 25 കിലോ അരിയും 1000 രൂപയും നൽകി. പ്രായമായവരെ സന്ദർശിച്ചു.

**ചുങ്കക്കുന്ന്**

തിരുഹൃദയ ജപമാല ചൊല്ലി തിരുഹൃദയ ഭക്തി പ്രചരിപ്പിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അമ്മമാർ സെമിത്തേരി, വെയിറ്റിംഗ് ഷെഡ്  എന്നീ സ്ഥലങ്ങൾ വൃത്തിയാക്കി. വീടുകളിലും പള്ളിപരിസരത്തും വൃക്ഷത്തൈ നട്ടു. മാനന്തവാടി ഗവ.ആശുപത്രി സന്ദർശിച്ച് 5500 രൂപ നൽകി. ഒരു നിർദ്ധന കുടുംബത്തിന് പഠനസഹായമായി 500 രൂപ കൊടുത്തു. നിപ്പവൈറസ് ബാധിച്ച രോഗികളെ സമർപ്പിച്ച് പ്രാർത്ഥിച്ചു. 39 അമ്മമാർ നവോമി സംഗമത്തിൽ പങ്കെടുത്തു. എല്ലാ ബുധനാഴ്ചകളിലും അമ്മമാർ യുവജനങ്ങൾക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# പ്രോ-ലൈഫ്

ഓരോ മനുഷ്യനിലും കുടികൊള്ളുന്നത് ദൈവാത്മാവാണെന്നതിനാൽ ജീവന്റെ ആരംഭം മുതൽ സ്വാഭാവികമായ അന്ത്യം വരെ ജീവനെ സ്നേഹിക്കുക, ബഹുമാനിക്കുക, ആദരിക്കുക, ശുശ്രൂഷിക്കുക എന്ന സഭയുടെ നിലപാട് മുറുകെ പിടിക്കേണ്ട അവസ്ഥയിലാണ് സമൂഹമിന്ന് നിൽക്കുന്നത്. കാരണം ജീവനെപ്പറ്റിയുള്ള സഭയുടെ പഠനങ്ങൾക്ക് ഭൂരിഭാഗം സഭാമക്കളും വേണ്ടത്ര പ്രധാന്യം നൽകാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത്തരമൊരവസ്ഥയിൽ ജീവനെപ്പറ്റിയുള്ള സഭയുടെ പഠനങ്ങൾ സഭാ മക്കളിലെത്തിക്കാനുള്ള ഉത്തരവാദിത്വമാണ് രൂപതാ പ്രോ-ലൈഫ് സമിതിയെ ഏൽപ്പിച്ചിരിക്കുന്നത്.

പ്രോ-ലൈഫ് സമിതിയുടെ ഭാവി പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ പ്രാർത്ഥനയുടെ പിൻബലം നൽകുവാൻ സെന്റ് വിൻസെന്റ് ഡി പോൾ, എഫ്.സി.സി., എസ്.കെ.ഡി, എസ്.എച്ച്, സി.എം.സി, എം.എസ്.എം.ഐ., എസ്.എ.ബി.എസ് എന്നീ സന്യാസിനീ സമൂഹങ്ങൾ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് മേൽപ്പറഞ്ഞ സന്യാസിനീ സമൂഹങ്ങൾ ചേർന്ന് ആരംഭം കുറിച്ചിട്ടുണ്ട്. 2018 മാർച്ച് 25 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പ്രസ്തുത ആരാധനയുടെ ആദ്യ ദിവസത്തെ ആരാധനയ്ക്ക് നേതൃത്വം നൽകി. 2018 മാർച്ച് 25 മുതൽ മെയ് 31 വരെ സെന്റ് വിൻസെന്റ് ഡി പോൾ സന്യാസിനീ സമൂഹമാണ് ആരാധന നടത്തിയത്. തുടർന്ന് ജൂൺ 1 മുതൽ എഫ്.സി.സി. സന്യാസിനീ സമൂഹം ആരാധന നടത്തി വരുന്നു.

പ്രോ-ലൈഫ് സന്ദേശം രൂപതയിൽ എല്ലായിടത്തും എത്തിക്കുവാൻ രൂപതയിലെ എല്ലാ പ്രസ്ഥാനങ്ങളുടെയും കൂട്ടായ പരിശ്രമം ആവശ്യമാണെന്ന തിരിച്ചറിവിൽ ജീസസ് യൂത്ത്, മാതൃസംഘം, കരിസ്മാറ്റിക് എന്നിവയുടെ ഭാരവാഹികളും പ്രോ-ലൈഫ് ഭാരവാഹികളും ചേർന്ന് ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുകയുണ്ടായി. മാതൃസംഘവും, ജീസസ് യൂത്തും അവരുടെ പ്രസ്ഥാനങ്ങളിൽ പ്രോ-ലൈഫ് സന്ദേശം പ്രചരിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

രൂപതയിലെ വലിയ കുടുംബങ്ങളെ ആദരിക്കുന്ന പ്രവർത്തനങ്ങൾ വീണ്ടും സജീവമാക്കേണ്ടതുണ്ട്. പോരൂർ ഇടവകയിലെ ബിജു അരിപ്ലാക്കലിന്റെ അഞ്ചാമത്തെയും വലിയകൊല്ലി ഇടവകയിലെ വയലിൽ പുളിയാനിക്കൽ ജോണിയുടെ ആറാമത്തെ കുട്ടിയുടെയും മാമ്മോദീസാകൾ അതാത് ഇടവകകളിൽ വെച്ച് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തുവാൻ തീരുമാനിച്ചത് പ്രോ-ലൈഫ് ആശയത്തിന്റെ പ്രചരണത്തിന് ആക്കം കൂട്ടുവാൻ സഹായകമാണ്.

താളിപ്പാറ ഇടവകയിലും തൃശ്ശിലേരി ഇടവകയിലും പ്രോ-ലൈഫ് ടീം ക്ലാസും ആരാധനയും നടത്തുകയുണ്ടായി. പ്രോ-ലൈഫ് ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ, സാലു അബ്രഹാം മേച്ചേരി, അഡ്വക്കറ്റ് ജോസ്, പോൾ കരിമ്പനാക്കുഴി, സാബു ആലയ്ക്കൽ എന്നിവർ നേതൃത്വം നൽകുകയുണ്ടായി.

എല്ലാ രണ്ടാം ബുധനാഴ്ചകളിലും പ്രോ-ലൈഫ് ദിവ്യകാരുണ്യ ആരാധന കൽപ്പറ്റ ഫാത്തിമ മാതാ മിഷൻ ആശുപത്രിക്ക് സമീപമുള്ള സി.എം.ഐ. ആശ്രമം ചാപ്പലിൽ നടന്നു വരുന്നുണ്ട്. ജൂലൈ മാസത്തെ ആരാധന ഫാദർ ജോസഫ് ഞാവള്ളി, സി.എം.ഐ., ജോസ് മാളോല, ജോണി എന്നിവരുടെ നേതൃത്വത്തിൽ നടന്നു. പ്രോ-ലൈഫ് ടീമിന്റെ പ്രാർത്ഥനാദിനം എല്ലാ ബുധനാഴ്ചയും നടന്നു വരുന്നു.

പ്രോ-ലൈഫ് പ്രവർത്തനങ്ങൾ ഇടവകകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഇടവക വികാരിമാർ നല്ല സഹകരണമാണ് നൽകി വരുന്നത്. സൺഡേ സ്കൂൾ കുട്ടികൾക്കും ഇടവക ജനങ്ങൾക്കും ജീവന്റെ മൂല്യത്തെപ്പറ്റി അറിവു നൽകുന്നതിന് പ്രോ-ലൈഫ് ക്ലാസ്സുകൾ നടത്താൻ ഇടവക വികാരിമാർ 9746756589 എന്ന നമ്പറിൽ ബന്ധപ്പെടുവാൻ താൽപ്പര്യപ്പെടുന്നു.

**അഡ്വ. ജോസ് കുറുമ്പാലക്കോട്ട**
കൺവീനർ, പ്രോ-ലൈഫ്

**ആദ്യവെള്ളി ശുശ്രൂഷകൾ (6-7-2018)**

ജൂലൈ മാസത്തിലെ ആദ്യവെള്ളി ശുശ്രൂഷകൾ രാവിലെ 10 മണിക്ക് ആരംഭിച്ചു. എൽഡറിങ്ങിനും കുമ്പസാരത്തിനുംശേഷം 12 മണിക്ക് കുരിശിന്റെ വഴിയും ജപമാല പ്രദക്ഷിണവും നടത്തി. ബഹു. സോണിയച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന ടീം മീറ്റിംഗിനുശേഷം ശ്രീ. ബേബി മൂത്തേടം സുവിശേഷവിളി, ദൗത്യം, എന്നീ വിഷയത്തിൽ ക്ലാസെടുത്തു. വൈകിട്ട് 5 മണിയോടുകൂടി ജാഗരണ പ്രാർത്ഥനയാരംഭിച്ചു. സ്തുതി ആരാധനക്കുശേഷം ബഹു. സോണിയച്ചൻ വി.കുർബാനയർപ്പിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (7-7-2018)**

ആദ്യശനിയാഴ്ച 7-ാം തീയതി രാവിലെ 6 മണിക്ക് ഒരുക്ക ശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദിക്ഷണത്തിനുശേഷം സീയോൻ ഹാളും പരിസരവും ഡയറക്ടറച്ചൻ വെഞ്ചിരിച്ചു.

8.45 am ന് ആരംഭിച്ച കൺവെൻഷനിൽ കൽപ്പറ്റ തിരുഹൃദയ ദേവാലയ വികാരി ബഹു. ജോൺ വെട്ടിമലയിൽ അച്ചൻ വചന പ്രഘോഷണം നടത്തി. മാനന്തവാടി മതബോധനകേന്ദ്രം ഡയറക്ടർ ബഹു. തോമസ് കാട്ടുതുരുത്തിയിൽ അച്ചൻ വി.കുർബാനയർപ്പിച്ചു. കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിംഗ്, അനുഭവസാക്ഷ്യം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദിക്ഷണം എന്നീ ശുശ്രൂഷകളിലൂടെ ദൈവജനം അനുഗ്രഹിക്കപ്പെട്ടു. കർഷകരെ പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി. 3.30 pm ന് ശുശ്രൂഷ സമാപിച്ചു.

**രണ്ടാംവെള്ളി (13-7-2018) തൂവാനീസാ & വിധവാ കൂട്ടായ്മ**

രാവിലെ 9.30 ന് കൂട്ടായ്മയിലുള്ള സഹോദരിമാർ ഒരുമിച്ചു ജപമാലയർപ്പിച്ചു. തുടർന്ന് സി.റീന എം.എസ്.എം.ഐ. ക്ലാസ് എടുത്തു. 12 മണിക്ക് ബഹു. സോണിയച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഗ്രൂപ്പ് ഷെയറിംഗ് നടത്തി. തുടർന്ന് ദിവ്യകാരുണ്യ ആരാധനയ്ക്കുശേഷം 2.30 pm ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാംശനി സ്പിരിച്ച്വൽ ഷെയറിംഗ് 14-7-18**

രണ്ടാംവെള്ളി ശുശ്രൂഷകർ ഒരുമിച്ച് 4 pm മുതൽ 8 pm വരെ പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച സ്പിരിച്ച്വൽ ഷെയറിംഗ് ശുശ്രൂഷ 4. pm ന് സമാപിച്ചു. ധാരാളം പേർ ശുശ്രൂഷക്കായ് കടന്നുവന്ന് ആശ്വാസം പ്രാപിച്ച് മടങ്ങി.

**വിധവാ / വിധുരൻ ധ്യാനം 15-19/7/18**

സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ജൂലൈ 15 മുതൽ 19 വരെ വിധവാ വിധുരൻ ധ്യാനം നടത്തപ്പെട്ടു. 51 പേർ പങ്കെടുത്തു. സീയോൻ ടീം നേതൃത്വം നൽകി.

**3-ാം വെള്ളി ജാഗരണ പ്രാർത്ഥന 20-7-18**

ജൂലൈ 20 ന് വൈകുന്നേരം 6 മുതൽ രാവിലെ 6 വരെ സീയോൻ ചാപ്പലിൽ വച്ച് ജാഗരണ പ്രാർത്ഥന നടത്തപ്പെട്ടു. മഴയെ അവഗണിച്ചു ധാരാളം പേർ പങ്കെടുത്തു.

**രോഗശാന്തി ശുശ്രൂഷാദിനം 28-7-18**

രോഗികൾക്കുവേണ്ടിയുള്ള സൗഖ്യശുശ്രൂഷ രാവിലെ 9.30 മുതൽ 2 മണിവരെ സീയോൻ ചാപ്പലിൽ നടന്നു. സ്തുതി ആരാധന, ജപമാല, സൗഖ്യശുശ്രൂഷ, അനുഭവ സാക്ഷ്യം, സ്പിരിച്ച്വൽ ഷെയറിംഗ് എന്നീ ശുശ്രൂഷകൾ നടത്തി. ധാരാളം പേർ ആത്മീയ മാനസീക ശാരീരിക ബലം പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തി.

**സീയോൻ ഓഗസ്റ്റ് മാസത്തിൽ**

| | | |
|---|---|---|
| ഓഗസ്റ്റ് 3 വെള്ളി | - | ശുശ്രൂഷകരുടെ ധ്യാനഒരുക്ക പ്രാർത്ഥന ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ഓഗസ്റ്റ് 4 ശനി | - | ഏകദിന കൺവെൻഷൻ വചനസന്ദേശം: ഫാ. ബെന്നി പുത്തൻനട, തലശ്ശേരി |
| ഓഗസ്റ്റ് 5-9 | - | സീയോൻ ശുശ്രൂഷകരുടെ ധ്യാനം |
| ഓഗസ്റ്റ് 10 വെള്ളി | - | തൂവാനീസ & വിധവാ പ്രാർത്ഥനാദിനം കൗൺസിലേഴ്സ് പ്രാർത്ഥനാദിനം |
| ഓഗസ്റ്റ് 11 ശനി | - | പൊതു സ്പിരിച്ച്വൽ ഷെയറിംഗ് |
| ഓഗസ്റ്റ് 17 വെള്ളി | - | ജാഗരണ പ്രാർത്ഥന |
| ഓഗസ്റ്റ് 19-23 | - | ആന്തരികസൗഖ്യ ധ്യാനം |
| ഓഗസ്റ്റ് 26 | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

വരും നാളുകളിൽ ജീസസ് യൂത്ത് ലക്ഷ്യം വെക്കുന്ന ചുവടുകൾ. ജീസസ് യൂത്ത് കേരള വരും നാളുകളിൽ പ്രത്യേക പരിഗണനയും ലക്ഷ്യവും നൽകുന്ന മേഖലകൾ ഇവയൊക്കെയാണ്.

**1. പുതുചുവടുകൾക്ക് തുടക്കമിടുക**

പുതിയ സ്ഥലവും സംസ്കാരവും വ്യക്തികളെയും തേടിയുള്ള യാത്ര എന്നും മുന്നേറ്റത്തിന്റെ ആവേശമാണ്. ഈ വർഷവും അത്തരം പുതിയ ഇടങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് നമുക്കുള്ളത്. നവ സുവിശേഷവൽക്കരണത്തിന്റെ ചൈതന്യവും കരുത്തും മറ്റുള്ളവരിലേയ്ക്ക് പകർന്നു നൽകാനുള്ള തീക്ഷ്ണത നമ്മുടെ ഉള്ളിൽ ജ്വലിക്കട്ടെ. രൂപവൽക്കരണത്തിന്റെ വേരുകൾ മുന്നേറ്റത്തിന്റെ അങ്ങോളമിങ്ങോളമുള്ളവരിലേയ്ക്ക് എത്തിക്കാനുള്ള തീവ്രമായ ശ്രമം നടത്തുന്നതിനൊപ്പം തന്നെ പുതിയ ആളുകളിലേയ്ക്ക് കടന്നുചെല്ലുവാനുള്ള വഴികൾ സർവ്വീസ് ടീമുകൾ കണ്ടെത്തണം.

ജീസസ് യൂത്തിലെ വിവിധ തരം മിനിസ്ട്രികൾക്ക് ഇതിലുള്ള പങ്ക് ചെറുതല്ല. ഇക്കാര്യങ്ങൾ ഏറ്റവും ലളിതമായി ആവിഷ്കരിക്കാനുള്ള ചില മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

വരും നാളുകളിൽ ജീസസ് യൂത്ത് കാര്യമായി ശ്രദ്ധ ചെലുത്തേണ്ട മേഖലയായി ടീൻസ് മിനിസ്ട്രിയിയെ കണക്കാക്കുന്നു. കൗമാരക്കാരുടെ ഇടയിൽ ദൈവീക ആനന്ദത്തിന്റെ സന്ദേശം ചെറു പ്രായത്തിൽ തന്നെ ഊട്ടിയുറപ്പിക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. സൺഡേസ്കൂൾ, സ്കൂൾ അധ്യാപകരെയും, മാതാപിതാക്കളെയും കൂട്ടിചേർത്തുള്ള ശ്രമമാണ് ഇവിടെ ആവശ്യം. കുട്ടികളുടെ ഇടയിൽ ദൈവരാജ്യത്തിന്റെ സന്ദേശം നൽകാനായാൽ വളർന്നുവരുന്ന തലമുറയെ പൂർണ്ണമായും ദൈവത്തിങ്കലേക്കടുപ്പിക്കാൻ നമുക്ക് സാധിക്കും തീർച്ച കൂടാതെ,

- സ്കൂളുകളിലും ഇടവകകളിലും ടീൻസിനുവേണ്ടി പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
- ടീനേജേഴ്സിന് താൽപര്യം തോന്നിപ്പിക്കുന്ന തരത്തിലുള്ള റീച്ച് ഔട്ടുകൾ നടത്തുക.
- പുതിയ സ്ഥലങ്ങളിലേയ്ക്കും ക്യാമ്പസുകളിലേയ്ക്കും കടന്നുചെന്ന് പ്രവർത്തിക്കാൻ മിനിസ്ട്രികളെ പ്രോത്സാഹിപ്പിക്കുക.

- വ്യക്തിപരമായി ദൈവത്തെ പങ്കുവെക്കുന്നതിന് ഓരോ ജീസസ് യൂത്തിനെയും പ്രോത്സാഹിപ്പിക്കുക.
- പ്രാരംഭ ധ്യാനങ്ങളും പ്രോഗ്രാമുകളും നടത്തുക.
- സോണൽ തലത്തിൽ ചെറിയ കൂട്ടായ്മകളും ഒത്തുചേരലുകളും.
- സാധ്യമെങ്കിൽ മൂന്ന് മാസത്തിലൊരിക്കലെങ്കിലും പുതിയതായി വരുന്നവർക്ക് പ്രാരംഭധ്യാനങ്ങൾ ക്രമീകരിക്കുക.
- യുവജ്യോതി, എൽ.എസ്.എസ് തുടങ്ങിയ പ്രോഗ്രാമുകൾ പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുക.
- ക്യാമ്പസ് വൺഡേ, റീജണൽ കോൺഫറൻസുകൾ...
- പാരീഷ് ഫെസ്റ്റുകൾ, മ്യൂസിക്, ഓഡിയോവിഷ്വൽ ഔട്ട് റീച്ചുകൾ...

**2 കൂട്ടായ്മ വളർത്തുക**

ജീസസ് യൂത്തിന്റെ ജീവരക്തമാണ് കൂട്ടായ്മകൾ. ജീസസ് യൂത്ത് ലോകമെമ്പാടും ഇത്രയും വേഗം വ്യാപിച്ചത് പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ഐക്യത്തിലാണല്ലോ. സർവ്വീസ് ടീം എന്ന നിലയ്ക്ക് സോണിലെ കൂട്ടായ്മകൾ ശക്തി പ്രാപിക്കുന്നതിന് നമ്മുടെ ശ്രമം അത്യന്താപേക്ഷിതമാണ്. പുതിയ ആളുകളെ ചേർത്ത് നിർത്തുവാൻ പ്രാർത്ഥനാ ഗ്രൂപ്പുകളുടെ പങ്ക് വലുതാണ്. ചെറുകൂട്ടായ്മകളും, സെൽഗ്രൂപ്പുകളും ഷെയറിംങ്ങുകളും പരസ്പരമുള്ള വളർച്ചയ്ക്ക് നൽകുന്ന പിന്തുണ വലുതാണ്. അതുപോലെതന്നെ നമ്മുടെ ഓരോരുത്തരുടെയും പടിപടിയായ വളർച്ചയ്ക്ക് ഹൗസ്ഹോൾഡുകളും അത്യന്താപേക്ഷിതമാണ്.

- സോണിലെ വിവിധ ഭാഗങ്ങളിലായി സജീവമാകുന്ന പ്രാർത്ഥനാ കൂട്ടായ്മകൾ
- മെന്ററിങ്ങോടുകൂടിയുള്ള ചെറുസംഘങ്ങളുടെ ഒത്തുചേരൽ
- ഇടവകകളിലെയും കലാലയങ്ങളിലെയും പ്രാർത്ഥനാ കൂട്ടായ്മകൾ
- സോണുകളിൽ കൃത്യമായ ഇടവേളകളിൽ നടക്കുന്ന ഏകദിന ഒത്തുചേരലുകൾ
- മാസത്തിലൊരിക്കലോ മൂന്നുമാസത്തിലൊരിക്കലോ നടക്കുന്ന വനിതകളുടെ കൂട്ടായ്മകൾ
- കോർ ടീമുകളോട് കൂടിയ ഹൗസ് ഹോൾഡ് കൂട്ടായ്മകൾ...

**3 പ്രേഷിത ശിഷ്യഗണത്തെ രൂപാന്തരപ്പെടുത്തുക**

പ്രേഷിത ജീവിത ശൈലിയിൽ യുവജനങ്ങളെ രൂപാന്തരപ്പെടുത്തുക എന്നതാണ് ഈ നാളുകളിൽ നാം ലക്ഷ്യം വെക്കുന്നത്. രൂപവൽക്കരണ പ്രവർത്തനങ്ങളുടെ വ്യാപനവും, നേതൃത്വ പരിശീല

കരുടെ ഫോർമേഷനും ഇതിൽ ചിലതാണ്. ജീസസ് യൂത്തിനോട് ചേർന്ന് രൂപവൽക്കരണ പ്രക്രിയയുമായി നമ്മൾ സഹകരിക്കുമ്പോൾ ഓർക്കുക അനേകം വ്യക്തികളുടെ രൂപീകരണമാണ് നടക്കുന്നത്.

- രൂപവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫോർമേഷൻ ബെയ്സ് ടീമുകളെ അവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.
- ഫോർമേഷനുകളുമായി ബന്ധപ്പെട്ട് മുതിർന്ന ആളുകളുടെ ഒത്തുചേരലുകൾ സംഘടിപ്പിക്കുക.

**4 ജീസസ് യൂത്ത് പ്രേഷിത കുടുംബങ്ങളുടെ വളർച്ച (Developing Missionary Youth Families)**

കേരളത്തിൽ ജീസസ് യൂത്ത് കുടുംബങ്ങളുടെ കൂട്ടായ്മകൾ വ്യാപിച്ചുവരികയാണ്. ഇന്ന് കേരള ജീസസ് കൗൺസിലിനെയും സോണൽ ടീമുകളെയും സഹായിക്കാനായി ഫാമിലി ടീമുകൾ നമുക്കുണ്ട്. ഓരോ സോണുകളിലും ജീസസ് യൂത്ത് കുടുംബങ്ങളെ മുന്നേറ്റത്തോട് ചേർത്ത് നിർത്തുവാനും അവരുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനും ഏറ്റവും ഉചിതമായ സമയമാണിത്. അതിനു സാധ്യമാകുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കട്ടെ.

- കുടുംബങ്ങളുടെ പ്രേഷിത പ്രവർത്തനത്തിനായി പ്രോത്സാഹിപ്പിക്കുക.
- നമ്മുടെ സോണുകളിലെ ഫാമിലി ടീമുകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക.
- ഫാമിലി സെല്ലുകൾ പ്രോത്സാഹിപ്പിക്കുക.

**5 പ്രേഷിതപ്രവർത്തനങ്ങളിൽ ശ്രദ്ധയൂന്നുക (Focus on Mission)**

ക്രിസ്തുവിനുവേണ്ടിയും അവന്റെ രാജ്യത്തിനുവേണ്ടിയും മിഷനറിയായി തീരുക ഓരോ ജീസസ് യൂത്തിന്റെയും വിളിയും ദൗത്യവുമാണ്. കേരളത്തിൽ മുന്നേറ്റത്തിന്റെ തുടക്കം മുതൽ പ്രാധാന്യത്തോടെ പ്രോത്സാഹനം നൽകി വരുന്നതാണ് മിഷൻ പ്രവർത്തനങ്ങൾ. എന്നാൽ നമ്മുടെ പ്രേഷിത വിളിയേയും പ്രവർത്തനങ്ങളെയും പുനർവിചിന്തനം നടത്താനുള്ള യഥാർത്ഥ സമയമാണിത്. മുന്നേറ്റത്തിന്റെ വ്യാപനം നമ്മുടെ സോണുകളിലും മിനിസ്ട്രികളിലും നടക്കുന്നില്ല എന്നുണ്ടെങ്കിൽ ഒരു പരിധിവരെ അതിന്റെ കാരണം ഈ മേഖലയിൽ നമുക്ക് വന്നിട്ടുള്ള വീഴ്ചയാണ്. വ്യക്തിപരമായും കൂട്ടായ്മയുടെ ഭാഗമായും മിഷൻ ചെയ്തു വളരുവാൻ നമുക്ക് കഴിയട്ടെ. പ്രേഷിതപ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുവാൻ പ്രായോഗികമായ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ചെറുസംഘങ്ങൾ ചേർന്ന് ചുരുങ്ങിയ ദിവസത്തെയെങ്കിലും മിഷൻ യാത്രകൾ നടത്തുക.
- സോണുകൾക്ക് മിഷൻ പ്രദേശങ്ങളെ ആത്മീയമായി ദത്തെടുക്കാൻ സാധിക്കുമെങ്കിൽനന്ന്.
- കൂടുതൽ ആളുകളെ One month മിഷന് പ്രോത്സാഹിപ്പിക്കുക.
- സോണുകളിൽ മിഷൻ ടീമുകൾ രൂപീകരിക്കുക.
- നമ്മുടെ ഇടയിലെ പ്രവാസികളെ ലക്ഷ്യം വെച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.

വരും നാളുകളിൽ നാം ലക്ഷ്യം വെക്കുന്ന ഈ ചുവടുകൾക്ക് ഉണർവ്വ് ഉണ്ടാകുവാനും അതുവഴി പ്രവർത്തനങ്ങൾ ഫലദായകമാകുവാനും നമുക്ക് പ്രാർത്ഥിക്കാം. നിങ്ങളുടെ ഓരോരുത്തരുടെയും സഹകരണം ജീസസ് യൂത്ത് കേരളയോട് ചേർന്ന് പ്രതീക്ഷിക്കുന്നു.

**ജൂലൈ മാസത്തെ പ്രവർത്തനങ്ങൾ**

**ഫുൾടൈമേഴ്സ് കമ്മീഷണിംങ്ങ്**

ജൂലൈ ഒന്നിന് ആലുവ ആത്മദർശനിൽ വെച്ച് നടന്ന പ്രോഗ്രാമിൽ റിബിൻ ബേബി കെ.ജെ. സ്റ്റാൻലി ജോർജ്ജ്, ഷിനു ജോൺ, ആഷ്ന ലെസ്ലി, ഡയോണ ജോയി, അലൻ ജോസഫ്, അമൽ ജോസഫ് എന്നിവരും അമലയുടെ മാതാപിതാക്കളും പങ്കെടുത്തു.

**പുതിയ ഫുൾടൈമർക്ക് മാനന്തവാടിയിലേക്ക് സ്വാഗതം**

ഈ വർഷം മാനന്തവാടി സോണിലേക്ക് ശുശ്രൂഷ ചെയ്യാനായി കടന്നുവന്നിരിക്കുന്നത് തിരുവനന്തപുരം രൂപതയിൽപ്പെട്ട പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഇടവകയിൽ താമസിക്കുന്ന അൻസു ജേക്കബ് ആണ്. അൻസു ജേക്കബിനെ ഏറെ സ്നേഹത്തോടെ മാനന്തവാടിയിലേക്ക് സ്വാഗതം ചെയ്തു. അൻസു പുനലൂർ സോണിന്റെ ഭാഗമാണ്. മാനന്തവാടി സോണിൽ നിന്നും അമല ജോസഫ് പോയിരിക്കുന്നത് അരുണാചൽപ്രദേശിലെ ഡാപൊരിജോ എന്ന മിഷൻ സ്ഥലത്തേക്കാണ്. അമലയ്ക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

**SOUL FISHERS**

ജൂലൈ 13 മുതൽ 15 വരെ ഈങ്ങാപ്പുഴ ലിസ്സാകോളേജിൽ വെച്ച് സബ്–റീജിയൺ TASK ടീമിന്റെ നേതൃത്വത്തിൽ SOUL FISHERS പ്രോഗ്രാമിൽ മാനന്തവാടി സോണിൽ നിന്നും 13 പേർ പങ്കെടുത്തു. യുവജനങ്ങളുടെ ആത്മീയ ജീവിതം കൂടുതൽ ദൃഢപ്പെടുത്തുന്നതിനും കോളേജുകളിൽ ക്രിസ്തുസാക്ഷി ആകുന്നതിനും ഈ പ്രോഗ്രാം ഒരു സഹായകമായിരുന്നു.

**ലീഡേഴ്സ് ഗാതറിംങ്ങ്**

മാസത്തിലെ എല്ലാ രണ്ടാം വെള്ളിയാഴ്ചയും നടത്തപ്പെടുന്ന ലീഡേഴ്സ് ഗാതറിംങ്ങ് ജൂലൈ 13 വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ജപമാലയോടു കൂടി തുടങ്ങി. ശേഷം ജെയ്മോനച്ചൻ വി. ബലി അർപ്പിക്കുകയും തുടർന്ന് പുതിയ ഫുൾടൈമർ അൻസു ജേക്കബിനെ ഏറെ സ്നേഹത്തോടെ മാനന്തവാടി സോണിലേക്ക് സ്വാഗതം ചെയ്യുകയും ലീഡേഴ്സ് ഷെയറിംങ്ങ് നടത്തുകയും ഈ മാസം ജന്മദിനം ആഘോഷിക്കുന്നവർക്ക് ആശംസകൾ അർപ്പിക്കുകയും റോബിൻ, റിറ്റിന ദമ്പതികളെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. ജീസസ്സ് യൂത്ത് മുൻ ആനിമേറ്റർ സി. ക്രിസ്റ്റി മരിയ SABS ആശംസകൾ അർപ്പിച്ച് പ്രാർത്ഥിച്ചു. ആരാധനയോടുകൂടി ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്തു. ആരാധനയിലെ പ്രത്യേക നിയോഗം വരാനിരിക്കുന്ന യുവജന കൺവെൻഷൻ, ആഗസ്റ്റ് മാസത്തിലെ ജീസസ് യൂത്ത് കേരളാ കോൺഫറൻസ്, സഭ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്നിവ ആയിരുന്നു.

**ഏകദിന കൺവെൻഷൻ**

ശനിയാഴ്ച രാവിലെ 9 മണിയോടുകൂടി സീയോൻ ചാപ്പലിൽ ആരംഭിച്ച എല്ലാ ശുശ്രൂഷകൾക്കും ബൈജു ജോസ് നേതൃത്വം നൽകി. ബഹു. ഫാ. ജെയ്മോൻ കളമ്പുകാട്ട് ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. 3 മണിക്ക് ആരാധനയോടെ ഈ ദിവസത്തെ ശുശ്രൂഷകൾ അവസാനിച്ചു.

**ആഗസ്റ്റ് മാസത്തെ പ്രോഗ്രാം**

ആഗസ്റ്റ് 10 വെള്ളി 6 pm - ലീഡേഴ്സ് ഗാതറിംങ്ങ് (ജപമാല, വി. കുർബാന, ക്ലാസ്സ്, ആരാധന)

ആഗസ്റ്റ് 11 ശനി 9.30 am - 3. 30 pm - കൺവെൻഷൻ (ജപമാല, വി.കുർബാന, ക്ലാസ്സ്, ആരാധന).

ആഗസ്റ്റ് 23 മുതൽ 26 വരെ മൂവാറ്റുപുഴ നിർമല കോളേജിൽ വെച്ച് ജീസസ് യൂത്ത് കേരളാ കോൺഫറൻസ് നടക്കുന്നു. (130 ഓളം വൈദീകരും 525 ഓളം കുടുംബങ്ങളും 4500 ഓളം യുവജനങ്ങളും പങ്കെടുക്കുന്നു).

ജീസസ് യൂത്തിന്റെ ഏത് കാര്യങ്ങൾക്കും ബന്ധപ്പെടുക

ഓഫീസ്: 9061 155 044

ഫുൾടൈമർ: 7902 792 435

**ഫാ. ജെയ്മോൻ കളമ്പുകാട്ട്**

ഡയറക്ടർ, ജീസസ് യൂത്ത്

# കത്തോലിക്കാ കോൺഗ്രസ് -AKCC

കാർഷിക മേഖലയിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ പുതിയ കാൽവെയ്പ്പുകളുടെ ഭാഗമായി സമഗ്ര കാർഷിക വികസനം സാധ്യമാക്കുന്നതിനായി പ്രവർത്തനങ്ങൾ ആരംഭിച്ചു. കൃഷിയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ വിദഗ്ധരും കാർഷികരംഗത്ത് ക്രിയാത്മകമായി ഇടപെടലുകൾ നടത്തികൊണ്ടിരിക്കുന്നവരെയും പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറിൽ നമ്മുടെ രൂപതയിൽ നിന്നും വർക്കി നിരപ്പേൽ, ജയിംസ് മറ്റത്തിൽ, തോമസ് ഒറ്റക്കുന്നേൽ എന്നിവർ പങ്കെടുത്തു. സെമിനാറിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ട് പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി വിവിധ കമ്മറ്റികൾക്ക് രൂപം കൊടുക്കുകയുണ്ടായി. ജൂൺ 14-ന് വിവിധ കമ്മറ്റികളുടെ യോഗം ചേരുകയുണ്ടായി. കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന സമഗ്ര കാർഷിക വികസന പദ്ധതികൾക്ക് ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**മെമ്പർഷിപ്പ് വിതരണം**

അംഗത്വ വിതരണം എല്ലാ ഇടവകകളിലും എത്രയും വേഗം പൂർത്തിയാക്കി യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കാൻ ശ്രദ്ധിക്കണം.

**പുസ്തക പ്രകാശനം**

കത്തോലിക്ക കോൺഗ്രസ്സ് രൂപതാ സെക്രട്ടറിമാരിലൊരാളായ ശ്രീ. തോമസ് ആര്യമണ്ണിൽ രചിച്ച 'മോചനദ്രവ്യം' എന്ന ബൈബിൾ കവിതകൾ ജൂലൈ 3 ന് ദ്വാരക ഫൊറോനാ വികാരി റവ. ഫാ. ജോസ് തേക്കനാടി പ്രകാശനം ചെയ്തു. രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും ആശംസകളും.

**പ്രസിഡണ്ടിന്റെ ചുമതല സണ്ണി ചെറുകാട്ടിന്**

മുമ്പ് അറിയിച്ചിരുന്നതുപോലെ പ്രസിഡന്റ് അവധിയിലായതിനാൽ സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. സണ്ണി ചെറുകാട്ടിന് പ്രസിഡന്റിന്റെ ചുമതല നൽകി. 2018 ജൂലൈ 15 ന് രൂപതാ ഓഫീസിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് ശ്രീ. സണ്ണി ചെറുകാട്ട് ഉത്തരവാദിത്വം ഏറ്റെടുത്തു. എല്ലാവിധ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഒപ്പുശേഖരണം നടത്തി**

അനുദിനം വികസനത്തിന്റെ പാതയിലായ ദ്വാരക പ്രദേശത്തിന്റെ വികസനത്തിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിന്റെ ഭാഗമായി ദ്വാരക ഫൊറോന സെന്റ് അൽഫോൻസ ചർച്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒപ്പുശേഖരണം നടത്തി. ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് തേക്കനാടി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് സെബാസ്റ്റ്യൻ ഓണിശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ഷിൽസൺ കോക്കണ്ടത്തിൽ, ജോസ് വല്ലപ്രയിൽ, വർക്കി നിരപ്പേൽ, തോമസ് ആര്യമണ്ണിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**വർക്കി നിരപ്പേൽ** - രൂപതാ ജനറൽ സെക്രട്ടറി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ടവരേ,

ഏത് അളവുകൊണ്ട് നാം അളക്കുന്നുവൊ, ആ അളവുകൊണ്ട് നമുക്കും അളക്കപ്പെടും (മത്തായി-7:2) സുവിശേഷത്തിൽ ക്രിസ്തു നാഥൻ നമ്മുടെ അന്ത്യവിധിയെക്കുറിച്ച് ഈ വാക്കുകളിലൂടെ വ്യക്തമായി പറയുന്നു. പലപ്പോഴും മറ്റുള്ളവരെ ദ്രോഹിക്കുന്നതിലും അപവാദങ്ങൾ പറയുന്നതിലും നാം തത്പരരാണ്. മററുള്ളവരെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറയുന്നതുകേട്ട് നാം പലപ്പോഴും വിധികർത്താക്കളാകുന്നു. സോഷ്യൽ മീഡിയാകൾ ഇന്ന് ലോകത്തെ കീഴടക്കുകയാണല്ലൊ. ഇവയിലൂടെ പ്രചരിപ്പിക്കുന്ന പലതിലും സത്യത്തിന്റെ അംശംപോലും ഉണ്ടാകാറില്ല. എന്നാലും ഇവയിൽ പലതും വൈറലാകുന്നു. സഭയെ സംബന്ധിച്ചും സഭാപിതാക്കന്മാരെക്കുറിച്ചും വളരെ മോശമായ കുപ്രചാരണങ്ങളാണ് ഇന്നു നടക്കുന്നത്. ഇത്തരം അസത്യപ്രചാരണങ്ങൾക്ക് പ്രചാരം നല്കുന്നതാവട്ടെ നമ്മൾ ക്രിസ്ത്യാനികളാണെതാണ് ഏറെ വേദനാജനകമായ വസ്തുത. നമ്മുടെ മാതാപിതാക്കന്മാരെക്കുറിച്ചൊ, മക്കളെക്കുറിച്ചൊ മോശമായ എന്തെങ്കിലും വാർത്തകളുണ്ടായാൽ നാം എങ്ങിനെയായിരിക്കും അതിനോട് പ്രതികരിക്കുന്നത്-ആ വാർത്തയിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽപ്പോലും നാം അത് പ്രചരിപ്പിക്കുന്നവർക്കെതിരെ ശക്തമായി രംഗത്തുവരും. ഇന്ന് സഭ അനാവശ്യമായി വളരെയേറെ അപവാദങ്ങൾ കേൾക്കുകയാണ്. സഭയെ തകർക്കുവാൻ വലിയ ശക്തികൾ സഭക്കു ചുറ്റുമുണ്ട്. നമ്മുടെ കുടുംബം തകർക്കുവാൻ ആരെങ്കിലും രംഗത്തു വന്നാൽ നാം എങ്ങിനെയായിരിക്കും അതിനോട് പ്രതികരിക്കുന്നത്- എന്നാൽ ഇന്ന് സഭ അനാവശ്യമായ വിമർശനങ്ങൾ ഏററുവാങ്ങുമ്പോൾ സഭാതനയരായ നാം കയ്യുംകെട്ടി കാഴ്ചക്കാരായി നോക്കി നില്ക്കരുത്. അടിസ്ഥാന രഹിതങ്ങളായ ആരോപണങ്ങളെ സത്യത്തിന്റെയും നന്മയുടെയും മാർഗ്ഗത്തിലൂടെ നാം ചെറുത്തുതോല്പ്പിക്കുവാൻ രംഗത്തുവരണം. സഭയെ സംരക്ഷിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും എന്ന സത്യം നാം മറന്നുപോകരുത്.

സഭയ്ക്കകത്തുനിന്ന് സഭയെ തോല്പ്പിക്കുവാൻ ആരെയും അനുവദിക്കരുത്. അന്തഃഛിദ്രമുള്ള രാജ്യം വളരെ വേഗം നശിക്കുമെന്ന യാഥാർത്ഥ്യം നാം മനസ്സിൽ സൂക്ഷിക്കണം. സഭയെ സംരക്ഷിക്കുവാൻ- സഭയ്ക്ക് കാവലേകാൻ നാം മാത്രമെയുള്ളുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. ഇതിനായി ഓരോ വിൻസെൻഷ്യനും പ്രാർത്ഥനാപൂർവം അണിനിരക്കുക, ദൈവം നമ്മോടൊപ്പമുണ്ടായിരിക്കും.

**സി.സി.യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം ജൂലൈ 24-ന് നടവയൽ ഓസാനാം ഭവൻ ഹാളിൽ നടന്നു. സി.റോസമ്മ അയ്യങ്കുഴയ്ക്കൽ, സി. പ്രിയ ഷൈജൻ തടങ്ങഴിയിൽ എന്നിവർ പ്രർത്ഥനകൾക്ക് നേതൃത്വം നല്കി. സി.സി.വൈ. പ്രസിഡണ്ടുമാരായ ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതവും, ബ്ര.തോമസ് മാങ്ങൻ മുഖ്യസന്ദേശവും നല്കി. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷം വഹിച്ചു. കുറുമ്പാല എ.സി. പ്രസിഡന്റ് ബ്ര.രാജു വലിയാറയുടെ മാതാവ് സി. തങ്കമ്മയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ടും, സി.സി. ട്രഷറർ ബ്ര.എൻ.യു.ജോൺ കണക്കുകളും, ഓസാനാംഭവൻ സെക്രട്ടറി ബ്ര.വിൻസെൻറ് വടക്കുംചേരി ഓസാനാംഭവൻ കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. ഓസാനാം ഭവനുവേണ്ടി കോൺഫ്രൻസുകൾ ശേഖരിക്കുന്ന സംഭാവനകൾ പൂർണമായും ഓസാനാം ഭവനിൽ ഏല്പ്പിക്കേണ്ടതാണ്. ഓഗസ്റ്റ് നാലിന് ആരംഭിക്കുന്ന എ.സി.തല പരിശീലന പരിപാടിയിൽ മുഴുവൻ കോൺഫ്രൻസ് അംഗങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കോൺഫ്രൻസുകളുടെ എല്ലാ രേഖകളും പരിശോധനക്കായി കൊണ്ടുവരേണ്ടതാണ്. കോൺഫ്രൻസുകൾ വലിയ തുകകൾ ഡെപ്പോസിറ്റായി സൂക്ഷിക്കരുത്. മററുള്ളവർക്ക് സഹായമായി ഈ തുകകൾ നാം വിനിയോഗിക്കേണ്ടതാണ്.

**എ.സി.സന്ദർശനത്തിന്റെ സമയവിവരം ചുവടെ ചേർക്കുന്നു**

രാവിലെ-9.30-10.00-രജിസ്ട്രേഷൻ,10-10.30-പ്രാർത്ഥന, ഉദ്ഘാടനം, 10.30-11.00-സി.സി.രക്ഷാധികാരി, സി.സി.പ്രസിഡന്റ്, 11-11.15 -ചായ, 11.15-12.15-സംഘടനാ സംവിധാനം (ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്ര.ബാബു നമ്പുടാകം), 12.15-1.15-രേഖകൾ, കണക്കുകൾ (ബ്ര.എൻ.യു.ജോൺ, ബ്ര.കെ.പി.ജോൺ), 1.15-1.30-പൊതുചർച്ച, സമാപന പ്രാർത്ഥന, 1.30-ഉച്ചഭക്ഷണം.

**ഓസാനാംഭവൻ സന്ദർശനം**

കഴിഞ്ഞ ഒരു വർഷക്കാലം ഓസാനാംഭവൻ സന്ദർശനം എ.സി. തലത്തിലായിരുന്നുവല്ലോ നടത്തിയിരുന്നത്. എന്നാൽ ഇത് വേണ്ടത്ര കാര്യക്ഷമമായില്ലെന്ന് കണ്ടതിനാൽ നാം പഴയ രീതിയിലേക്ക്- കോൺഫ്രൻസ് തലത്തിൽ സന്ദർശനത്തിലേക്ക് ഈ മാസം മുതൽ മടങ്ങുകയാണ്. കോൺഫ്രൻസുകൾ നിശ്ചിത ദിവസങ്ങളിൽത്തന്നെ സന്ദർശനം നടത്തുന്നുവെന്ന കാര്യം അതാത് എ.സി. പ്രസിഡന്റുമാർ ഉറപ്പാക്കുമല്ലോ.

| | | |
|---|---|---|
| ഓഗസ്റ്റ് 1-15 | - | പാടിച്ചിറ എ.സി.യുടെ കീഴിലുള്ള കോൺഫ്രൻസുകൾ |
| ഓഗസ്റ്റ് 16-30 | - | പുൽപ്പള്ളി എ.സി.യുടെ കീഴിലുള്ള കോൺഫ്രൻസുകൾ. |
| സെപ്റ്റംബർ 1-15 | - | വാഴവറ്റ എ.സി.യുടെ കീഴിലുള്ള കോൺഫ്രൻസുകൾ. |
| സെപ്റ്റംബർ 16-30 | - | കൊട്ടിയൂർ എ.സി.യുടെ കീഴിലുള്ള കോൺഫ്രൻസുകൾ. |

എല്ലാവർക്കും പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ട്,

**റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**സൗജന്യ മഞ്ഞൾ വിത്ത് വിതരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര സുഗന്ധ വിള ഗവേക്ഷണ കേന്ദ്രവുമായി സഹകരിച്ച് തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിലെ 5 വനിതാ സ്വാശ്രയസംഘങ്ങളിലെ 46 വനി തകൾക്കു സൗജന്യമായി മഞ്ഞൾവിത്ത് വിതരണം നടത്തി. കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത അത്യുല്പ്പാദന ശേഷിയുള്ള പ്രഗതി ഇനം മഞ്ഞൾ വിത്താണ് വിതരണം ചെയ്തത്. പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ. സംസാരിച്ചു. പരിപാടിക്ക് ഫീൽഡ് കോർഡിനേറ്റേഴ്സ് ആയ ഷൈനി ദേവസ്യ, ബിൻസി, ലിസി എന്നിവർ നേതൃത്വം നൽകി.

**സിൽവർ ജൂബിലി ആഘോഷം**

മാനന്തവാടി രൂപത സാമൂഹ്യ സേവനവിഭാഗം ഡയറക്ടർ ആയ ബഹു. പോൾ കൂട്ടാല അച്ചന്റെ ജൂബിലി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ബയോവിൻ അഗ്രോ റിസർച്ച്, റേഡിയോ മാറ്റൊലി എന്നി വയുടെ നേതൃത്വത്തിൽ സമുചിതമായി ആഘോഷിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി റവ.ഫാ. ജോസഫ് ചിറ്റൂർ ഉദ്ഘാടനം ചെയ്തു. ബയോവിൻ അഗ്രോ റിസർച്ച് ചെയർമാൻ റവ.ഫാ. ജോൺ ചൂരപ്പുഴയിൽ, റേഡിയോ മാറ്റൊലി ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പള്ളിൽ, ബോയ്സ് ടൗൺ ഡയറക്ടർ റവ.ഫാ. സിബി ചെറുതോട്ടിൽ, നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ, അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, ഏലി യാസ് കൂട്ടാല, ഷാജി കെ. ജോസ്, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സംസാരിച്ചു. മാനന്തവാടി രൂപതാ ചാൻസിലർ റവ.ഫാ. സജി നെടുങ്കല്ലേൽ, പ്രൊക്യുറേറ്റർ റവ.ഫാ. ജിൽസൺ കോക്കണ്ടത്തിൽ, റവ.ഫാ. ചാക്കോച്ചൻ വാഴക്കാല എന്നിവർ ഉപഹാരങ്ങൾ സമർപ്പിച്ചു.

**വായനവാര ആചരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വായന വാരത്തോടനുബന്ധിച്ച് ഡിഡിയുജികെവൈ പദ്ധതിയിലെ വിദ്യാർത്ഥികൾക്കായി വായന മത്സരം സംഘടിപ്പിച്ചു. മാനന്തവാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ മത്സരത്തിൽ 40 കുട്ടികൾ പങ്കെടുത്തു. മത്സരത്തിൽ വിഷ്ണുപ്രിയ, ധന്യ മോൾ, ആൽബിൻ ജോസ് എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് ഡിഡിയുജികെവൈ സെന്റർ പ്രിൻസിപ്പൾ ഫ്രാൻസീസ് പള്ളിക്കമാലിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. മത്സരത്തിന് റോബിൻ, അനഘ, ജാൻസി, ടെസ്ന എന്നിവർ നേതൃത്വം നൽകി.

**കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതി സെന്ററുകളിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഒന്നാം സ്ഥാനത്ത്**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംസ്ഥാന കുടുംബശ്രീ മിഷനും സംയുക്തമായി കേരളത്തിൽ നടപ്പിലാക്കിവരുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺകൗശല്യ യോജന പദ്ധതിയുടെ സെന്ററുകളിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തി. തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോക്ടർ കെ.ടി. ജലീലിൽ നിന്ന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡിഡിയുജികെവൈ പദ്ധതി ഹെഡ് ശ്രീ. റോബിൻ ജോസഫ് അവാർഡ് ഏറ്റുവാങ്ങി. യുവാക്കൾക്ക് വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനം നൽകി അവർക്ക് തൊഴിൽ നേടിക്കൊടുക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൻ കൗശല്യ യോജന അഥവാ ഡിഡിയുജികെവൈ കേരളത്തിൽ 62 വികസന ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ, നടത്തിപ്പിലെ ഗുണമേന്മ, തൊഴിൽ നൽകുന്നതിൽ സജീവത തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി നടത്തിയ വിശകലനത്തിലാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഒന്നാം സ്ഥാനത്ത് എത്തിയത്. നിലവിൽ ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈനിങ്ങ്, സുവിങ് മെഷീൻ ഓപ്പറേറ്റർ, ബി.പി.ഒ. എന്നീ സാങ്കേതിക പരിശീലനങ്ങളാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്നുവരുന്നത്. സാങ്കേതിക പരിശീലനത്തിന്

പുറമെ കമ്പ്യൂട്ടർ പഠനം, ഇംഗ്ലീഷ് ഭാഷയിൽ അടിസ്ഥാന പ്രാവീണ്യം, സോഫ്റ്റ് സ്കിൽസ് എന്നിവയും പഠിപ്പിക്കുന്നതാണ്. പൂർണമായും സൗജന്യമായി നടത്തുന്ന ഈ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് യൂണിഫോം, പഠന ഉപകരണങ്ങൾ തുടങ്ങിയവ സൗജന്യമായി നൽകുന്നതോടൊപ്പം ഒരു ദിവസം 125 രൂപ എന്ന നിരക്കിൽ യാത്രാ ചെലവും നൽകിവരുന്നു.

18 മുതൽ 35 വരെ പ്രായമുള്ള SSLC വരെയെങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കു ഈ പരിശീലനങ്ങളിൽ പങ്കെടുക്കാം. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡിഡിയുജികെവൈ പദ്ധതിക്ക് റവ.ഫാ. പോൾ കൂട്ടാല, റവ.ഫാ. ജിനോജ് പാലത്തടത്തിൽ, ജോസ് പി.എ., റോബിൻ ജോസഫ്, ഫ്രാൻസിസ് പള്ളിക്കമാലിൽ, അനഘ കുര്യൻ, ഡേറ്റലി ജോസ്, ഏയ്ഞ്ചൽ ജോസഫ്, ഹരിപ്രിയ, കാൽവിൻ ജോസഫ്, ബിജു കെ.ജെ ജാൻസി ജിജോ, ടെസ്ന വർഗീസ്, ജോസ്മി കെ ജോൺ, ശ്രുതി സെബാസ്റ്റ്യൻ, സുമിഷ കെ അശോകൻ, ഹരിപ്രിയ എം.ജി., ജോമേഷ് എൻ ജെ എന്നിവർ നേതൃത്വം നൽകുന്നു.

**പാരമ്പര്യ കുരുമുളകു സംരക്ഷണ പദ്ധതി (Traditional Pepper Conservation Project)**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന പാരമ്പര്യ കുരുമുളകു സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് സർവ്വേയും, നടീൽ വസ്തുക്കളുടെ ശേഖരണവും നടത്തി. നടയ്ക്കൽ, പൊട്ടൻതോട്, കോളിച്ചാൽ എന്നിവിടങ്ങളിൽ സർവ്വെകൾ നടത്തി. ഇതുവരെയായി 75 തരം കുരുമുളകിനങ്ങൾ കണ്ടെത്തി. കർഷകർക്ക് നല്ല ഇനം കുരുമുളകിനങ്ങൾ നൽകുന്നതിനായി നഴ്സറി തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. കൂടാതെ കർഷകർക്ക് നല്ലയിനം കാപ്പിതൈകൾ ലഭ്യമാക്കുന്നതിനുവേണ്ടി റോബെസ്റ്റയുടെ പുതിയ ഇനം Robusta 270 തൈകൾ നഴ്സറിയിൽ തയ്യാറാക്കി ഇവ ഒരു മാസത്തിനുശേഷം കർഷകർക്ക് ലഭ്യമാക്കും. കൂടാതെ, കുരുമുളകിനങ്ങൾ മ്യൂസിയത്തിൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള Glass containers ലഭ്യമാക്കുകയും, അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**സേവ് എ ഫാമിലി പ്ലാൻ**

സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ആയിരിക്കുന്ന കുടുംബങ്ങളെ മുഖ്യധാരയിൽ എത്തിക്കുവാൻ ഒരു വഴികാട്ടിയാണ് സേവ് എ ഫാമിലി പ്ലാൻ. ഈ പദ്ധതിയിലൂടെ വയനാട്

സോഷ്യൽ സർവീസ് സൊസൈറ്റി 305 കുടുംബങ്ങളെ ഇപ്പോൾ അഭിവൃദ്ധിയിലേയ്ക്ക് കൈപിടിച്ച് നടത്തുന്നു. ഇല്ലായ്മയിൽ നിന്നും സ്വയം പര്യാപ്തതയിലേയ്ക്കുള്ള ഇവരുടെ വളർച്ച ശ്ലാഘനീയമാണ്. സേവ് എ ഫാമിലി പ്ലാനിന്റെ ആരംഭക പിതാവായ മോൺ. അഗസ്റ്റിൻ കണ്ടത്തിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 18 ന് പ്രാർത്ഥനാ ശുശ്രൂഷയോടെ സമുചിതമായി ആചരിച്ചു. കൽപ്പറ്റ, മാനന്തവാടി, പുൽപ്പള്ളി റീജണുകളിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി റീജണൽ മീറ്റിംഗുകൾ നടത്തി. ഡയറക്ടർ ഫാ. പോൾ കൂട്ടാല, അസോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലാത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി.എ. എന്നിവർ സംസാരിച്ചു. 'സ്ത്രീ ശാക്തീകരണം, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തിനായുള്ള നിയമങ്ങൾ' എന്നീ വിഷയത്തെപ്പറ്റി അഡ്വ. ജോസഫ്, അഡ്വ. പ്രമോദ്, അഡ്വ. സുമേഷ് എന്നിവർ ക്ലാസുകൾ നയിച്ചു. KLM കോ ഓർഡിനേറ്റർ ശ്രീമതി മിനി വിവിധ ക്ഷേമനിധികളെകുറിച്ച് പരിചയപ്പെടുത്തി. SAFP കോ-ഓർഡിനേറ്റർ സി. അനിലിറ്റ് എഫ്.സി.സി. ആനിമേറ്റേഴ്സായ ശ്രീമതി സുജ, ശ്രീമതി ഷൈനി, ശ്രീമതി ഷീന എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ഏവർക്കും പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി, CDO എന്നിവർക്കായി സംഗമം നടത്തി. ബഹു. പോൾ കൂട്ടാല അച്ചൻ അദ്ധ്യക്ഷനായിരുന്നു. സോഷ്യൽ വെൽഫെയർ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി അച്ചൻ സംസാരിച്ചു. ശ്രീ. പി.എ. ജോസ് ആശംസകൾ അർപ്പിച്ചു. ശ്രീമതി ഗ്രേസി ചിറ്റിലപ്പള്ളി മാതൃവേദി രൂപതാ പ്രസിഡന്റ് 'ഉത്തരവാദിത്വപൂർവ്വകമായ രക്ഷാകർതൃത്വം, Parenting' എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ് എടുത്തു. കുറുക്കൻമൂല, പയ്യംപള്ളി, ചുങ്കക്കുന്ന് എന്നിവിടങ്ങളിൽ കുടനിർമ്മാണ പരിശീലനം നടത്തി.

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയിൽ വിവിധ പ്രദേശങ്ങളിൽ നിന്നുവന്ന ക്യാൻസർ ബാധിതർക്കായി 50,000 രൂപ ധനസഹായം നൽകി. കരിമ്പിൽ, കബനിഗിരി, സീതാമൗണ്ട് തുടങ്ങിയ ഇടങ്ങളിൽ ഫീൽഡ് ആനിമേറ്റേഴ്സായ സുജ മാത്യു, ആലീസ് സിസിൽ, ഷീന ആന്റണി, ഷൈനി ദേവസ്യ എന്നിവരുടെ നേതൃത്വത്തിൽ Parenting നെപ്പറ്റി ക്ലാസുകൾ നടത്തി.

**കേരളാ ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന KLM ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. ഈ മാസം ശ്രേയസ്സ് മാനന്തവാടി യൂണിറ്റിലും, കബനിഗിരി സെന്റ് മേരീസ് ദേവാലയത്തിലും കേരളാ ഗവൺമെന്റിന്റെ വിവിധയിനം ക്ഷേമനിധികളെകുറിച്ച് KLM കോർഡിനേറ്റർ മിനി ക്ലാസുകൾ എടുത്തു. ഒണ്ടയങ്ങാടി ഇടവകയിൽ വിവിധ ക്ഷേമനിധികളുടെ രജിസ്ട്രേഷൻ നടന്നു.

KLM രൂപതാ ഡയറക്ടർമാരുടെ കൺസൾട്ടേഷൻ കം ട്രെയിനിംഗ് പ്രോഗ്രാം 2018 ജൂലൈ 11,12 തീയതികളിൽ എറണാകുളം പി.ഒ.സി.യിൽ വച്ച് നടന്നു. കെ.സി.ബി.സി. ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല നേതൃത്വം കൊടുത്ത യോഗത്തിൽ WSSS ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല പങ്കെടുത്തു.

**ജീവസ് – ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിവരുന്ന ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതിയിൽ ഏകദേശം മുപ്പതോളം ആളുകൾക്ക് സഹായം എത്തിക്കുവാൻ സാധിച്ചു. ഈ കഴിഞ്ഞമാസം കുറഞ്ഞതുക 1442/- രൂപയും കൂടിയ തുക 24250 രൂപയും ലഭിച്ചു. ഇതുവരെ 71 അംഗങ്ങളാണ് റീ ഇമ്പേഴ്സ്മെന്റിനു വേണ്ടി അപേക്ഷിച്ചിരിക്കുന്നത്. കുന്നലാടി, മുള്ളൻകൊല്ലി, കൊളവയൽ, തെനേരി എന്നീസ്ഥലങ്ങളിൽ മീറ്റിംഗുകൾ നടത്തി. റീ ഇമ്പേഴ്സ്മെന്റ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വ്യക്തമായി വിശദീകരിക്കുകയും ജനങ്ങളുടെ സംശയങ്ങൾക്ക് കൃത്യമായ ഉത്തരം നൽകുകയും ചെയ്തു.

**വികാസ് പീഡിയ മലയാളം – വളർച്ചയുടെ പാതയിൽ നാഴികകല്ലായി ശിൽപശാല**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റേറ്റ് നോഡൽ ഏജൻസിയായ കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐ.ടി. മന്ത്രാലയത്തിന് കീഴിലെ ബഹുഭാഷാ പോർട്ടലായ വികാസ് പീടിയയുടെ മലയാളം ഭാഷാ പോർട്ടലിന്റെ വളർച്ചയിൽ നാഴികകല്ലായി കൽപ്പറ്റ ആസൂത്രണ ഭവനിലെ എ.പി.ജെ. ഹാളിൽ നടന്ന സംസ്ഥാനതല ശിൽപശാല വിവിധ വകുപ്പുദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും വികാസ് പീഡിയ വോളണ്ടിയർമാരും അക്ഷയ പ്രവർത്തകരും അടക്കം 110 പേർ ശിൽപശാലയിൽ പങ്കെടുത്തു. കേന്ദ്ര ടൂറിസം വകുപ്പു സഹമന്ത്രി അൽഫോൻസ് കണ്ണന്താനം ഉദ്ഘാടനം ചെയ്തു. എം.ഐ.

ഷാനവാസ് എം.പി. അധ്യക്ഷത വഹിച്ചു. അക്ഷയ കേന്ദ്രങ്ങളിൽ വികാസ് പീഡിയ സഹായകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഐ.ടി. മിഷൻ ഡയറക്ടർ ശീറാം സാംബ ശിവറാവു നിർവ്വഹിച്ചു. മികച്ച വോളണ്ടിയർമാരായി തിരഞ്ഞെടുത്ത വി.സി. പ്രമോദ്കുമാർ, ജെസ് ബിൻ എം.എസ്. എന്നിവരെ വയനാട് ജില്ലാ കലക്ടർ എ.ആർ. അജയകുമാർ ആദരിച്ചു. വികാസ് പീഡിയ പ്രോഗ്രസ് റിപ്പോർട്ട് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ കൂട്ടാല അവതരിപ്പിച്ചു.

വികാസ്പീഡിയ സഹായകേന്ദ്രങ്ങൾ സംസ്ഥാനത്തെ ജി.എസ്. ടി. സുവിധാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. വായനാ ദിനത്തോടനുബന്ധിച്ച് ഡിജിറ്റൽ വായന വാരാചരണം നടത്തി. ബത്തേരി ഡോൺ ബോസ്കോ കോളേജിലായിരുന്നു പരിപാടി.

കേരളത്തിലെ പ്രൊഫഷണൽ സോഷ്യൽ വർക്കർമാരെ ഉൾപ്പെടുത്തി കോട്ടയം ബി.സി.എം. കോളേജിൽ നടത്തിയ സെമിനാറിൽ വികാസ് പീഡിയ സ്റ്റേറ്റ് കോഡിനേറ്റർ സി. വി. ഷിബു ക്ലാസെടുത്തു. കേരളത്തിലെ ഫാം ജേണലിസ്റ്റുകളെ ഉൾപ്പെടുത്തി സംസ്ഥാനതല ഡിജിറ്റൽ ഫാം ജേണലിസം ശില്പശാല നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിളകൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ജൂൺ മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു. പദ്ധതിയിലേക്ക് ജൂൺ മാസം 100 കർഷകർ വിവിധ പഞ്ചായത്തുകളിൽ നിന്നായി അംഗത്വമെടുക്കുകയും അവർക്കാവശ്യമായ സേവനങ്ങൾ ഫീൽഡ് കോർഡിനേറ്റർമാർ നൽകി വരികയും ചെയ്യുന്നു.

**കർഷകഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫാം ക്ലബുകളിൽ നടക്കുകയും, ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 118 യോഗങ്ങളിൽ റീജിണൽ ഫീൽഡ് ഓഫീസർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

**സെമിനാർ സംഘടിപ്പിച്ചു**

വിവിധ പഞ്ചായത്തുകളിൽ കേന്ദ്രീകരിച്ച് ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചു. ജൈവ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-സംഭരണ-വിപണന രീതികൾ, ഫെയർട്രേഡ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. മണ്ണ് പരി

ശോധന, ജൈവവള നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകി. നെന്മേനി, ഇടവക എന്നീ പഞ്ചായത്തുകളിൽ രണ്ട് സെമിനാറുകൾ വീതവും, അമ്പലവയൽ, തൊണ്ടർനാട്, വെള്ളമുണ്ട, മേപ്പാടി. കോട്ടത്തറ, മുള്ളൻകൊല്ലി, നെല്ലാക്കോട്ട എന്നീ പഞ്ചായത്തു കളിൽ ഓരോ സെമിനാറുകളുമാണ് ജൂൺ മാസം സംഘടിപ്പിച്ചത്. ആകെ 414 കർഷകർ പരിശീലനങ്ങളിൽ പങ്കെടുത്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പ്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണി കളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കു ന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഫെയർട്രേഡ്**

**വോഫ**

**വാർഷികപൊതുയോഗം 2018**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവഫെ യർട്രേഡ് സംഘടനയായ വോഫ 2018 ജൂൺ മാസം രണ്ടാം തീയതി സംഘടനയുടെ പത്താമത് വാർഷിക പൊതുയോഗം WSSS ഓഡിറ്റോ റിയത്തിൽ വച്ച് നടത്തപ്പെട്ടു. യോഗത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം മാനന്തവാടി രൂപത വികാരിജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ നിർവ്വഹിച്ചു. വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ചു. യോഗത്തിൽ സംഘടനയുടെ പ്രവർത്തന റിപ്പോർട്ട് വരവ്ചെലവ് കണക്ക് എന്നിവ സെക്രട്ടറി ശ്രീ. സണ്ണി മൂല ക്കര അവതരിപ്പിച്ചു.

സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കർഷ കർക്ക് പ്രയോജനകരമാംവിധം പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. യോഗത്തിൽ പങ്കെടുക്കാനെത്തിയവർക്ക് വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ കൃതജ്ഞത രേഖ പ്പെടുത്തി.

**വാർഷിക റിപ്പോർട്ട് 2017-18**

കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന വയനാട് ജില്ലയിലെ മണ്ണിന്റെ മക്കൾക്ക്, പ്രതീക്ഷയും പുത്തൻ അറിവു കളുമേകി 2008-ൽ രൂപീകൃതമായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ 10 വർഷങ്ങൾ പൂർത്തീകരിക്കു മ്പോൾ, എടുത്തുപറയത്തക്ക നേട്ടങ്ങൾ കൈവരിക്കുന്നതിന് നമുക്ക് സാധിച്ചു എന്ന് അഭിമാനത്തോടെ പറയുവാൻ കഴിയും. 414 കർഷക രുമായി ആരംഭിച്ച വോഫയിൽ ഇന്ന് 7826 കർഷകരാണ് അംഗങ്ങളാ

യുള്ളത്. ഓരോ വർഷവും സംഘടനയിൽ അംഗത്വമെടുക്കുന്ന കർഷകരുടെ എണ്ണം വർദ്ധിച്ചു വരുന്നത്, സംഘടനയുടെ പ്രവർത്തന മികവും കർഷകർക്ക് സംഘടനയിലുള്ള താത്പര്യവും, വിശ്വാസവുമാണെന്ന് നിസംശയം പറയുവാൻ സാധിക്കും.

**2017-18 വർഷത്തെ ഫെയർ ട്രേഡ് ഡവലപ്മെന്റ് പ്ലാൻ അനുസരിച്ച് നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ**

**1. സ്കോളർഷിപ്പ് വിതരണം**

2017-18 സാമ്പത്തിക വർഷത്തിൽ +2 പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ നേടിയ 18 വിദ്യാർത്ഥികളെ വാർഷിക പൊതുയോഗത്തിൽ വെച്ച് 2000/- രൂപ ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിച്ചു. ഇതിനായി 50,000 രൂപ വകയിരുത്തിയതിൽ 43200/- രൂപ ചെലവഴിച്ചു.

**2. ജൈവസാക്ഷ്യപത്ര പദ്ധതി**

വോഫയുടെ ഉത്പന്നങ്ങൾ ജൈവ ഉത്പന്നങ്ങളായി വിപണനം നടത്തുന്നതിനും പൊതു വിപണിയെക്കാൾ കൂടുതൽ വില ലഭ്യമാക്കുന്നതിനും, ഗുണമേന്മയുള്ളതും കീടനാശിനി രഹിതവുമായ ഉത്പന്നങ്ങൾ ഉദ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ 4,00,000 രൂപ വകയിരുത്തുകയും 4,98,995 രൂപ ചെലവഴിക്കുകയും ചെയ്തു.

**3. ഫെയർട്രേഡ് സർട്ടിഫിക്കേഷൻ**

വോഫയുടെ ഉത്പന്നങ്ങൾ ഫെയർട്രേഡ് ഉത്പന്നങ്ങളായി വിപണനം നടത്തുന്നതിനും സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുമായി 4,00,000 രൂപ വകയിരുത്തുകയും 2,71,659 രൂപ ചെലവഴിക്കുകയും ചെയ്തു.

**4. ഗുണനിലവാരം ഉറപ്പുവരുത്തൽ**

വോഫയുടെ ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് കീടനാശിനിരഹിതമാണെന്ന് ഉറപ്പുവരുത്തുന്നതിനായി 40,00,000/- രൂപ വകയിരുത്തുകയും 41,45,438/- രൂപ ചെലവഴിക്കുകയും ചെയ്തു.

**5. നടീൽ തൈ നേഴ്സറി**

ഗുണമേന്മയുള്ള കുരുമുളക്, കറുവപ്പട്ട തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി വോഫ നടത്തിവരുന്ന നേഴ്സറിയുടെ പ്രവർത്തനങ്ങൾക്കായി 25,00,000/- രൂപ വകയിരുത്തുകയും 25,50,062/- രൂപ ചെലവഴിക്കുകയും ചെയ്തു.

**ടാർപോളിൻ ഷീറ്റ് വിതരണം**

കാപ്പി ഗുണനിലവാരം ഉറപ്പുവരുത്തി കർഷകരിൽ നിന്നും സംഭരിക്കുന്നതിനും മണ്ണിൽ ഉണങ്ങാതെ കർഷകർക്ക് സഹായകമാകുംവിധം

2500 രൂപ വിലയുള്ള ടാർപോളിൻ ഷീറ്റ് 1000/- രൂപ സബ്സിഡിയോടു കൂടി 1500 രൂപ വിലയ്ക്ക് 1000 കർഷകർക്ക് വിതരണം ചെയ്തു. ആയ തിലേക്ക് വകയിരുത്തിയ 10,00,000/- രൂപ പൂർണ്ണമായി വിനിയോഗി ക്കുകയും ചെയ്തു.

**വാരണാസി കമ്പോസ്റ്റ് നിർമ്മാണം**

വാർഷിക പൊതുയോഗ തീരുമാനപ്രകാരം വോഫയിലെ കർഷക ഗ്രൂപ്പുകൾക്ക്, ഗ്രൂപ്പുതലത്തിൽ വാരണാസി കമ്പോസ്റ്റ് നിർമ്മി ക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് 9 ലക്ഷം രൂപ വക യിരുത്തുകയും, 30,000/- രൂപ വീതം കമ്പോസ്റ്റ് നിർമ്മാണം പൂർത്തീ കരിക്കുന്ന ഗ്രൂപ്പിന് ധനസഹായം നൽകുമെന്നും അറിയിച്ചിരുന്നു. ഇപ്ര കാരം നിർമ്മാണം പൂർത്തീകരിച്ച് ഫോട്ടോ ഓഫീസിൽ ഹാജരാക്കിയ 14 ഗ്രൂപ്പുകൾക്ക് 30,000/- രൂപ വീതം വിതരണം ചെയ്തു.

**ജൈവവള വിതരണം**

ഗുണമേന്മ ഉറപ്പുവരുത്തി 50% സബ്സിഡി നിരക്കിൽ കർഷ കർക്ക് ജൈവവളം വിതരണം ചെയ്യുന്നതിനായി 35,00,000/- രൂപ വക യിരുത്തുകയും 2 ഘട്ടമായി 70 ലക്ഷം രൂപയുടെ വളങ്ങൾ അബ്ടെക്, അഗ്രോ ബയോ കെയർ എന്നീ കമ്പനികളിൽ നിന്നുമായി എല്ലുപൊടി, കക്ക, ബയോ പൊട്ടാഷ്, കാൽപുഷ്ടി, കാൽ തൃപ്തി, കാൽ ബഹാർ എന്നിവ വാങ്ങി കർഷകർക്ക് വിതരണം ചെയ്തു.

**സ്റ്റാഫ് ആക്ടിവിറ്റി**

സ്റ്റാഫ് വെൽഫെയർ പ്രവർത്തനങ്ങൾക്കായി 75000/- രൂപ വക യിരുത്തുകയും വോഫയുടെ സ്റ്റാഫംഗങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തുകയും ആയതിലേക്കായി 73,744/- രൂപ ചെലവഴിക്കുകയും ചെയ്തു.

**മൈനോറിറ്റി ഗ്രൂപ്പ് ആക്ടിവിറ്റി**

വോഫയിൽ അംഗങ്ങളായ ആദിവാസി വിഭാഗത്തിൽപ്പെട്ട കർഷ കരുടെ അഭിവൃദ്ധിക്കായി നടപ്പിലാക്കിവരുന്ന പ്രവർത്തനത്തിന്റെ ഭാഗ മായി 2017-18 സാമ്പത്തിക വർഷത്തിൽ അരിക്കളം കോളനിയിലെ ആദി വാസി വിഭാഗത്തിൽപ്പെട്ട കർഷകർക്ക് അവരുടെ ആവശ്യപ്രകാരം 5 എച്ച്.പി. മോട്ടർ, പൈപ്പ് എന്നീ ഉപകരണങ്ങൾ വാങ്ങി നൽകുകയും ഈ പദ്ധതിക്കായി നീക്കിവെച്ചിരുന്ന 50,000 രൂപ ചെലവഴിക്കുകയും ചെയ്തു.

**ജലസേചന പദ്ധതി**

വോഫയിൽ അംഗങ്ങളായ കർഷകർക്ക് ജലസേചന സൗകര്യ മൊരുക്കുന്നതിനായി 50,00,000/- രൂപ വകയിരുത്തുകയും 500

കർഷകർക്ക് 10,000/- രൂപ വീതം നൽകുന്നതിനും തീരുമാനിച്ചതു പ്രകാരം കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു.

**ചികിത്സാ സഹായം**

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരും മാരക രോഗികളുമായവർക്ക് ചികിത്സാ സഹായം നൽകുന്നതിനായി 20,00,000 രൂപ വകയിരുത്തുകയും 267 അപേക്ഷകളിലായി 19,82,500/- രൂപ വിതരണം ചെയ്യുകയും ചെയ്തു.

**ഭവനപുനരുദ്ധാരണ സഹായം**

ഭവന പുനരുദ്ധാരണത്തിനായി 13 ലക്ഷം വകയിരുത്തുകയും സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിശോധിക്കുകയും അപേക്ഷകരുടെ ഭവനം സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 18 കുടുംബങ്ങൾക്കായി 12,00,000 രൂപ സഹായം നൽകുകയും ചെയ്തു.

**ഓഖി ദുരിതാശ്വാസ നിധി-സംഭാവന**

ഓഖി ദുരിതാശ്വാസ നിധിയിലേക്ക് വോഫ 5,00,000/- രൂപ സംഭാവന നൽകി. ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഒരു കൈ സഹായമെന്ന നിലയിൽ വോഫ നൽകിയ സാമ്പത്തിക സഹായം കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടുകുന്നേൽ ഏറ്റുവാങ്ങി.

**ഏണി വാങ്ങുന്നതിനായി സാമ്പത്തിക സഹായം**

കുരുമുളക് കർഷകർക്ക് ഏണി വാങ്ങുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിന് 2,00,000 രൂപ വകയിരുത്തുകയും 133 അപേക്ഷകർക്ക് 1500 രൂപ വീതം സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

**മെമ്പർഷിപ്പ്**

2017-18 വർഷത്തിൽ പുതുതായി 57 കർഷകർക്ക് വോഫയിൽ അംഗത്വം നൽകി.

**സംഭരണം**

വോഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജൂൺ മാസം 95916 കിലോ കാപ്പി, 80 രൂപ നിരക്കിലും 13648.9 കിലോ കുരുമുളക് 435-460 രൂപ നിരക്കിലും 73.8 കിലോ ഏലം 1400 രൂപ നിരക്കിലും സംഭരിച്ചു.

**കഫേ**

**വാർഷിക പൊതുയോഗം 2018**

2018 ജൂൺ മാസം 27-ാം തീയതി മാനന്തവാടി WSSS ഓഡിറ്റോറിയത്തിൽ വച്ച് 2017-18 വർഷത്തെ കഫേ വാർഷിക പൊതുയോഗം

നടത്തപ്പെട്ടു. കഫേ അധ്യക്ഷൻ റവ.ഫാ. ബിജു കോടിക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ ഉദ്ഘാടനം WSSS ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാനും, കഫേ ഉപദേഷ്ടാവുമായ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സംഘടനാ സെക്രട്ടറി ശ്രീ. പി. എ. ജോസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**വാർഷിക റിപ്പോർട്ട് 2017–18**

വയനാടൻ ജനതയുടെ കാർഷിക സ്വപ്നങ്ങൾക്ക് നിറപകിട്ടേകി ജൈവകർഷക സംഘടനയായ കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ് കർമ്മ മണ്ഡലത്തിൽ ക്രിയാത്മക പ്രവർത്തനങ്ങളുമായി മുന്നേറുകയാണ്.

2859 കർഷകരാൽ രൂപംകൊണ്ട സംഘടനയുടെ ഇന്നത്തെ പ്രവർത്തന വ്യാപ്തി വയനാട് ജില്ലയും പിന്നിട്ട് കണ്ണൂർ, കോഴിക്കോട്, നീലഗിരി ജില്ലകളിൽ എത്തി നിൽക്കുമ്പോൾ 7700 കർഷകരാണ് നമ്മുടെ ഈ പ്രസ്ഥാനത്തിൽ അംഗങ്ങളായുള്ളത്. സംഘടനയുടെ പ്രവർത്തന മികവും കർഷകരുമായുള്ള ആത്മബന്ധവും തന്നെയാണ് സംഘടനയുടെ ദ്രുതഗതിയിലുള്ള വളർച്ചയുടെ അടിസ്ഥാനമെന്ന് നിസംശയം പറയാൻ സാധിക്കും.

**2017–18 വർഷത്തെ ഫെയർട്രേഡ് ഡവലപ്പ്മെന്റ് പ്ലാൻ അനുസരിച്ച് നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ**

**1. കഫേ ബൈലോ വിതരണം**

2016–17 വാർഷിക പൊതുയോഗ തീരുമാനപ്രകാരം കഫേയുടെ നിയമാവലി മലയാള ഭാഷയിൽ തർജ്ജിമ ചെയ്യുകയും എല്ലാ ഗ്രൂപ്പുകൾക്കും നിയമാവലി പുസ്തക രൂപത്തിലാക്കി വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നുവെങ്കിലും തദവസരത്തിൽ സംഘടനയിൽ ആവശ്യാനുസരണം ഫണ്ട് ഇല്ലാതിരുന്നതിനാൽ 2017–18 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചു.

**2. ജൈവവള വിതരണം**

ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി 75% സബ്സിഡി നിരക്കിൽ കർഷകർക്ക് ജൈവവളം വിതരണം ചെയ്യുന്നതിനായി 35 ലക്ഷംരൂപ വകയിരിത്തുകയും 2 ഘട്ടങ്ങളിലായി 46,66,670 രൂപയുടെ വളങ്ങൾ ആബ്ടെക്, അഗ്രോബയോ കെയർ, എന്നീ കമ്പനികളിൽ നിന്നുമായി എല്ലുപൊടി, ബയോപൊട്ടാഷ്, കാൽപുഷ്ടി, കാൽതൃപ്തി, കാൽബഹാർ എന്നിവ വാങ്ങി കർഷകർക്ക് വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചു.

**3. ടാർപോളിൻ ഷീറ്റ് വിതരണം**

കാപ്പിയുടെ ഗുണനിലവാരം ഉറപ്പുവരുത്തി സംഭരിക്കുന്നതിനായി കർഷകർക്ക് സബ്സിഡി നിരക്കിൽ ടാർപോളിൻ ഷീറ്റ് വിതരണം ചെയ്യുകയുണ്ടായി. 2500 രൂപ വില വരുന്ന ടാർപോളിൻഷീറ്റ് 1000 രൂപ സബ്സിഡി നൽകി സംഘടനയിൽ അംഗങ്ങളായവരും ഉൽപ്പന്നം വിപണനം നടത്തിയവരുമായ 500 കർഷകർക്ക് നവംബർ മാസത്തിൽ വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചു.

**4. സ്റ്റാഫ് ക്ഷേമപദ്ധതി**

ഫെയർ ട്രേഡ് മാനദണ്ഡമനുസരിച്ച് സ്റ്റാഫ് വെൽഫെയർ പ്രവർത്തനങ്ങളുടെ ഭാഗമായി 65000 രൂപ വകയിരുത്തുകയും കഫേയുടെ സ്റ്റാഫ് അംഗങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തുകയും ആയതിലേക്കായി 62000 രൂപ ചിലവഴിക്കുകയും ചെയ്തു.

**5. മൈനോരിറ്റി ഗ്രൂപ്പ് ആക്ടിവിറ്റി**

സംഘടനയിൽ അംഗങ്ങളായ ന്യൂനപക്ഷ ഗ്രൂപ്പിനെ കണ്ടെത്തുകയും അവരുടെ താൽപര്യാർത്ഥം സൗജന്യ നിരക്കിൽ കുരുമുളക് തൈ വിതരണം ചെയ്യുകയും ചെയ്തു. എടമുണ്ട കോളനിയിലെ 130 തോളം കർഷകരാണ് ന്യൂനപക്ഷക്ഷേമ പദ്ധതിയുടെ ഉപഭോക്താക്കളായത്. 50,000 രൂപ വകയിരുത്തിയതിൽ 49800 രൂപയാണ് ആയതിലേയ്ക്കായി ചിലവഴിച്ചത്.

**6. വാഹനം**

സംഘടനയിൽ അംഗങ്ങളായ കർഷകരുടെ ഉൽപ്പന്നം സുഗമമായി സംഭരിച്ച് വിപണനം നടത്തുന്നതിന്റെ ഭാഗമായി 20 ലക്ഷം രൂപ മുതൽ മുടക്കി ഭാരത് ബെൻസിന്റെ 7.5 ടൺ കേവുഭാരമുള്ള വാഹനം വാങ്ങിക്കുകയുണ്ടായി.

**7. ചികിത്സാ സഹായം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ക്യാൻസർ, കിഡ്നി രോഗബാധിതരുമായ കർഷകർക്ക് ഒരു കൈതാങ്ങ് എന്ന വണ്ണം കഫേ 2 ലക്ഷം രൂപ വിതരണം ചെയ്തു. ലഭ്യമായ നൂറോളം അപേക്ഷകളിൽ നിന്നും 26 അപേക്ഷകൾ പരിഗണിക്കുകയും സാമ്പത്തിക സഹായം വിതരണം ചെയ്യുകയും ചെയ്തു.

**8. ഓഖി ദുരിതാശ്വാസ നിധി സംഭാവന**

ഓഖി ദുരിതം മൂലം ക്ലേശമനുഭവിക്കുന്ന കുടുംബങ്ങൾക്ക്, ചികിത്സാ സഹായത്തിനായി വകയിരുത്തപ്പെട്ട 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ നൽകുവാൻ തീരുമാനിക്കുകയും ചിലവഴിക്കുകയും ചെയ്തു. ബയോവിൻ അഗ്രോ റിസേർച്ചിൽ ചേർന്ന യോഗത്തിൽ

മാനന്തവാടി രൂപതാ വികാരി ജനറാൾ റവ.ഫാ. അബ്രാഹം നെല്ലിക്കലിൽ നിന്നും കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടുകുന്നേൽ സഹായനിധി ഏറ്റുവാങ്ങി.

**9. ബോണസ് വിതരണം**

ഉൽപ്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക, ജൈവകാർഷിക വൃത്തി അവലംബിക്കുക എന്നീ ഉദ്ദേശ ലക്ഷ്യത്തെ മുൻനിർത്തി സംഘടന വഴിയായി സംഭരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് (കാപ്പി) അധിക വില നൽകുന്നതിനായി 65 ലക്ഷം രൂപ വകയിരുത്തുകയും ആയതിലേക്കായി 45,82,034.00 രൂപ ചിലവഴിക്കുകയും ചെയ്തു.

**മെമ്പർഷിപ്പ്**

2017-18 വർഷത്തിൽ സംഘടന നിയമാവലി അനുസരിച്ച് കാർഷികവൃത്തി അവലംബിക്കുവാൻ താൽപര്യം പ്രകടിപ്പിച്ച 3443 കർഷകർക്ക് കഫേയിൽ അംഗത്വം നൽകി.

**ബോണസ് വിതരണം**

സംഘടനയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജൂൺ മാസം ഉത്പന്നം സംഭരിച്ചതു വഴിയായി കർഷകർക്ക് 276694 രൂപ അധിക വിലയായി നൽകുകയുണ്ടായി. കാപ്പിക്ക് കിലോഗ്രാമിന് 3 രൂപയാണ് അധികവിലയായി നൽകിയത്.

**സംഭരണം**

കഫേയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 2018 ജൂൺ മാസം 92231.2 കിലോ കാപ്പി, കിലോഗ്രാമിന് 70 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജൂൺ മാസത്തിലും കാപ്പി, കുരുമുളക്, ഇഞ്ചി, ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻവഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**FIB Vedio Contest : റേഡിയോ മാറ്റൊലിയ്ക്ക് ഒന്നാം സ്ഥാനം**

കാർഷിക വികസന കർഷകക്ഷേമവകുപ്പ് സംഘടിപ്പിച്ച വീഡിയോ മത്സരത്തിൽ റേഡിയോ മാറ്റൊലി അവതരിപ്പിച്ച 'പ്ലാ' എന്ന ഹ്രസ്വ ചിത്രത്തിന് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. ചക്ക സംസ്ഥാനഫലം എന്ന വിഷയത്തിൽ അമചർ വിഭാഗത്തിലാണ് പുരസ്കാരം ലഭിച്ചത്. തിരുവനന്തപുരത്ത് മന്ത്രി വി.എസ് സുനിൽ കുമാറാണ് അവാർഡ് പ്രഖ്യാപിച്ചത്. ഒന്നാം സമ്മാനമായി പതിനയ്യായിരം രൂപയും പ്രശസ്തി പത്രവും ലഭിക്കും. ചക്കയുടേയും പ്ലാവിന്റേയും പ്രാധാന്യം വ്യക്തമാക്കുന്ന വീഡിയോ ചിത്രങ്ങളാണ് മത്സരത്തിനായി ക്ഷണിച്ചത്. ആയിരത്തിലേറെ എൻട്രികളിൽ നിന്നാണ് 'പ്ലാ' തെരഞ്ഞെടുക്കപ്പെട്ടത്. ചിത്രത്തിന്റെ തിരക്കഥയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത് റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസറായ ശ്രീകാന്ത് കെ. ആണ്. ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത് നിഖിൽ ഡേവിസ്. അതുൽ രാജിന്റേതാണ് എഡിറ്റിംഗ്, വിദ്യാർത്ഥികളായ പൂജാ ബാബുവും അലൻ ടോം ജോസുമാണ് അഭിനേതാക്കൾ. റേഡിയോ മാറ്റൊലിയിലെ പ്രോഗ്രാം പ്രൊഡ്യൂസർ ഷാജു പി.ജെയിംസ് ആണ് നിർമ്മാതാവ്.

**കാർഷിക ഗവേഷണകേന്ദ്രം അറിയിപ്പുകൾ**

റിലയൻസ് ഫൗണ്ടേഷനും അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രവുമായി ചേർന്ന് കാർഷിക അറിയിപ്പുകൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹകരണത്തോടെ റേഡിയോ മാറ്റൊലി വഴി പ്രക്ഷേപണം ചെയ്യാൻ തീരുമാനിച്ചു. കാർഷിക ഗവേഷണകേന്ദ്രം തയ്യാറാക്കുന്ന കാലാനുസൃതമായ അറിയിപ്പുകൾ ഇതിലൂടെ ശ്രോതാക്കൾക്ക് സമയബന്ധിതമായി ലഭിക്കുന്നതിനും തുടർന്നുള്ള സംശയങ്ങൾക്കും റിലയൻസ് ഫൗണ്ടേഷൻ ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തും. കൂടാതെ ഗ്രാമീണതല പരിശീലന പരിപാടികളും കൃഷിവ്യാപനത്തിനായി സംഘടിപ്പിക്കും.

**വികാസ് പീഡിയ സംസ്ഥാനതല ശില്പശാല**

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം, ഊർജ്ജം, ഇ-ഭരണം എന്നീ മേഖലകളിലെ വിവരങ്ങൾ ജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്നതിനുള്ള പോർട്ടൽ വികാസ് പീഡിയയെ സംബന്ധിച്ച് കല്പറ്റയിൽ നടത്തിയ ശിൽപശാലയിൽ അസിസ്റ്റന്റ്

ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ, ലിതിൻ, റെനീഷ്, നൗഷിറ, ആബിദ എന്നിവർ പങ്കെടുത്തു. കേന്ദ്രസർക്കാരിന്റെ ജനസേവന പദ്ധതികൾ സംബന്ധിച്ച് വികാസ്പീഡിയയും കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോകളും ചേർന്ന് നടത്തുന്ന പരിപാടികളുടെ ഉദ്ഘാടനം കേന്ദ്ര ടൂറിസംവകുപ്പ് സഹമന്ത്രി അൽഫോൻസ് കണ്ണന്താനം ഇതോടൊപ്പം നിർവ്വഹിച്ചു.

**ആയുഷ് പദ്ധതി**

ജൂൺ 23 ന് കല്പറ്റയിൽ വെച്ച് നടന്ന ഹോമിയോപ്പതി വകുപ്പിന്റെ ആയുഷ് പദ്ധതിയുടെ ജില്ലാതല സമ്മേളനത്തിൽ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ എന്നിവർ പങ്കെടുത്തു. ഹോമിയോപ്പതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശ്രോതാക്കൾക്കായി എല്ലാ ആഴ്ചയും തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിക്കാൻ ധാരണയായി.

**റേഡിയോസെറ്റ് വിതരണം-ജില്ലാ ജയിൽ**

മാനന്തവാടി ജില്ലാ ജയിലിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൂപ്രണ്ട് ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, സ്റ്റാഫ് റസ്റ്ററൂം എന്നിവയുടെ ശിലാസ്ഥാപനവും വനിത ബ്ലോക്കിന്റെ ഉദ്ഘാടനവും നടത്തി. ഈ പരിപാടിയിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുക്കുകയും ജയിലിലെ അന്തേവാസികൾക്കുള്ള റേഡിയോ സെറ്റ് ഉത്തരമേഖല ജയിൽ ഡി.ഐ.ജി എസ്. സന്തോഷിന് കൈമാറുകയും ചെയ്തു.

**അനുമോദനങ്ങൾ**

സുൽത്താൻ ബത്തേരി നഗരസഭ 7-ാം ഡിവിഷൻ റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് പഴേരിയിൽ സംഘടിപ്പിച്ച ജയരാജ് ബത്തേരി, ഭാസ്കരൻ ബത്തേരി എന്നിവരെ ആദരിക്കലിലും ഉന്നത വിജയം നേടിയ പ്ലസ് ടു, എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങിലും ഷാജു പി. ജെയിംസ് പങ്കെടുത്തു.

**പ്രാർത്ഥനാമംഗളങ്ങൾ**

WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാലയ്ക്ക് റേഡിയോമാറ്റൊലി കുടുംബം നാമഹേതുകതിരുനാൾ ആശംസകൾ നേർന്നു. WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ ഫാ.പോൾ കൂട്ടാലയുടെ ജൂബിലി ആഘോഷ ചടങ്ങിലും മാറ്റൊലി ടീം അംഗങ്ങൾ പങ്കെടുത്തു.

**വിദ്യാർത്ഥി സന്ദർശനങ്ങൾ**

തൃശ്ശൂർ മണ്ണൂത്തിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

കോട്ടയം സെയ്ന്റ് ഗിറ്റ്സ് കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് 7-ാം സെമസ്റ്റർ വിദ്യാർത്ഥികളും

5-ാം സെമസ്റ്റർ ബി.ടെക് വിദ്യാർത്ഥികളും ഇൻഡസ്ട്രിയൽ വിസിറ്റിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** അന്താരാഷ്ട്രയോഗദിനത്തോട് അനുബന്ധിച്ച് ജൂൺ 22-ന് പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി ശ്രീ പ്രണവം യോഗാവിദ്യാലയത്തിലെ യോഗാചാര്യൻ പ്രവീൺ ടി രാജനാണ് തത്സമയ പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളോട് സംസാരിച്ചത്. ഒരു മണിക്കൂർ പരിപാടിയിൽ എട്ട് ശ്രോതാക്കൾ പങ്കെടുത്തു.

വിവിധ ലഹരി വസ്തുക്കളിൽ നിന്നുള്ള മോചനത്തിനായി ഹോമിയോപ്പതി വകുപ്പ് മുന്നോട്ട് വെയ്ക്കുന്ന ചികിത്സാ രീതികളെ കുറിച്ച് ജൂലായ് 17 ന് 3.30 മുതൽ 4.30 വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. അഞ്ചുകുന്ന് ജില്ലാ ഹോമിയോപ്പതി ആശുപത്രിയിലെ ലഹരി വിമുക്ത ക്ലിനിക്കിലെ ചാർജ്ജ് മെഡിക്കൽ ഓഫീസർ ഡോ.മുഹമ്മദ് തസ്നീം, വടക്കനാട് ഗവ.ഹോമിയോ ഡിസ്പെൻസറിയിലെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ.കെ.ജി. രഞ്ജിത് എന്നിവരാണ് പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളോട് സംസാരിച്ചത്.

**നേരും പൊരുളും:** ഫുട്ബോൾ എന്ന കളിയുടെ പ്രായോഗികത, വരൾച്ചയ്ക്ക് പരിഹാരമായി ഗോവൻ ബന്ധാരകൾ, ചുരം ബദൽ റോഡ് ഇനിയും വൈകരുത്, കോടതികളിൽ നിന്നും ഫയലുകൾ കാണാതാവുന്നത് നീതികരിക്കാമോ, തോട്ടം മേഖലയിലെ പ്രതിസന്ധി, ഇനിയും ശാക്തീകരിക്കപ്പെടേണ്ട പൊതുവിദ്യാഭ്യാസരംഗം, മാതൃഭാഷയുടെ മഹത്വം, വയോജനസംരക്ഷണ നിയമം പാലിക്കപ്പെടുന്നുണ്ടോ, ബാങ്ക് വായ്പയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഓട്ടിസം ബാധിതർ അനുഭവിക്കുന്ന ദുരിതങ്ങൾ, ഡബാവാലകൾ സൃഷ്ടിക്കുന്ന പുതുമാതൃക, നെൽവയൽ തണ്ണീർത്തട നിയമഭേദഗതി, സുരക്ഷിതമാക്കാം നമ്മുടെ റോഡുകൾ, പുതിയ കേന്ദ്ര ടെലികോം നയം മുന്നോട്ട് വെക്കുന്ന സാധ്യതകൾ, യുജിസിക്ക് പകരം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ വരുമ്പോൾ, വിഷമത്സ്യങ്ങൾ വിപണി കീഴടക്കുമ്പോൾ, ഇരിപ്പിടം നേടിയെടുത്ത പോരാട്ട വീര്യം, ഒറ്റപ്പെടുത്തേണ്ടവരല്ല വയോജനങ്ങളെ, പുതുലോകം കണ്ട തായ്കുട്ടികൾ, വിപണിയിലെ മായം എന്നീ വിഷയങ്ങളാണ് നേരും പൊരുളും കൈകാര്യം ചെയ്തത്.

**പാനൽ ചർച്ച:** വയനാടിന്റെ യാത്രാ പ്രശ്നങ്ങൾ എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. അഡ്വ. വേണുഗോപാൽ, ശ്രീ. ജോസ് മാസ്റ്റർ, ശ്രീ. ആന്റണി വെള്ളമുണ്ട എന്നിവർ പങ്കെടുത്തു. ശ്രീ. വിപിൻ പടമല മോഡറേറ്റർ ആയിരുന്നു.

വയനാടിന്റെ റെയിൽവേ സ്വപ്നം എന്ന പേരിൽ സംഘടിപ്പിച്ച പാനൽ ചർച്ചയിൽ അഡ്വ. വേണുഗോപാൽ അഡ്വ. ജോസ് വി തണ്ണി

ക്കോട് അഡ്വ. ടി.എം റഷീദ് എന്നിവർ പങ്കെടുത്തു. ശ്രീ. വിനയകുമാർ അഴീപ്പുറത്ത് മോഡറേറ്റർ ആയിരുന്നു.

**മനസൗഖ്യ:** ചെന്ദലോട് ലൂയിസ് മൗണ്ട് മാനസികാരോഗ്യ കേന്ദ്രത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ഡോ.ലിൻജോ സി.ജെ. എന്താണ് പഠനവൈകല്യമെന്നും പ്രധാനപ്പെട്ട പഠനവൈകല്യങ്ങളെ കുറിച്ചും മനസൗഖ്യയിൽ പങ്കുവെച്ചു. വായനാ വൈകല്യമായ ഡിസ്ലക്സിയ, കണക്ക് എന്ന വിഷയവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഡിസ്കാൽക്കുലിയ, കാര്യങ്ങൾ സാവധാനം മാത്രം ഗ്രഹിക്കുന്ന സ്ലോ ലേണിംഗ്, ബുദ്ധിയും ബുദ്ധിമാന്ദ്യവും എന്നീ അവസ്ഥകളെകുറിച്ചാണ് ഡോ.ലിൻജോ സി.ജെ. പങ്കുവെച്ചത്.

**അരങ്ങ്:** അഞ്ജു റോസ്ലിൻ, അജയ് ടോം ഫ്രാൻസിസ്, ഡോണാ റെജി എന്നിവർ ആലപിച്ച ചലച്ചിത്ര ഗാനങ്ങളും ശ്രീരാഗ് എസ് പ്രസാദും ശ്രീഹർഷ് എസ് പ്രസാദും ചേർന്ന് ആലപിച്ച ദേശഭക്തി ഗാനവും പ്രേമരാജ് ചീക്കല്ലൂർ എഴുതി ആലപിച്ച കവിതകളുമാണ് അരങ്ങിലൂടെ ശ്രോതാക്കൾ ആസ്വദിച്ചത്.

**ധന്യമീ ജീവിതം:** ദ്വാരക സ്വദേശി വർഗ്ഗീസ് കിഴക്കേപ്പറമ്പിൽ, ജോൺ പിലാപ്പിള്ളിൽ, മേരി ജോൺ എന്നിവർ ധന്യമീ ജീവിതം പരിപാടിയിലൂടെ തന്റെ അനുഭവങ്ങൾ പങ്കുവെച്ചു.

**പ്രത്യേക പരിപാടികൾ:** 'മൊസാർട്ട് ഓഫ് മദ്രാസ്' ലോക സംഗീത ദിനത്തോട് അനുബന്ധിച്ച് എ.ആർ.റഹ്മാനെ കുറിച്ചുള്ള ഒരു പ്രത്യേക പരിപാടി, വയനാട് ജില്ലാ ജയിൽ സൂപ്രണ്ട് സജീവ് എസുമായുള്ള അഭിമുഖം, ലഹരിമരുന്ന് നിർവ്യാപനദിനത്തോടനുബന്ധിച്ച് പുനർജ്ജനി എന്ന പരിപാടിയും, അന്താരാഷ്ട്രാ ജനസംഖ്യ ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടി, അന്താരാഷ്ട്ര ചക്ക മഹോത്സവത്തോടനുബന്ധിച്ചുള്ള പരിപാടി, 2018 ഫിഫ വേൾഡ് കപ്പിന്റെ ദിവസേനയുള്ള അവലോകനം എന്നിവ പ്രക്ഷേപണം ചെയ്തു.

**ജനങ്ങൾക്കൊപ്പം:** വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തികൊണ്ട് ജൂൺ 22 വെള്ളിയാഴ്ച ജനങ്ങൾക്കൊപ്പം പരിപാടി ആരംഭിച്ചു. സാക്ഷരതാ മിഷൻ മുന്നോട്ട് വെക്കുന്ന ഇത്തരം പ്രവർത്തനങ്ങളുടെ പ്രാഥമിക വിവരങ്ങളാണ് ആദ്യഭാഗത്ത് സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ പി.എൻ.ബാബു പങ്കുവെച്ചത്.

**ജീവിത വളയം:** 21 വർഷമായി വാഹനരംഗത്ത് പ്രവർത്തിക്കുന്ന മാനന്തവാടിയിലെ ടാക്സി ഡ്രൈവറായ സജി, ദ്വാരകയിലെ വനിതാ ഓട്ടോ ഡ്രൈവർ ബിന്ദു ജോയി, മാനന്തവാടിയിൽ ടാക്സി രംഗത്ത്

പ്രവർത്തിക്കുന്ന സതീഷ് എന്നിവർ ജീവിതവളയം പരിപാടിയിൽ പങ്കെടുത്തു.

**ഓവർഡ്രൈവ്:** മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡ് ശ്രേണിയിൽ നിന്ന് ഇഗ്നീസിന്റെ ഡീസൽ മോഡൽ പിൻവലിച്ച വാർത്തയും കോമ്പസ്സിന്റെ പരിമിതകാല പതിപ്പായ ബെഡ്രോക് എഡിഷനെക്കുറിച്ചും പരിഷ്കരിച്ച ആക്ടിവ 125 നെക്കുറിച്ചും കെ.എസ്.ആർ.ടി.സി.യുടെ പുതിയ പദ്ധതിയായ ഫ്ലൈ ബസുകളെ കുറിച്ചുമുള്ള വിവരങ്ങൾ ഓവർഡ്രൈവ് പരിപാടിയിൽ പങ്കുവെച്ചു.

**ടെക്നോമാറ്റൊലി:** നോക്കിയ 2.1., ഓപ്പോ എ-83 എന്ന ആൻഡ്രോയ്ഡ് സ്മാർട്ഫോൺ, സോണി, സാംസങ് കമ്പനികൾ പുറത്തിറക്കിയിരിക്കുന്ന ഏറ്റവും പുതിയ പവർബാങ്കുകൾ എന്നിവ ടെക്നോമാറ്റൊലി ശ്രോതാക്കൾക്കായി പരിചയപ്പെടുത്തി .

**ജാലകം:** ഹരിത വയനാടിന്റെ പുതുവഴികൾ എന്ന വിഷയത്തിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ മണലിൽ മോഹനൻ നടത്തിയ പ്രഭാഷണത്തിന്റെ ഭാഗങ്ങൾ ജലസമൃദ്ധി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനത്തിന്റെ റേഡിയോ റിപ്പോർട്ട്, എക്സൈസ് വകുപ്പ് കൽപ്പറ്റയിൽ സംഘടിപ്പിച്ച രാജ്യാന്തര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ജില്ലാതല പരിപാടിയുടെ റേഡിയോ റിപ്പോർട്ട്, മുണ്ടേരിയിൽ ജിനചന്ദ്രൻ സ്മാരക ജില്ലാ സ്റ്റേഡിയം നിർമാണ പ്രവൃത്തി കായിക മന്ത്രി എ.സി.മൊയ്തീൻ ഉദ്ഘാടനം ചെയ്ത പരിപാടിയുടെ റേഡിയോ റിപ്പോർട്ട്, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച വീടുകളുടെ താക്കോൽദാന പരിപാടിയുടെ റേഡിയോ റിപ്പോർട്ട്, മാനന്തവാടി ജില്ലാ ജയിലിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ ഉദ്ഘാടന ചടങ്ങിന്റെ റിപ്പോർട്ട് എന്നിവയാണ് ജാലകത്തിൽ ഉൾപ്പെടുത്തിയത്.

**ക്ഷീരവാണി:** ബത്തേരി പൂമല സ്വദേശി സിജുവെന്ന ക്ഷീരകർഷകന്റെയും പഴേരി സ്വദേശി അബുവിന്റെ ക്ഷീരമേഖലയിലെ അനുഭവങ്ങളും സുൽത്താൻ ബത്തേരി ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ വിശേഷങ്ങളും അന്താരാഷ്ട്ര സഹകരണ ദിനത്തിന്റെ ഭാഗമായി മിൽമ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ടി തോമസ് നടത്തിയ പ്രഭാഷണവും ക്ഷീരവാണിയിൽ ഉൾപ്പെടുത്തി.

**വയൽനാട്:** പുതിയിടംകുന്നിലെ വിൻസെന്റിന്റെ പാഷൻ ഫ്രൂട്ട് കൃഷിയെകുറിച്ചും അദ്ദേഹത്തിന്റെ എ.കെ.ഗ്രൂപ്പ് ഓഫ് അഗ്രോഫുഡ് ഇൻഡസ്ട്രീസ് എന്ന സംരംഭത്തെക്കുറിച്ചും റംബൂട്ടാൻ കൃഷിയുടെ സാധ്യതകളും പരിപാലന രീതികളെക്കുറിച്ചും പങ്കുവെച്ചു. അമ്പലവയൽ കെ.വി.കെ.യിലെ ഹോർട്ടികൾച്ചർ അസി.പ്രൊഫസർ സിമി വാഴകൃഷിയെ കുറിച്ച് നടത്തിയ വിഷയാവതരണവും പാഷൻ

ഫ്രൂട്ടിന്റെ ആധുനിക ജൈവ കൃഷിരീതികളെക്കുറിച്ചും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനേക്കുറിച്ചും എടവക പഞ്ചായത്തിലെ കർഷകർക്കായി നൽകിയ ക്ലാസ്സും വയൽനാട് പരിപാടി പ്രക്ഷേപണം ചെയ്തു.

**ഹോമിയോകെയർ:** യോഗയുടെ പ്രാധാന്യത്തെകുറിച്ച് ഡോ.പ്രേമചന്ദ്രനും അലർജിജന്യ രോഗങ്ങളെക്കുറിച്ച് ഡോ. മുഹമ്മദ് കോയ ടി.കെയും ആസ്ത്മ രോഗത്തെക്കുറിച്ചും പ്രതിവിധികളേക്കുറിച്ചും ഡോ.രഞ്ജിത് ചന്ദ്രയുമാണ് ഹോമിയോകെയറിൽ പങ്കുവെച്ചത്.

**കുടുംബവേദി:** മാനസിക ഐക്യത്തിന്റെ ആവശ്യത്തെ കുറിച്ചും കുട്ടികളുടെ വളർച്ചയിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളുമാണ് കുടുംബവേദിയിൽ ഉൾപ്പെടുത്തിയത്.

**സ്മരണാഞ്ജലി:** ലോഹിതദാസ്, എം.ജി.രാധാകൃഷ്ണൻ, വൈക്കം മുഹമ്മദ് ബഷീർ, എന്നിവരെ സ്മരണാഞ്ജലിയിൽ അനുസ്മരിച്ചു.

**റേഡിയോനാടകം:** ഉറവ ഒരേയൊരു ഉറവ, അസ്ഥികൂടം തീർക്കുന്നവർ, അമ്മ, എല്ലാം തികഞ്ഞവർ, പഥികന്റെ ആകാശം എന്നീ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു.

**ആയുർകെയർ:** മഴക്കാലത്തെ വ്യക്തിശുചിത്വത്തെ കുറിച്ച് കൽപ്പറ്റ നിരാമയ ക്ലിനിക്കിലെ ഫിസിഷ്യനായ ഡോ.പി.അഞ്ജനയും വർഷക്കാലത്ത് സവിശേഷമായി ശ്രദ്ധിക്കേണ്ട ആഹാരശീലങ്ങളെ കുറിച്ച് സുൽത്താൻ ബത്തേരി ഹരീന്ദ്ര ആയുർവേദ ക്ലിനിക്കിലെ ഫിസിഷ്യൻ ഡോ. എ. ഭവാനിയും പങ്കുവെച്ചു.

**മാറ്റൊലി ടാക്കീസ്:** അച്ഛനുറങ്ങാത്ത വീട്, ആക്ഷൻ ഹീറോ ബിജു, മതിലുകൾ എന്നീ ചിത്രങ്ങളുടെ ശബ്ദരേഖയാണ് മാറ്റൊലി ടാക്കീസിൽ ഉൾപ്പെടുത്തിയത്.

**വായനാലോകം:** കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ പിതൃക്കളുടെ അസ്ഥിയെ നോവലിനെയാണ് വായനാലോകം പരിചയപ്പെടുത്തിയത്.

**ആരോഗ്യവേദി:** പ്രമേഹം, മഞ്ഞപ്പിത്തം എന്നീ രോഗങ്ങളെ കുറിച്ചും ചികിത്സാരീതികളേയും കുറിച്ചുമാണ് ആരോഗ്യവേദി പങ്കുവെച്ചത്.

**കഥയും കഥാകൃത്തും:** മാധവിക്കുട്ടിയുടെ കല്യാണി, അമ്മയും മകനും, അക്ബർ കക്കട്ടിലിന്റെ വിളി, ആനന്ദിന്റെ ബന്ധനം എന്നീ കഥകളാണ് കഥയും കഥാകൃത്തും എന്ന പരിപാടിയിൽ ആവിഷ്കരിച്ചത്.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി റീജണിലെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന NDS ന്റെ സംരംഭങ്ങൾ, സർക്കാർ സംവിധാനങ്ങളുമായി ചേർന്ന് കൂടുതൽ മികവോടെ മുന്നോട്ട് പോകുന്നു.

**SHG ലീഡേഴ്സ് ട്രെയിനിങ്ങ്**

കുന്നലാടി, ബെക്കി യൂണിറ്റുകളിലെ SHG ഭാരവാഹികൾക്ക് കുന്നലാടി ഫാത്തിമ മാതാ പാരിഷ് ഹാളിൽവെച്ച് നേതൃത്വ പരിശീലന ക്ലാസുകൾ നടന്നു. പ്രസ്തുത പരിപാടിയിൽ യൂണിറ്റ് ഡയറക്ടർ ഫാ.ബാബു മാപ്ലശേരി അദ്ധ്യക്ഷത വഹിച്ചു. WSSS SHG Trainer ശ്രീമതി ഷീന ക്ലാസുകൾക്ക് നേതൃത്വം നൽകി. 50 ഓളം ആളുകൾ പങ്കെടുത്തു.

**FPG രൂപീകരണം**

സംസ്ഥാന കൃഷിവകുപ്പുമായി ചേർന്നുകൊണ്ട് KAFFE അംഗങ്ങളായ കർഷകർക്ക് കയ്യൂന്നി ഫാത്തിമ മാതാ ചർച്ചിൽവെച്ച് നടത്തപ്പെട്ട ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഗ്രൂപ്പ് (FPG) രൂപീകരണ മീറ്റിംഗിൽ കൃഷി വകുപ്പ് A.D ശ്രീമതി ജയലക്ഷ്മി, ആത്മാ ഓഫീസേഴ്സ്, മൃഗസംരക്ഷണ വകുപ്പ് ഓഫീസേഴ്സ്, ശ്രീ. കുമരൻ തുടങ്ങി 14 ഉദ്യോഗസ്ഥരും പങ്കെടുക്കുകയുണ്ടായി. ജൈവകൃഷി, സുസ്ഥിര കൃഷി, സീറോ ബജറ്റ് നാച്ചുറൽ ഫാമിങ്ങ്, മൃഗസംരക്ഷണം, സബ്സിഡി ആനുകൂല്യങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കുകയും ചെയ്തു. യോഗത്തിൽ 100 കർഷകർക്കായുള്ള FPG ഗ്രൂപ്പ് രൂപീകരിക്കുകയും അവരെ 5 ഗ്രൂപ്പുകൾ ആക്കി വിഭജിക്കുകയും ലീഡേഴ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു. യോഗത്തിൽ 88 കർഷകർ പങ്കെടുത്തു.

**കൽപ്ര സെമിനാർ**

കൽപ്രയിൽ വെച്ച് നടത്തപ്പെട്ട കർഷക സെമിനാറിൽ ബഹുമാനപ്പെട്ട വികാരി ഫാ. മാത്യു പെരിയപ്പുറം, NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ എന്നിവരുടെ സാന്നിധ്യത്തിൽ സംസ്ഥാന കൃഷി വകുപ്പുമായി ചേർന്നുകൊണ്ട് കൽപ്രയിലെ ജൈവകർഷകർക്ക് സെമിനാർ നടത്തുകയും ഹോർട്ടികൾച്ചർ A.D ജയലക്ഷ്മി, ആത്മ ഓഫീസർ യമുന എന്നിവർ ക്ലാസുകൾ നയിക്കു

കയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ FPG യുടെ പ്രവർത്തനങ്ങൾ വിവരിക്കുകയും FPG രൂപീകരണത്തിനായി 100 ജൈവകർഷകരെ കണ്ടെത്തുകയും ചെയ്തു.

**കമ്യൂന്നി സെമിനാർ**

ജൈവതേയില കർഷകർക്ക് ഫാത്തിമ മാതാ ചർച്ചിൽവെച്ച് നടത്തപ്പെട്ട സെമിനാറിൽ NDS ഡയറക്ടർ ഫാ. ബിനോയി കാശാം കുറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു. NDS കർഷക പ്രതിനിധി ശ്രീ. രാജൻ മൂഞ്ഞേലിൽ, KAFFE കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ കൃഷി വകുപ്പ് ഫീൽഡ് ഓഫീസർ വിനോദ്, ഫാം ഓഫീസർ രാധാകൃഷ്ണൻ എന്നിവർ പങ്കെടുക്കുകയും കൃഷിവകുപ്പിന്റെ പുതിയ സ്കീമുകൾ അറിയിക്കുകയും ചെയ്തു. യോഗത്തിൽ 85 കർഷകർ പങ്കെടുത്തു.

**ജൈവ തേയില സംഭരണം**

NDS ന്റ നേതൃത്വത്തിൽ ജൈവതേയില സംഭരിക്കുന്നതിന്റെ മുന്നോടിയായി കൽപ്രയിൽ വെച്ച് നടത്തപ്പെട്ട മീറ്റിംഗിൽ ജൈവ തേയില കർഷകർക്കായി സർവ്വേ ഫോമുകൾ വിതരണം ചെയ്തു. പ്രസ്തുത മീറ്റിംഗിൽ ഇടവക വികാരി ഫാ. മാത്യു പെരിയപ്പുറം, NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, KAFFE കോർഡിനേറ്റർ എന്നിവർക്കൊപ്പം 55 അംഗങ്ങൾ പങ്കെടുത്തു.

**NDS Evaluation Meeting & SHG Training**

NDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന SWS യൂണിറ്റുകളുടെ ഇവാലുവേഷൻ മീറ്റിംഗ് അരുൾനിലയം ചർച്ചിൽവെച്ച് നടത്തപ്പെട്ടു. എല്ലാ SWS യൂണിറ്റ് അംഗങ്ങളും ഭാരവാഹികളും പങ്കെടുത്ത യോഗത്തിൽ NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ WSSS ന്റെ SHG ട്രെയിനർ ശ്രീമതി സുജ എന്നിവർ ക്ലാസുകൾ നയിക്കുകയും യൂണിറ്റ് ഭാരവാഹികൾ മുൻകാല പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് WSS ട്രെയിനർ ശ്രീമതി സുജ SHG കളുടെ രൂപീകരണവും, പ്രവർത്തനവും, ആവശ്യകതയും എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കുകയും ചെയ്തു.

**SHG രൂപീകരണവും പ്രവർത്തനവും**

കൽപ്രയിൽ വെച്ച് നടത്തപ്പെട്ട SHG രൂപീകരണ പ്രവർത്തന മീറ്റിംഗിൽ NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ ശാഖാ ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം എന്നിവർ പങ്കെടുക്കുകയും SHG കളുടെ രൂപീകരണവും പ്രവർത്തനവും എന്നീ വിഷയത്തിൽ ക്ലാസുകൾ നയിക്കുകയും ചെയ്തു.

**ഫാ.ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

## MARY MATHA ARTS & SCIENCE COLLEGE

Mary Matha Arts & Science College has been adjudged the Runner-up by Kannur University for the Jimmy George memorial ever rolling trophy and cash award in the Men's category of Sports and Games. The Vice-chancellor ceremoniously gave away the award on July 3, 2018. International Yoga Day was celebrated on 21 June and a mass Yoga practice session involving the students and staff was organized in the morning.

The schedule for admission to the UG Programmes of Kannur University has been revised to extend the process of admission till 31 July 2018. The whole process will come to an end after the college level spot admissions scheduled on 24 and 25 July 2018. A combined meeting of the Freshers and their parents along with an orientation programme will take place after the admissions as part of the induction of the new students.

Sri Joseph Chandy, a US based philanthropist, visited the college in connection with his regular scholarship distribution programme. Representatives from other schools and colleges received the scholarship cheques from him at the function. Ms Sharon Rose has joined the permanent Faculty of the college in the Department of English as an Assistant Professor. The college is soon expected to get back to normal after so many unexpected holidays consequent on the Monsoon fury this year.

**Dr Savio James V**
Principal

## CEADOM *വിദ്യാഭ്യാസ മേഖല*

2018 ജൂൺ ഒന്നാം തീയതി പ്രവേശനോത്സവത്തോടെ കോർപ്പറേറ്റിന് കീഴിലുള്ള സ്ക്കൂളുകൾ എല്ലാം പ്രവർത്തനം ആരംഭിച്ചു. ധാരാളം കുട്ടികൾ കോർപ്പറേറ്റിന് കീഴിലുള്ള വിദ്യാലയങ്ങളിൽ പ്രവേശനം നേടിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം വർദ്ധിക്കാനിടയാക്കി. കോർപ്പറേറ്റിലെ വിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷത്തെ കുട്ടികളുടെ എണ്ണത്തേക്കാൾ 68 കുട്ടികൾ വർദ്ധിച്ച ദ്വാരക എ.യു.പി. സ്ക്കൂൾ, 40 കുട്ടികൾ വർദ്ധിച്ച മണിമൂളി സി.കെ. എൽ.പി. സ്ക്കൂൾ, 39 കുട്ടികൾ വർദ്ധിച്ച മണിമൂളി സി.കെ.എച്ച്.എസ്. എന്നീ വിദ്യാലയങ്ങൾക്ക് അഭിനന്ദനങ്ങൾ. കോർപ്പറേറ്റിലെ ചില വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവ് ആശങ്കാജനകമാണ്.

**പരിസ്ഥിതി ദിനാചരണം**

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടവയൽ സ്ക്കൂൾ കോപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ പുതിയതായി നിർമിക്കുന്ന ഓഫീസ് പരിസരത്ത് പ്ലാവിൻ തൈ നട്ടു. എടവക പഞ്ചായത്ത് പ്രസിഡന്റ് ഉഷാവിജയൻ തൈനടീൽ കർമ്മം നിർവ്വഹിച്ചു. കോർപ്പറേററ് മാനേജർ ഫാദർ ബിജു പൊൻപാറയ്ക്കൽ, സൊസൈററി സെക്രട്ടറി ജോഷി എന്നിവർ നേതൃത്വം നൽകി.

**നന്ദി, സ്വാഗതം**

CEADOM ഓഫീസിൽ കഴിഞ്ഞവർഷക്കാലങ്ങളിൽ ഓഫീസ് സ്റ്റാഫായി സേവനം ചെയ്ത സി. സോണമരിയ സി.എം.സിയ്ക്കും, ശ്രീ. അരുൺ ബാബുവിനും CEADOM കുടുംബത്തിന്റെ ഹൃദയപൂർവ്വകമായ നന്ദിയും സ്നേഹവും അറിയിക്കുന്നു. ഇവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും, സഹായ സഹകരണങ്ങൾക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുകയും, ജീവിതത്തിന്റെ തുടർന്നുള്ള എല്ലാ

പ്രവർത്തനങ്ങളിലും പ്രാർത്ഥനകളും വിജയാശംസകളും നേരുകയും ചെയ്യുന്നു.

CEADOM ഓഫീസിൽ ഓഫീസ് സ്റ്റാഫായി ചുമതലയേറ്റ സി.ഉദയ ലിസ്ബത്ത് സി.എം.സിയ്ക്കും ശ്രീ. അമൽജിത്ത് സിബിയ്ക്കും ഹൃദ്യമായ സ്വാഗതം.

**ബുള്ളറ്റിൻ വാർത്തകൾ**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ സ്ക്കൂളുകളിൽ നടത്തുന്ന പാഠ്യ-പാഠ്യേതര, പഠനാനുബന്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് രൂപതാ ബുള്ളറ്റിനിൽ വരുന്നതിനായി നമ്മുടെ എല്ലാ സ്ക്കൂളുകളിൽ നിന്നുമുള്ള റിപ്പോർട്ട് എല്ലാമാസവും 10-ാം തിയ്യതിക്ക് മുൻപ് നമ്മുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**1. അസംപ്ഷൻ യു.പി സ്കൂൾ സു.ബത്തേരി**

മാതൃഭൂമി ദിനപത്രം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്ന നന്മ പുരസ്കാരത്തിന് അസംപ്ഷൻ യു.പി. സ്ക്കൂൾ അർഹമായി. ഇരുപത്തയ്യായിരം രൂപയും, പ്രശസ്തിപത്രവുമാണ് അവാർഡ്.

ഹൈടെക് നിലവാരത്തിലേക്ക് :- ഹൈടെക് നിലവാരത്തിലേക്ക് ഉയരുന്നതിന്റെ മുന്നോടിയായി അസംപ്ഷൻ യു.പി. സ്ക്കൂളിൽ പൊതുജന സഹകരണത്തോടെ എല്ലാ ക്ലാസ്റൂമുകളിലും ടൈൽ വിരിച്ച് ഫാൻ ഫിറ്റ് ചെയ്തു. 27 ക്ലാസ് മുറികളിൽ സ്മാർട്ട് ടി.വി. യും, 7 ക്ലാസ് മുറികളിൽ എൽ.സി.ഡി. പ്രോജക്ടറും സ്ഥാപിച്ചു.

**2. സി.കെ.എൽ.പി.സ്കൂൾ മണിമൂളി**

മണിമൂളി സി.കെ.എൽ.പി.സ്ക്കൂളിൽ പഞ്ചായത്ത്തല പ്രവേശനോത്സവം വളരെ ആഘോഷമായി നടന്നു. നിലമ്പൂർ ഉപജില്ലയിൽ ഏറ്റവും കൂടുതൽ എൽ.എസ്.എസ്. സ്കോളർഷിപ്പ് കരസ്ഥമാക്കിയ മണിമൂളി സി.കെ.എൽ.പി. യിലെ 7 കുട്ടികളെ ചടങ്ങിൽ ആദരിച്ചു. വായനാദിനത്തോടനുബന്ധിച്ച് നടത്തിയ പഞ്ചായത്ത്തല ക്വിസ് മത്സരത്തിൽ സി.കെ.എൽ.പി. സ്ക്കൂളിലെ ആൽബിൻ ജെയ്സൺ സമ്മാനം കരസ്ഥമാക്കി.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# ഡി.എഫ്.സി. മാനന്തവാടി രൂപത

**ദീപിക ഫ്രണ്ട്സ് ക്ലബ് പ്രവർത്തന പഥത്തിലൂടെ**

വളർന്നുവരുന്ന പുത്തൻതലമുറയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി മാനന്തവാടി രൂപത ഡിഎഫ്സിയുടെയും ദീപികയുടെയും ആഭിമുഖ്യത്തിൽ SSLC യ്ക്കും +2 വിനും ഫുൾ A+ നേടിയ വിദ്യാർത്ഥികളെ ജൂൺ 28-ാം തീയതി വ്യാഴാഴ്ച നിലമ്പൂർ ലിറ്റിൽ ഫ്ളവർ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ആദരിച്ചു. ചടങ്ങിൽ കോഴിക്കോട് യൂണിവേഴ്സിറ്റി വൈസ്ചാൻസിലർ ഡോ.കെ. മുഹമ്മദ് ബഷീർ മുഖ്യാതിഥിയായിരുന്നു. ജൂലൈ 8-ാം തീയതി കല്പറ്റ ഡി പോൾ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ അനുമോദന ചടങ്ങിൽ ബത്തേരി രൂപതാ ബിഷപ് ഡോ. ജോസഫ് മാർ തോമസ് മുഖ്യാതിഥിയായിരുന്നു. ഡിഎഫ്സി രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ സ്കൂൾ മാനേജർ ഫാ. മാത്യു പെരുമാട്ടികുന്നേൽ ദീപിക കോഴിക്കോട് റസിഡന്റ് എഡിറ്റർ ഫാ. സായി പാറൻകുളങ്ങര എന്നിവർ പങ്കെടുത്തു.

വർത്തമാന കാലത്തിൽ വാർത്തകളുടെ നിഷ്പക്ഷതയും സത്യസന്ധതയും പുത്തൻതലമുറയിൽ എത്തിക്കുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "ദീപിക നമ്മുടെ ഭാഷ" എന്ന പദ്ധതിയിൽ മാനന്തവാടി രൂപതയുടെ കീഴിൽ ക്രൈസ്റ്റ് കിംഗ് എൽ.പി.സ്കൂൾ മണിമൂളിയിൽ സ്കൂൾ മാനേജർ ഫാ. കുര്യാക്കോസ് കുന്നത്ത്, പുല്പള്ളി കൃപാലയ സ്പെഷ്യൽ സ്കൂളിൽ മുള്ളൻകല്ലി സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. ജോസ് തട്ടാംപറമ്പിൽ, കേണിച്ചിറ ഇൻഫന്റ് ജീസസ് സ്കൂളിൽ സി. ജീസ്സ സി.എം.സി., പുൽപ്പള്ളി ജയശ്രീ സ്കൂളിൽ ഹെഡ്മിസ്ട്രസ് ശ്രീമതി റാണി വർഗീസ് എന്നിവർ ഉദ്ഘാടന കർമ്മങ്ങൾ നിർവ്വഹിച്ചു.

ശക്തമായ പ്രവർത്തനം നടത്തികൊണ്ടിരിക്കുന്ന ദീപിക ഫ്രണ്ട്സ് ക്ലബ് ജൂൺ 26-ന് കോട്ടയത്ത് വെച്ച് നടത്തിയ കേരള കർഷക രക്ഷായാത്ര അവലോകന യോഗത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ പങ്കെടുത്തു. ജൂൺ 30-ന് കാവുംമന്ദം ലൂർദ്ദ്മാതാ ദേവാലയ ഓഡിറ്റോറിയത്തിൽവെച്ച് ദീപിക ഫ്രണ്ട്സ് ക്ലബിന്റെ തരിയോട് ഫൊറോനാ മീറ്റിംഗ് നടത്തുകയുണ്ടായി.

**ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ** - ഡി.എഫ്.സി. രൂപതാ സെക്രട്ടറി

# Pastoral Centre Programme



**August 2018**

| | | |
|---|---|---|
| 4- | - | Zion CRC |
| 5- 9 | - | Zion Retreat |
| 11 | - | Pastoral Council |
| | - | Department of Youth Ministry |
| | - | Counseling |
| 12 - 15 | - | Marriage Preparation Course |
| 19- 23 | - | Zion Retreat |
| 24 | - | Angel's Meet |
| 26- 30 | - | Jesus Youth |

**Fr. Paul Vazhappilly** - Director, Pastoral Centre

# അറിയിപ്പുകൾ




**കഥകളും കാര്യങ്ങളും**
**(രചയിതാവ്: ഫാ. ജോസഫ് നെച്ചിക്കാട്ട്)**

ബഹു.വൈദികരുടേയും അധ്യാപകരുടേയും സാരോപദേശങ്ങൾ പറഞ്ഞുകൊടുക്കുന്നുവരുടേയും പ്രസംഗകുറിപ്പുകൾ തയ്യാറാക്കുന്നവരുടേയും ഉപയോഗാർത്ഥം **'കഥകളും കാര്യങ്ങളും'** എന്ന പേരിൽ ഒരു ഗ്രന്ഥം തയ്യാറാക്കപ്പെട്ടിരിക്കുന്നു. വളരെ ഉപകാരപ്രദമായ ഈ പുസ്തകം മിതമായ നിരക്കിൽ നമ്മുടെ രൂപതാ ബുക്ക് സ്റ്റാളുകളിൽ ലഭ്യമാണ്. ഗ്രന്ഥകർത്താവായ ബഹു. ജോസഫ് നെച്ചിക്കാട്ടച്ചന് അഭിനന്ദനങ്ങൾ നേരുന്നു.

# Bishop's Programme



***August 2018***

| | | | |
|---|---|---|---|
| *1* | *Wed* | *................* | *Visitors' Day* |
| *2* | *Thu* | *..................* | *Forane Vicars' meet* |
| *3* | *Fri* | *..................* | *Out of Station* |
| *4* | *Sat* | *...................* | *Vianney Bhavan: Feast of St. John Maria Vianney* |
| *5* | *Sun 10 Fri* | *.......* | *Ernakulam : KCBC Retreat* |
| *11* | *Saturday* | *..........* | *Pastoral Centre: Pastoral Council Meeting* |
| *12* | *Sun* | *..................* | *Engaged* |
| *13* | *Mon* | *................* | *Deepthi Bhavan: Final Profession of FCC Sisters* |
| *15* | *Wed* | *................* | *Makkiyad* |
| *17* | *Fri* | *...................* | *Out of Station* |
| *19* | *Sun 31 Fri* | *.........* | *Kakkanad: Syromalabar Synod* |

***September 2018***

| | | | |
|---|---|---|---|
| *1* | *Sat 2 Sun* | *.........* | *Kakkanad: Syromalabar Synod* |
| *3* | *Mon* | *................* | *Visitors' Day* |
| *4* | *Tue 5 Wed* | *.........* | *Kunnoth: Good Shepherd Major Seminary* |
| *6* | *Thu 7 Fri* | *..........* | *Out of Station* |
| *8* | *Sat* | *...................* | *Dwaraka : Blessing of SH Old Age Home* |

*9 Sun .................. Palemad: Pastoral Visit*

*10 Mon ................. Visitors' Day*

*11 Tue .................. Engaged*

*12 Wed ................. Visitors' Day*

*13 Thu ................. Engaged*

*14 Fri 15 Sat ......... Kakkanad: Mount St. Thomas*

*16 Sun 21 Fri ........ Priests' Annual Retreat I$^{st}$ Batch*

*23 Sun 28 Fri ........ Priests' Annual Retreat 2$^{nd}$ Batch*

*29 Sat ................ Nadavayal: Ozanam Bhavan*

*30 Sun ................. Engaged*